Kerala State
# Human Rights Commission Bulletin

കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ വാർത്താപത്രിക

Vol.2
Issue.23
July -Sept 2014

## മനുഷ്യാവകാശദിന
## പ്രത്യേക പതിപ്പ്



Message

# Concept of Euthanasia

Justice J.B. Koshy



"Concept of Euthanasia", in common parlance, it is called "mercy killing" or "ദയാവധം". There are many terminally ill persons who are mentally lost all their hopes and undergoing severe pain physically or totally bedridden fully paralysed in a vegetable stage. Whether life of such terminally ill persons shall be allowed to end is the question. There are two different situations. One, by injecting a lethal medicine, killing the patient. That is at the request of the patient or close relatives. According to me, in no cicumstances, this can be allowed.

Right to life is guaranteed by the Constitution of India. No law allowing killing by doctor on the ground that a peson is terminally ill and right of survival is ruled out. Life is given by God. We are all born to the world not as wished by us. Apart from the religious concept and moral concept, we have no right to take away the God's great gift, that is "life". A doctor who injects lethal medicine or administer medicine for quiet death of a patient is actually committing murder punishable under Penal Code for violation or Article 21 of the Constitution. In fact, this will give room for various mal-practices also. It may even give chance of dishonest pesons in collusion with the doctor to kill their parents to acquire wealth etc. In modern world, whether family relationship and real love are disintegrating, if active mercy killing is allowed, that will go against the moral and legal principles we have followed and respected hitherto. Allowing active killing is equivalent to actually declaring murder as legal. In Indian Penal Code, section 299 defines 'Culpable homicide' and section 300 defines 'murder'. If a doctor or any authorized person by injecting lethal weapon or administering some poisonous substance or by methods intentionally to kill a person on the ground that he is terminally ill and is suffering from incurable diseases which are causing unbearable pain is clear case of murder as defined under section 300 of IPc. It is coming under the first part. It says to except in the case hereafter accepted culpable homicide is murder if the act by which death is caused is done with the intention of causing death. So, a doctor killing the patient, for whatever may be the reason, he is doing the same with the intention of causing death. There is only one exception provided in the section, that is Exception 5 which says that culpable homicide is not murder when the person whose death is caused, being above the age of 18 years suffers death or taken the risk of his own consent. With regard to this consensus death also, court has imposed very strict parameters. The consent has given by a person above 18 years of age. It is also held that such consent is not obtained by fraud or deceit of by intimidation. Such consent is given with free will. In 90% of the cases came up before the Courts in India, the courts declined to give the benefit of the Excetion as consent by free will was not proved. In Kerala High Court, only in one case, this Exception



was used to reduce life sentense of an young man who was convicted under section 302 and sentenced to life imprisonment to an imprisonment for five years under section 304 as culpable homicide not amounting to murder. So, intentional killing, even if it is with free consent and because of the dire needs, is culpable homicide, punishable under section 304 IPC, if not murder, and, according to me, taking away of life of a person by artificial means is cruel against the nature and against the moral principle, against law and against the fundamental rights enshrined in Article 21 of the Constitution and cannot be adopted.

Second aspect is passive mercy death. It is entirely a different aspect. Passive euthanasia means with the consent from the patient or relative to withdraw the life support system of a person being kept alive with the help of . It cannot be stated that, that is illegal. In fact, many poor persons in India die because of non-availability of treatment. There is no compulsion that a person who is terminally ill and sufferd almost brain death or slipped into a vegetative stage, the doctor should keep him with the help of life support. There is no law to my knowledge that lives of such persons should be continued by using ventilators or other means. In fact, it is very expensive and most of the people cannot also afford to that and no purpose is also served. That is a natural death instead of prolonging the life against law of nature. That is different from killing a person. I am of the opinion that mercy killing by active participation of the doctor or medicine cannot be allowed even if the patient has become completely paralysed and is in a vegetable stage or is having unbearable pain. Let him have a natural death. That is the nature's law.

Kerala State Human Rights Commission Bulletin

Hon'ble Chairperson
**Justice J.B Koshy**

Hon'ble Member
**Sri. R. Natarajan**

Secretary
**Sri. C.K.Padmakaran**

Registrar
**Smt. R. Bhageerathi Devi**

Administrative Officer
**Sri. C.G. Pradeep Kumar**
Finance Officer
**Sri. Samson John**

Vol.2 Issue :23
July 2014 - Sept 2014

Chief Editor
**C.K.Padmakaran**
Secretary, KSHRC

Editor
**P.M. Binukumar**
Public Relations Officer

Editorial Board

**G. Satheesh Kumar**
Court Officer

**G. Gopikrishnan**
Court Officer

Printed and published by
C.K.Padmakaran, Secretary,
KSHRC on behalf of KSHRC
printed at
C-APT, Trivandrum
(For private circulation only)

Postal Address
KSHRC, Turbo plus Tower,
PMG Junction
Thiruvananthapuram 33
Tel: 0471 2307263
Fax: 0471 2307490
hrckeralatvm@gmail.com
www.kshrc.kerala.gov.in

ലേഖനങ്ങളുടെ ഉത്തരവാദിത്വം
ലേഖകർക്കാണ്.

# സാർവ്വലൗകിക മനുഷ്യാവകാശ പ്രഖ്യാപനം

**സാർവ്വലൗകിക മനുഷ്യാവകാശ പ്രഖ്യാപനം ഐക്യരാഷ്ട്രസംഘടനയുടെ പൊതുസഭ സ്വീകരിച്ച് വിളംബരപ്പെടുത്തിയത് 1948 ഡിസംബർ 10-നാണ്, ലോക മനുഷ്യാവകാശദിനത്തിൽ...**

ഐക്യരാഷ്ട്രസഭയുടെ പൊതുസഭ 1948 ഡിസംബർ 10-ന് 217 എ (iii)-ാം പ്രമേയത്തിലൂടെ സ്വീകരിച്ചു വിളംബരപ്പെടുത്തിയതാണ് സാർവ്വലൗകിക മനുഷ്യാവകാശ പ്രഖ്യാപനം. ചരിത്രപ്രധാനമായ ഈ പ്രവൃത്തിക്ക് ശേഷം പൊതുസഭ എല്ലാ അംഗരാജ്യങ്ങളോടും പ്രഖ്യാപനത്തിന്റെ പകർപ്പ് പ്രസിദ്ധപ്പെടുത്താൻ ആവശ്യപ്പെട്ടു. അത് രാജ്യങ്ങളുടെയോ പ്രദേശങ്ങളുടെയോ രാഷ്ട്രീയമായ സ്ഥിതിഗതിക്കനുസരിച്ച് ഉള്ള വ്യത്യാസം കൂടാതെ പ്രസരണം ചെയ്യപ്പെടുന്നതിനും വായിക്കപ്പെടുന്നതിനും വ്യാഖ്യാനിക്കപ്പെടുന്നതിനും നിർദ്ദേശിച്ചു. പ്രത്യേകിച്ച് സ്കൂളുകളിലും മറ്റ് വിദ്യാഭ്യാസസ്ഥാപനങ്ങളിലും ഇതിന് അവസരം ഉണ്ടാക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുകയുമുണ്ടായി.

ആമുഖം : മനുഷ്യകുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും ജന്മസിദ്ധമായ അന്തസ്സിന്റെയും തുല്യവും അന്യാധീനപ്പെടുത്താനാവാത്തതുമായ അവകാശങ്ങളുടെയും സ്വാതന്ത്ര്യത്തിന്റെയും നീതിയുടെയും ലോകസമാധാനത്തിന്റെയും അടിസ്ഥാനമായതിനാലും;

മനുഷ്യാവകാശങ്ങളുടെ നേർക്കുള്ള അനാദരവും അവഗണനയും മനുഷ്യവർഗ്ഗത്തിന്റെ മനസ്സാക്ഷിയെ ഞെട്ടിക്കുന്ന തരത്തിലുള്ള കിരാതപ്രവൃത്തികളിലേക്ക് നയിച്ചിട്ടുള്ളതിനാലും അഭിപ്രായസ്വാതന്ത്ര്യത്തിനും വിശ്വാസത്തിനും ഉള്ള സ്വാതന്ത്ര്യവും ഭീതിയിൽ നിന്നും ഇല്ലായ്മയിൽ നിന്നും മോചനവും ഉള്ള ഒരു ലോകത്തിന്റെ ഉദയം സാധാരണ മനുഷ്യന്റെ ഏറ്റവും വലിയ ആഗ്രഹമായി പ്രഖ്യാപിച്ചിട്ടുള്ളതിനാലും;

സ്വേച്ഛാധിപത്യത്തിനും പീഡനത്തിനുമെതിരെയുള്ള അവസാനശ്രമമെന്ന നിലയിൽ വിപ്ളവത്തിലേക്ക് മനുഷ്യനെ തള്ളിവിടാതെയിരിക്കണമെങ്കിൽ നിയമവാഴ്ചയിലൂടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടത് അത്യന്താപേക്ഷിതമായിരിക്കുന്നതിനാലും;



രാജ്യങ്ങൾ തമ്മിലുള്ള സുഹൃത്ബന്ധവികസനം പ്രോത്സാഹിപ്പിക്കേണ്ടത് അത്യാവശ്യമായിരിക്കുന്നതിനാലും; ഐക്യരാഷ്ട്രങ്ങളിലെ ജനങ്ങൾ മൗലിക മനുഷ്യാവകാശങ്ങളിലും മനുഷ്യരിലെ അന്തസ്സിലും മൂല്യത്തിലും പുരുഷന്റെയും സ്ത്രീയുടെയും തുല്യാവകാശങ്ങളിലും ചാർട്ടറിലൂടെ അവരുടെ വിശ്വാസം ആവർത്തിച്ചു സ്ഥിതീകരിച്ചിട്ടുള്ളതിനാലും വിശാലമായ സ്വാതന്ത്ര്യത്തിലൂടെ സാമൂഹ്യ ഉന്നമനവും ഉയർന്ന ജീവിതനിലവാരവും അഭിവൃദ്ധിപ്പെടുത്തുന്നതിനും നിശ്ചയിച്ചിട്ടുള്ളതിനാലും; മനുഷ്യാവകാശവും മൗലിക സ്വാതന്ത്ര്യവും നിലനിറുത്തുന്നതിന് വേണ്ടി സാർവലൗകികമായ ആദരവ് നേടിയെടുക്കുന്നതിന് ഐക്യരാഷ്ട്രസഭയുമായി സഹകരിച്ച് പ്രവൃത്തിക്കുമെന്ന് അംഗരാഷ്ട്രങ്ങൾ പ്രതിജ്ഞ എടുത്തിട്ടുള്ളതിനാലും; ഈ പ്രതിജ്ഞ പൂർണമായി നിറവേറ്റുന്നതിന് പൗരാവകാശങ്ങളേയും സ്വാതന്ത്ര്യങ്ങളേയും കുറിച്ച് പൊതുവായ ഒരുധാരണ ഉണ്ടായിരിക്കേണ്ടത് ഏറ്റവും പ്രധാനമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ...

പൊതുസഭ വിളംബരപ്പെടുത്തുന്നു;

എല്ലാ ജനങ്ങളുടെയും എല്ലാ രാഷ്ട്രങ്ങളുടെയും പൊതുവായി ആർജിച്ച വ്യവസ്ഥയായി ഈ സാർവലൗകിക മനുഷ്യാവകാശപ്രഖ്യാപനത്തെ വിളംബരപ്പെടുത്തുന്നു. ഈ പ്രഖ്യാപനത്തെ എപ്പോഴും മനസ്സിൽ സൂക്ഷിച്ചുകൊണ്ട് എല്ലാ വ്യക്തികളും സമൂഹത്തിലെ എല്ലാവിഭാഗങ്ങളും അധ്യാപനത്തിലൂടെയും വിദ്യാഭ്യാസത്തിലൂടെയും ഈ അവകാശങ്ങളെയും സ്വാതന്ത്ര്യങ്ങളെയും സംബന്ധിച്ച് ആദരവ് നേടിയെടുക്കുന്നതിന് പ്രയത്നിക്കേണ്ടതും ദേശീയവും അന്തർദേശീയവുമായ പുരോഗമനപ്രവൃത്തികളിലൂടെ അംഗരാഷ്ട്രങ്ങളിലെ ജനങ്ങൾക്കിടയിലും അവരുടെ അധികാരപരിധിയിൽ വരുന്ന പ്രദേശങ്ങളിലെ ജനങ്ങൾക്കിടയിലും സാർവലൗകികവും ഫലപ്രദവുമായ അംഗീകാരവും ആചാരവും നേടി എടുക്കുന്നതിനായി പ്രവർത്തിക്കേണ്ടതുണ്ട്.

**അനുച്ഛേദം 1**

എല്ലാ മനുഷ്യരും അന്തസ്സിലും അവകാശങ്ങളിലും തുല്യമായാണ് ജനിക്കുന്നത്. അവരിൽ വിവേചനശക്തി, സദ് വിചാരശക്തി എന്നിവ നൽകപ്പെടുകയും അവർ പരസ്പരം സാഹോദര്യഭാവത്തോടെ പെരുമാറേണ്ടതുമാണ്.

**അനുച്ഛേദം 2**

വർഗം, നിറം, ആണോ പെണ്ണോ എന്നത്, ഭാഷ, മതം, രാഷ്ട്രീയമോ അല്ലാത്തതോ ആയ അഭിപ്രായം,

ദേശീയമോ സാമൂഹികമോ ആയ ഉൽപ്പത്തി സ്ഥാനം, സ്വത്ത്, ജനനം അല്ലെങ്കിൽ മറ്റ് പദവി തുടങ്ങിയ യാതൊരുവിധ വ്യത്യാസവും കൂടാതെ എല്ലാവർക്കും ഈ പ്രഖ്യാപനത്തിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ അവകാശങ്ങൾക്കും സ്വാതന്ത്ര്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതാണ്. കൂടാതെ, ഒരു വ്യക്തിയോട്, അയാൾ അംഗമായിരിക്കുന്ന രാഷ്ട്രത്തിന്റെയോ പ്രദേശത്തിന്റെയോ അത് സ്വതന്ത്രമോ, ട്രസ്റ്റോ സ്വയംഭരണാവകാശം ഇല്ലാത്തതോ പരമാധികാരം മറ്റേതെങ്കിലും നിയന്ത്രണങ്ങൾക്ക് വിധേയമായതോ ആയിക്കൊള്ളട്ടെ. രാഷ്ട്രീയമോ അധികാരപരിധി സംബന്ധമായതോ അല്ലെങ്കിൽ അന്തർദേശീയ നിലവാരത്തിന്റെയോ അടിസ്ഥാനത്തിൽ യാതൊരു വിവേചനവും കാണിക്കാൻ പാടുള്ളതല്ല.

**അനുച്ഛേദം 3**

എല്ലാവർക്കും ജീവിക്കാനും വ്യക്തിസ്വാതന്ത്ര്യത്തിനും സുരക്ഷയ്ക്കും അവകാശം ഉണ്ടായിരിക്കുന്നതാണ്.

**അനുച്ഛേദം 4**

യാതൊരാളെയും അടിമത്തത്തിനും നിർബന്ധിതസേവനത്തിനും വിധേയാക്കാൻ പാടുള്ളതല്ല. അടിമത്തവും അടിമവ്യാപാരവും അവയുടെ എല്ലാ രൂപത്തിലും നിരോധിക്കേണ്ടതാണ്.

**അനുച്ഛേദം 5**

യാതൊരാളെയും മർദ്ദനത്തിനോ അല്ലെങ്കിൽ ക്രൂരവും മനുഷ്യത്വരഹിതവും അപമാനകരവുമായ പെരുമാറ്റത്തിനോ ശിക്ഷക്കോ വിധേയനാക്കാൻ പാടുള്ളതല്ല.

**അനുച്ഛേദം 6**

നിയമത്തിന്റെ മുമ്പാകെ ഒരു വ്യക്തിയായി അംഗീകാരം ലഭിക്കാനുള്ള അവകാശം എല്ലാവർക്കുമുണ്ട്.

**അനുച്ഛേദം 7**

നിയമത്തിന്റെ മുമ്പാകെ എല്ലാവരും തുല്യരും യാതൊരു വിവേചനവും കൂടാതെ തുല്യമായ നിയമസംരക്ഷണം ലഭിക്കാൻ അർഹതയുള്ളവരുമായിരിക്കുന്നതാണ്.

**അനുച്ഛേദം 8**

ഭരണഘടനമുഖേനയോ അല്ലെങ്കിൽ നിയമപ്രകാരമോ ലഭ്യമായിട്ടുള്ള മൗലികാവകാശങ്ങളുടെ ലംഘനത്തിന്മേൽ ക്ഷമതയുള്ള ദേശീയ ട്രിബ്യൂണലുകൾ മുഖേനയുള്ള ഫലപ്രദമായ പരിഹാരത്തിന് ഏതൊരാൾക്കും അർഹത ഉണ്ടായിരിക്കുന്നതാണ്.

**അനുച്ഛേദം 9**

യാതൊരാളെയും സ്വേച്ഛാപരമായ അറസ്റ്റിനോ തടഞ്ഞുവെക്കലിനോ അല്ലെങ്കിൽ നാടുകടത്തലിനോ വിധേയമാക്കാൻ പാടുള്ളതല്ല.

**അനുച്ഛേദം 10**

ഏതൊരാൾക്കും അയാളുടെ അവകാശങ്ങളും കടമകളും അല്ലെങ്കിൽ അയാൾക്ക് എതിരെയുള്ള ഏതെങ്കിലും ക്രിമിനൽ കുറ്റപത്രവും തീരുമാനിക്കുന്നതിന് സ്വതന്ത്രവും നിഷ്പക്ഷവുമായ ഒരു ട്രിബ്യൂണലിന്റെ നീതിപൂർവ്വമായ പൊതുഹിയറിങ്ങിന് എല്ലാ വിധത്തിലും തുല്യമായ അർഹത ഉണ്ടായിരിക്കുന്നതാണ്.

**അനുച്ഛേദം 11**

1. ശിക്ഷാർഹമായ ഒരു കുറ്റത്തിന് ചാർജ് ചെയ്യപ്പെട്ട ഏതൊരാളും അയാൾക്ക് അയാളുടെ പ്രതിവാദത്തിന് ആവശ്യമായ എല്ലാ ഉറപ്പുകളും നൽകിയിട്ടുള്ള ഒരു പൊതുവായ വിചാരണയിലൂടെ നിയമാനുസരണം അയാൾ കുറ്റക്കാരനാണെന്ന് തെളിയിക്കപ്പെടുന്നതുവരെ നിർദോഷിയാണെന്ന് കരുതപ്പെടുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

യാതൊരാളും ഒരു പ്രവൃത്തി ചെയ്തുകൊണ്ടോ ചെയ്യാതിരുന്നുകൊണ്ടോ ശിക്ഷാർഹമായ ഒരു കുറ്റം അത് ചെയ്ത സമയത്ത് ദേശീയമോ അന്തർദേശീയമോ ആയ നിയമപ്രകാരം ഒരു ശിക്ഷാർഹമായ കുറ്റം അല്ലാതിരിക്കുകയാണെങ്കിൽ കുറ്റക്കാരനായി കണക്കാക്കപ്പെടുന്നതല്ല.

**അനുച്ഛേദം 12**

യാതൊരാളെയും അയാളുടെ സ്വകാര്യതയിലേക്കോ, കുടുംബത്തിലേക്കോ ഭവനത്തിലേക്കോ അഥവാ കത്തിടപാടുകളിലേക്കോ സ്വേച്ഛാപരമായ ഇടപെടലുകൾക്ക് വിധേയനാക്കാനോ അയാളുടെ സൽപ്പേരിന്മേലോ മതിപ്പിന്മേലോ ആക്രമണം നടത്തുവാനോ പാടുള്ളതല്ല. അപ്രകാരമുള്ള ഇടപെടലുകൾക്കും അക്രമങ്ങൾക്കും എതിരെ നിയമത്തിന്റെ പരിരക്ഷ ലഭിക്കാൻ ഏതൊരാൾക്കും അവകാശമുണ്ട്.



**അനുച്ഛേദം 13**

1. ഏതൊരാൾക്കും അയാളുടെ രാജ്യത്തിന്റെ അതിർത്തിക്കുള്ളിൽ സഞ്ചരിക്കാനും താമസിക്കാനും അവകാശമുണ്ട്.

2. ഏതൊരാൾക്കും സ്വന്തം രാജ്യത്തു നിന്നുൾപ്പെടെ ഏതൊരു രാജ്യത്തു നിന്നും പുറത്തേക്ക് പോകാനും സ്വന്തം രാജ്യത്തിലേക്ക് മടങ്ങിപ്പോകാനും അവകാശമുണ്ട്.

**അനുച്ഛേദം 14**

1. ഏതൊരാൾക്കും പീഡനത്തിൽനിന്നും മറ്റ് രാജ്യങ്ങളിൽ അഭയം അഭ്യർത്ഥിക്കാനും അനുഭവിക്കാനും അവകാശമുണ്ടായിരിക്കും.

2. ഈ അവകാശത്തെ ഐക്യരാഷ്ട്രസംഘടനയുടെ ഉദ്ദേശങ്ങൾക്കും തത്വങ്ങൾക്കും വിപരീതമായ പ്രവൃത്തികളുടെയോ രാഷ്ട്രീയേതരമായ കുറ്റങ്ങളിൽനിന്നും ഉത്ഭവിക്കുന്ന യഥാർഥമായ ശിക്ഷാനടപടികളുടെയോ സംഗതിയിൽ ആശ്രയിക്കാൻ പാടുള്ളതല്ല.

**അനുച്ഛേദം 15**

1. ഏതൊരാൾക്കും ഒരു ദേശീയത്വത്തിന് അവകാശമുണ്ട്.

2. യാതൊരാളുടെയും ദേശീയത്വം സ്വേച്ഛാപരമായി നഷ്ടപ്പെടുത്തുകയോ അയാളുടെ ദേശീയത്വം മാറ്റുന്നതിനുള്ള അവകാശം നിഷേധിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

**അനുച്ഛേദം 16**

1. പ്രായപൂർത്തിയായ പുരുഷനും സ്ത്രീക്കും അവരുടെ വർഗം, ദേശീയത അല്ലെങ്കിൽ മതം ഇവ മൂലമുള്ള യാതൊരു പരിമിതിയും കൂടാതെ വിവാഹം കഴിക്കാനും കുടുംബം സ്ഥാപിക്കാനും അവകാശമുണ്ടായിരിക്കുന്നതാണ്.

2. വിവാഹം കഴിക്കാൻ ഉദ്ദേശിക്കുന്ന ഭർത്താവിന്റെയും ഭാര്യയുടെയും സ്വാതന്ത്ര്യവും പൂർണ്ണവുമായ സമ്മതത്തോടുകൂടി മാത്രമേ വിവാഹബന്ധത്തിൽ ഏർപ്പെടാൻ പാടുള്ളു.

3. കുടുംബം എന്നത് സമൂഹത്തിലെ സ്വാഭാവികവും അടിസ്ഥാനപരവുമായ സംഘം / യൂണിറ്റ് ആയിരിക്കുന്നതും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും സംരക്ഷണത്തിന് അർഹമായിരിക്കുന്നതുമാണ്.

**അനുച്ഛേദം 17**

1. ഏതൊരാൾക്കും തനിച്ചോ അതുപോലെതന്നെ മറ്റുള്ളവരുമായി ചേർന്നോ വസ്തുക്കൾ ആർജിക്കാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

2. യാതൊരാളുടെയും വസ്തുക്കൾ സ്വേച്ഛാപരമായി ഇല്ലാതാക്കാൻ പാടുള്ളതല്ല.

**അനുച്ഛേദം 18**

ഏതൊരാൾക്കും ചിന്തയ്ക്കും മനഃസാക്ഷിയ്ക്കും മതത്തിനുമുള്ള മതസ്വാതന്ത്ര്യത്തിന് അവകാശം ഉണ്ടായിരിക്കുന്നതാണ്. ഈ അവകാശത്തിൽ അയാളുടെ മതമോ വിശ്വാസമോ മാറുന്നതിനും അയാളുടെ മതമോ വിശ്വാസസിദ്ധാന്തമോ അധ്യാപനത്തിലൂടെയോ പ്രവൃത്തിയിലൂടെയോ ആരാധനയിലൂടെയോ പാലനത്തിലൂടെയോ ഏകനായോ മറ്റുള്ളവരുമായി ചേർന്നുള്ള സംഘമായോ പ്രദർശിപ്പിക്കുന്നതിനുള്ള സ്വാതന്ത്ര്യവും ഉൾക്കൊള്ളുന്നതാണ്.

**അനുച്ഛേദം 19**

ഏതൊരാൾക്കും അഭിപ്രായത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യത്തിനുള്ള അവകാശമുണ്ടായിരിക്കുന്നതാണ്. ഈ അവകാശത്തിൽ ബാഹ്യ ഇടപെടൽ കൂടാതെ അഭിപ്രായം വച്ചു പുലർത്താനും അതിർത്തികളെ അവഗണിച്ചുകൊണ്ട് ഏതൊരു മാധ്യമത്തിലൂടെയും അറിവും ആശയവും തേടാനും ആർജിക്കാനും നൽകാനും ഉള്ള സ്വാതന്ത്ര്യവും ഉൾക്കൊള്ളുന്നതാണ്.

**അനുച്ഛേദം 20**

1. ഏതൊരാൾക്കും സമാധാനപരമായി സമ്മേളിക്കുവാനും സംഘം ചേരാനും ഉള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

2. യാതൊരാളെയും ഒരു സമാജത്തിന്റെ ഭാഗമാകാൻ നിർബന്ധിക്കാൻ പാടുള്ളതല്ല.

**അനുച്ഛേദം 21**

1. ഏതൊരാൾക്കും നേരിട്ടോ അല്ലെങ്കിൽ സ്വാതന്ത്ര്യമായി തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ വഴിയോ അയാളുടെ രാഷ്ട്രത്തിന്റെ ഭരണത്തിൽ പങ്കാളിയാകാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

2. ഏതൊരാൾക്കും അയാളുടെ രാഷ്ട്രത്തിന്റെ പബ്ളിക് സർവീസിൽ പ്രവേശനതുല്യതയ്ക്കുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

3. സർക്കാരിന്റെ ആധികാരികതയുടെ അടിസ്ഥാനം ജനങ്ങളുടെ ഇച്ഛ ആയിരിക്കേണ്ടതാണ്; ഈ ഇച്ഛ സാർവത്രികമായ തുല്യവോട്ടവകാശത്തോടുകൂടി നടത്തുന്ന രഹസ്യവോട്ടെടുപ്പിലൂടെയോ അല്ലെങ്കിൽ തത്തുല്യമായ സ്വതന്ത്രമായ വോട്ടിംഗ് നടപടിക്രമങ്ങളിലൂടെയോ കാലാകാലങ്ങളിൽ നടത്തുന്ന യഥാർത്ഥ തെരഞ്ഞെടുപ്പുകളിലൂടെ പ്രകടമാക്കേണ്ടതാണ്.

**അനുച്ഛേദം 22**

ഏതൊരാൾക്കും സമൂഹത്തിലെ ഒരു അംഗമെന്ന നിലയിൽ സാമൂഹികസുരക്ഷയ്ക്ക് അവകാശമുണ്ടായിരിക്കുന്നതും അയാളുടെ അന്തസ്സിനും സ്വതന്ത്രമായ വ്യക്തിത്വവികസനത്തിനും ഒഴിച്ചു കൂടാനാവാത്ത സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ അവകാശങ്ങൾ ദേശീയ ശ്രമത്തിലൂടെയും അന്തർദേശീയസഹകരണത്തിലൂടെയും രാഷ്ട്രത്തിന്റെ സംഘടനത്തിലൂടെയും വിഭവങ്ങളിലൂടെയും നേടിയെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതുമാണ്.

**അനുച്ഛേദം 23**

1. ഏതൊരാൾക്കും തൊഴിൽ ചെയ്യുന്നതിനും തൊഴിൽ സ്വതന്ത്രമായി തെരഞ്ഞെടുക്കുന്നതിനും ജോലി ചെയ്യുന്നതിനാവശ്യമായ നീതിയുക്തവും അനുകൂലവുമായ അവസരങ്ങൾക്കും തൊഴിലില്ലായ്മയ്ക്കെതിരെയുള്ള സംരക്ഷണത്തിനും അവകാശമുണ്ടായിരിക്കുന്നതാണ്.

2. ഏതൊരാൾക്കും യാതൊരു വിധമായ വിവേചനവും കൂടാതെ തുല്യജോലിക്ക് തുല്യവേതനത്തിന് അവകാശമുണ്ടായിരിക്കുന്നതാണ്.

3. തൊഴിലെടുക്കുന്ന ഏതൊരാളിനും അയാൾക്കും അയാളുടെ കുടുംബത്തിനും മനുഷ്യന്റെ അന്തസ്സിന് യോജിച്ച രീതിയിൽ കഴിഞ്ഞുകൂടാനാവശ്യമായ നീതിയുക്തവും അനുകൂലവുമായ വേതനത്തിനും ആവശ്യമെങ്കിൽ മറ്റ് വിധത്തിലുള്ള സാമൂഹികസുരക്ഷിത നടപടികൾ അനുബന്ധം ചെയ്യപ്പെടാനും അവകാശം ഉണ്ടായിരിക്കുന്നതാണ്.

4. ഏതൊരാൾക്കും തൊഴിലാളിയൂണിയനുകൾ രൂപീകരിക്കുവാനും അതിൽ അംഗമാകുവാനും അവകാശമുണ്ടായിരിക്കുന്നതാണ്.

**അനുച്ഛേദം 24**

ഏതൊരാൾക്കും ന്യായയുക്തമായ പരിമിതിയോടുകൂടിയ ജോലിസമയത്തിനും വേതനത്തോടുകൂടിയ കാലാകാലങ്ങളിലെ അവധിയും ഉൾപ്പെടെ വിശ്രമത്തിനും ഒഴിവിനും ഉള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

**അനുച്ഛേദം 25**

1. ഏതൊരാൾക്കും ആഹാരം, വസ്ത്രം, വാസസ്ഥലം, വൈദ്യസഹായം, ആവശ്യമായ സാമൂഹികസേവനം എന്നിവ ഉൾപ്പടെ അയ്യാളുടെയും അയാളുടെ കുടുംബത്തിന്റെയും ആരോഗ്യത്തിനും ക്ഷേമത്തിനും ആവശ്യമായ ജീവിത നിലവാരത്തിലേക്ക് അവകാശമുണ്ടായിരിക്കുന്നതാണ്. തൊഴിലില്ലായ്മ , രോഗം, അവശത, വൈധവ്യം, വാർധക്യകാല അല്ലെങ്കിൽ അയാളുടെ നിയന്ത്രണത്തിന് അതീതമായ സാഹചര്യങ്ങളിൽ ഉപജീവന മാർഗ്ഗം ഇല്ലാതിരിക്കുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ സുരക്ഷിതത്വത്തിനും അവകാശമുണ്ടായിരിക്കുന്നതാണ്.



2. മാതൃത്വവും ശൈശവവും ശ്രദ്ധക്കും സഹായത്തിനും അർഹതപ്പെട്ടിരിക്കുന്നു. എല്ലാ ശിശുക്കൾക്കും അവർ ജനിച്ചത് ദാമ്പത്യത്തിലൂടെ ആയാലും അല്ലെങ്കിലും ഒരേതരത്തിലുള്ള സാമൂഹികസംരക്ഷണം അനുഭവിക്കാൻ അർഹത ഉണ്ടായിരിക്കുന്നതാണ്.

**അനുച്ഛേദം 26**

1. ഏതൊരാൾക്കും വിദ്യാഭ്യാസത്തിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്. വിദ്യാഭ്യാസം കുറഞ്ഞത് പ്രാഥമികവും അടിസ്ഥാനപരവുമായ ഘട്ടങ്ങളിലെങ്കിലും സൗജന്യമായിരിക്കേണ്ടതാണ്. പ്രാഥമിക വിദ്യാഭ്യാസം നിർബന്ധിതമായിരിക്കേണ്ടതാണ്. സാങ്കേതികവും തൊഴിൽപരവുമായ വിദ്യാഭ്യാസം എല്ലാവർക്കും പൊതുവായി ലഭ്യമാക്കേണ്ടതും ഉന്നതവിദ്യാഭ്യാസം എല്ലാവർക്കും യോഗ്യതയുടെ അടിസ്ഥാനത്തിൽ ഒരേപോലെ പ്രാപ്യമാക്കേണ്ടതുമാണ്.

2. മനുഷ്യവ്യക്തിത്വത്തിന്റെ പൂർണ വികസനത്തിനും മനുഷ്യാവകാശങ്ങളോടും മൗലികസ്വാതന്ത്ര്യങ്ങളോടും ആദരം ശക്തിപ്പെടുത്തുന്നതിനും വേണ്ടി വിദ്യാഭ്യാസത്തെ നയിക്കേണ്ടതാണ്. അത് പരസ്പരധാരണയും എല്ലാ രാഷ്ട്രങ്ങളോടും വർഗപരവും മതപരവുമായ സംഘങ്ങളോടും സഹിഷ്ണുതയും സൗഹൃദവും അഭിവൃദ്ധിപ്പെടുത്തേണ്ടതും സമാധാനം കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി ഐക്യരാഷ്ട്രസഭയുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

3. മാതാപിതാക്കൾക്ക് അവരുടെ കുട്ടികൾക്ക് നൽകേണ്ട വിദ്യാഭ്യാസത്തിന്റെ രീതി തെരഞ്ഞെടുക്കുന്നതിന് പ്രഥമമായ അവകാശം ഉണ്ടായിരിക്കുന്നതാണ്.

**അനുച്ഛേദം 27**

1. ഏതൊരാൾക്കും സമുദായത്തിന്റെ സാംസ്കാരികജീവിതത്തിൽ സ്വതന്ത്രമായി പങ്കെടുക്കാനും കല ആസ്വദിക്കുന്നതിനും ശാസ്ത്രീയമായ ഉന്നമനത്തിനും അതിന്റെ ഗുണങ്ങളിലും പങ്കാളിയാകുവാനും അവകാശമുണ്ടായിരിക്കുന്നതാണ്.

2. ഏതൊരാൾക്കും അയാൾ കർത്താവായ ശാസ്ത്രീയമോ സാഹിത്യമോ കലാപരമോ ആയ സൃഷ്ടിയുടെ ഫലമായി ഉണ്ടാകാവുന്ന ഗുണപരവും ഭൗതികവുമായ അവകാശത്തിന്റെ സംരക്ഷണത്തിന് അവകാശമുണ്ടായിരിക്കുന്നതാണ്.

**അനുച്ഛേദം 28**

ഈ പ്രഖ്യാപനത്തിൽ പ്രതിപാദിക്കുന്ന അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും പൂർണമായും അനുഭവവേദ്യമാക്കുന്ന ഒരു സാമൂഹികവും അന്തർദേശീയവുമായ വ്യവസ്ഥയ്ക്ക് ഏതൊരാളും അർഹനായിരിക്കുന്നതാണ്.

**അനുച്ഛേദം 29**

1. ഏതൊരാൾക്കും അയാളുടെ വ്യക്തിത്വം സ്വതന്ത്രമായും പൂർണമായും വികസനം സാധ്യമാക്കുന്ന സമൂഹത്തിനോട് കർത്തവ്യങ്ങളുണ്ട്.

2. ഏതൊരാളും അയാളുടെ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും വിനിയോഗിക്കുമ്പോൾ മറ്റുള്ളവരുടെ അവകാശങ്ങളോടും സ്വാതന്ത്ര്യങ്ങളോടും മതിയായ അംഗീകാരവും ബഹുമാനവും ഉറപ്പുവരുത്തുന്നതിനും ഒരു ജനാധിപത്യസമൂഹത്തിൽ അനുവർത്തിക്കേണ്ട സന്മാർഗികതക്കും ക്രമസമാധാനത്തിനും പൊതുനന്മയ്ക്കും ആവശ്യമായതും ആയ നിയമപ്രകാരം നിർണയിച്ചിട്ടുള്ള നിയന്ത്രണങ്ങൾക്ക് മാത്രം വിധേയനായിരിക്കുന്നതാണ്.

3. ഈ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും ഐക്യരാഷ്ട്രസഭയുടെ ഉദ്ദേശങ്ങൾക്കും തത്വങ്ങൾക്കും വിരുദ്ധമായി യാതൊരു കാരണവശാലും വിനിയോഗിക്കുവാൻ പാടുള്ളതല്ല.

**അനുച്ഛേദം 30**

ഈ പ്രഖ്യാപനത്തിലെ യാതൊന്നും തന്നെ ഏതെങ്കിലും രാഷ്ട്രത്തിനോ സംഘത്തിനോ അഥവാ വ്യക്തിക്കോ ഇതിൽ പ്രതിപാദിക്കുന്ന ഏതെങ്കിലും അവകാശത്തിനെയോ സ്വാതന്ത്ര്യത്തെയോ ഹനിക്കുന്ന തരത്തിൽ ഏതെങ്കിലും പ്രവർത്തനങ്ങളിൽ ഏർപ്പെടാവുന്നതരത്തിൽ വ്യാഖ്യാനിക്കാൻ പാടുള്ളതല്ല.

# വാർദ്ധക്യവും മനുഷ്യാവകാശങ്ങളും

**കെ. മധുസൂദനൻ നായർ**



**പ**ഴുത്ത പ്ലാവില വീഴുമ്പോൾ പച്ച പ്ലാവില ഒരു കുലുക്കവും കൂടാതെ താൻ പഴുത്തില്ല വീഴില്ല എന്ന ചിന്തയിൽ ഉറച്ച് നില്ക്കുന്നു. ഇന്നു ഞാൻ നാളെ നീ എന്നതു വിസ്മരിക്കപ്പെടുന്നു. മതാപിതാക്കളുടെ അനുഗ്രഹവും പ്രാർത്ഥനയും ഭാഗ്യവുമാണ് മക്കൾക്കു വന്നുചേരുന്ന സമ്പത്തും ജീവിതസൗഭാഗ്യങ്ങളും എന്ന് ഓരോ മനുഷ്യനും ചിന്തിച്ച് അതനുസരിച്ച്  കർമ്മം ചെയ്ത് ജീവിക്കുന്നതായാൽ ഇവിടെ വാർദ്ധക്യം ബാധിച്ചവർ മനുഷ്യാവകാശ ലംഘനങ്ങൾക്ക്  വിധേയരാകില്ല.

മനുഷ്യ ജീവിതത്തിന്റെ അന്തിമ കാലം  സമാധാനത്തോടുകൂടിയും സന്തോഷത്തോടുകൂടിയും ശാന്തിയോടുകൂടിയും തന്റെ മക്കളോടും മരുമക്കളോടും പേരക്കുട്ടികളോടും ഒപ്പം ജീവിക്കുന്നതിന് ഓരോ വൃദ്ധനും വൃദ്ധയും ആഗ്രഹിക്കുന്നു. സന്തോഷവും ശാന്തിയും സമാധാനവും സ്വസ്ഥതയും പരിചരണവും സ്നേഹവും വൃദ്ധമാതാപിതാക്കളുടെ അവകാശവും അവ നൽകേണ്ടത് സന്താനങ്ങളുടെ കടമയുമാണ്. ഒരു മനുഷ്യായുസ്സ് മുഴുവനും അഹോരാത്രം കഷ്ടപ്പെട്ടും ചെലവ് ചുരുക്കിയും ആർഭാടങ്ങളും നല്ല വസ്ത്രങ്ങളും നല്ല ആഹാരങ്ങളും ഒഴിവാക്കിയും കടംവാങ്ങിയും മിച്ചംവച്ചും സുഖജീവിതം ഒഴിവാക്കിയും സന്താനങ്ങളുടെ ഭാവിക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച മാതാപിതാക്കൾ വാർദ്ധക്യത്തിലെത്തുമ്പോൾ വൃദ്ധരായ മാതാപിതാക്കളെ അവർക്കുവേണ്ടതാവുന്നു. ആരോഗ്യപ്രവർത്തനരംഗത്തുള്ള ഊർജ്ജസ്വലതയും വൈദ്യശാസ്ത്രപുരോഗതിയും ജീവിതസൗകര്യങ്ങളും കാരണം വൃദ്ധജനങ്ങളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. കേരളത്തിന്റെ ആരോഗ്യരംഗത്തെ വളർച്ച കുഞ്ചൻനമ്പ്യാരുടെ കാലനില്ലാകാലത്തെ അനുസ്മരിപ്പിക്കുന്നതാണ്. വൃദ്ധജനങ്ങൾ അവരുടെ സ്വന്തം കുടുംബത്തിൽനിന്നും അകൽച്ച നേരിടേണ്ടി വരികയും അവഗണിക്കപ്പെടുകയും ദയനീയമായ ജീവിതം നയിച്ചു വരികയുമാണ്. കൂട്ടുകുടുംബ വ്യവസ്ഥ നിലനിന്നിരുന്ന കാലത്ത് വൃദ്ധജനങ്ങളെ ആദരിച്ചും ബഹുമാനിച്ചും അനുസരിച്ചും കഴിഞ്ഞിരുന്നു. എന്നാൽ അണുകുടുംബങ്ങളുടെ  ഇക്കാലത്ത് അവരെ ആരും അനുസരിക്കുകയോ പറയുന്നതു കേൾക്കാൻ കൂട്ടാക്കുകയോ ആദരിക്കുകയോ ബഹുമാനിക്കുകയോ ചെയ്യുന്നില്ല.

നമ്മുടെ സംസ്ഥാനത്ത് ഇന്നു വൃദ്ധസദനങ്ങളുടെ എണ്ണം പെരുകി വരികയാണ്. വൃദ്ധമന്ദിരങ്ങളിലാകട്ടെ അവരുടെ നാളിതുവരെയുള്ള വ്യർത്ഥമായ ജീവിതത്തെക്കുറിച്ചും മക്കളെക്കുറിച്ചുമുള്ള നെടുവീർപ്പുകൾ മാത്രം കേൾക്കാം.

ഒറ്റപ്പെടലിനും ചൂഷണത്തിനും മക്കളുടെ നെറികെട്ട പ്രവൃത്തികൾക്ക് എതിരെയും വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനുംവേണ്ടിയും നമ്മുടെ പാർലമെന്റ് മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ജീവനാംശത്തിനും ക്ഷേമത്തിനുമായുള്ള നിയമം "The maintanace and welfare of parents and Senior Citizens Act, 2007  പാസ്സാക്കുകയുണ്ടായി. ഈ നിയമത്താൽ മക്കളോ ബന്ധുക്കളോ മുതിർന്ന പൗരന്മാരെ സംരക്ഷിക്കാതിരുന്നാൽ ഇവർക്ക് ചെലവിനായി പരാതി നൽകാവുന്നതും സംരക്ഷണ ചെലവിനുമുള്ള മതിയായ തുക ഈടാക്കി നൽകുന്നതും വസ്തുവകകളുടെ പ്രമാണം നേടിയശേഷം അവരെ സംരക്ഷിക്കാതിരുന്നാൽ അങ്ങനെയുള്ള ആധാരംതന്നെ അസ്ഥിരപ്പെടുത്തുന്നതുമാണ്. മുതിർന്ന പൗരന്മാരെ ഉപേക്ഷിച്ചാൽ പിഴയും ശിക്ഷയും അനുഭവിക്കേണ്ടിവരുന്നു.

വാർദ്ധക്യം ബാധിക്കുമ്പോൾ ഓരോരുത്തരും അതിനെ അംഗീകരിക്കാൻ ധൈര്യപ്പെടണം. ശരീരത്തിൽ ജര ബാധിക്കുമ്പോൾ പരസ്യം കണ്ട് ഏതെങ്കിലും തരത്തിലുള്ള ക്രീമുകൾ പുരട്ടിയതുകൊണ്ട് വാർദ്ധക്യത്തെ മാറ്റിനിർത്താൻ കഴിയില്ല. വാർദ്ധക്യത്തിലേക്ക് തയ്യാറെടുക്കുന്നതിനുമുമ്പ് കൗമാരയൗവ്വനാവസ്ഥയിൽ വാർദ്ധക്യത്തെയും മരണത്തെയും കുറിച്ചും ഓരോരുത്തരും ബോധവാന്മാരായി അ



മക്കളോ ബന്ധുക്കളോ മുതിർന്ന പൗരന്മാരെ സംരക്ഷിക്കാതിരുന്നാൽ ഇവർക്ക് ചെലിവനായി പരാതി നൽകാവുന്നതും സംരക്ഷണ ചെലവിനുമുള്ള മതിയായ തുക ഈടാക്കി നൽകുന്നതും വസ്തുവകകളുടെ പ്രമാണം നേടിയശേഷം അവരെ സംരക്ഷിക്കാതിരുന്നാൽ അങ്ങനെയുള്ള ആധാരം തന്നെ അസ്ഥിരപ്പെടുത്തുന്നതുമാണ്.



ദ്ധ്യാത്മികജ്ഞാനം ആർജ്ജിച്ച് മനുഷ്യാവകാശ സംരക്ഷകരായി ജീവിക്കുകയാണ് വേണ്ടത്. "ക്ഷണഭംഗുരായുഷഃ ധർമ്മാർത്ഥ കാമമോക്ഷം." എന്നാലിന്ന് ധർമ്മവുമില്ല മോക്ഷവുമില്ല. അർത്ഥവും കാമവും മാത്രം ധർമ്മത്തെയും മോക്ഷത്തെയും ഉപേക്ഷിച്ചു ജീവിക്കുന്നു, "സത്യം വദ ധർമ്മം ചര." എന്നതിലൂടെ ധർമ്മത്തിൽ ചരിച്ച് അർത്ഥവും അതിലൂടെയുള്ള കാമവും അനുഭവിക്കുക. എന്നിട്ട് മോക്ഷത്തിലേക്ക് ശ്രമിക്കുക. മറ്റുള്ളവരുടെ കാര്യങ്ങൾ മാത്രം പറഞ്ഞും ചിന്തിച്ചും അവരുടെ പ്രശ്നങ്ങളിൽ ഇടപെട്ടും ജീവിക്കാതിരിക്കുക. ദേഹാസക്തിയും വിഷയാസക്തിയും സ്ത്രീയാസക്തിയും ഉള്ളവരിൽ ഈശ്വരചിന്ത വരുന്നില്ല. പണം പണം എന്നു ചിന്തിച്ച് ജീവിക്കുന്നവർക്ക് ജീവിതമില്ല. മനസിനെ ശരിയായ ദിശയിൽ കൊണ്ടുപോകുന്നതാണ് മോക്ഷം. മോഹം+ക്ഷയം = മോക്ഷം. ശരീരത്തെ താഴ്ത്തി മനസ്സിനെ ഉയർത്തുകയാണ് വേണ്ടത്. അതിലേക്ക് ആദ്ധ്യാത്മിക ജ്ഞാനം ആവശ്യമാണ്. ആസക്തിയിൽ നിന്നും വിരക്തിയിലേക്കുള്ളതാണ് ആധ്യാത്മികത. സത്വഗുണംകൊണ്ടാണ് മനുഷ്യന് സുഖം ലഭിക്കുന്നത്. അതിലേക്ക് ചിത്തത്തെ ശുദ്ധമാക്കണം. ദേഹത്തോട് ഭയം പാടില്ല. ഭക്തിയുടെ പേരിൽ ശരീരത്തെ ഒരു തരത്തിലും പീഡിപ്പിക്കാൻ പാടില്ല. പ്രതീക്ഷിക്കുന്നതല്ല കിട്ടുന്നത്. അർഹിക്കുന്നതാണ് കിട്ടുന്നത് എന്നുള്ള തിരിച്ചറിവ് നല്ല പ്രായത്തിൽ തന്നെ ബോധ്യപ്പെടേണ്ടതാണ്. എല്ലാ ചിന്തകളും പ്രവൃത്തികളും ആത്മശാന്തിക്കും ആത്മസുഖത്തിനും വേണ്ടി ആയിത്തീരണം. മിത്രങ്ങളെയും ശത്രുക്കളെയും ഒരു അകലത്തിൽ മാത്രമേ നിർത്താവൂ. മനുഷ്യൻ സ്ത്രീകളിൽ ചെന്നുപെട്ടാൽ അവന്റെ എല്ലാ ജ്ഞാനത്തിനും അറിവിനും വിദ്യാഭ്യാസത്തിനും മങ്ങലും നഷ്ടവും സംഭവിക്കുന്നു. നിശാക്ലബുകളും ബാറുകളും മറ്റും ഏതുതരത്തിലും ദോഷം തന്നെയാണ്. ഒരു മനുഷ്യനിൽ അസുരീയവും ദൈവീകവുമുണ്ട്. അസുരീയത്തെ മാറ്റി ദൈവീകമാക്കുന്നത് സ്വന്തം മനസ്സ് തന്നെയാണ്. മനസ്സ് ദൈവീകമാകുമ്പോൾ മനുഷ്യാവകാശ ധ്വംസനം ഉണ്ടാകില്ല.

മനുഷ്യരെയും പക്ഷി മൃഗാദികളെയും ഉപദ്രവിക്കാതിരിക്കുന്നതുകൊണ്ടു മാത്രം മനുഷ്യാവകാശം സംരക്ഷിക്കപ്പെടുന്നില്ല. ഭൂമി തുടങ്ങിയ പഞ്ചഭൂതങ്ങളെ ഒരു തരത്തിലും മലിനപ്പെടുത്തരുത്. ഭൂമിയെ, ആകാശത്തെ, ജലത്തെ, വായുവിനെ ഒരു തരത്തിലും മലിനപ്പെടുത്തരുത്.ഭൂമിയെയും മറ്റും നന്നാക്കുന്നതും നശിപ്പിക്കുന്നത് മനുഷ്യമനസ്സാണ്. മൃഗങ്ങളോ, ഉരഗങ്ങളോ, പറവകളോ ഭൂമിയെ നശിപ്പിക്കുന്നില്ല. ഭൂമിയെ ഏതു വിധേനയും നശിപ്പിക്കുന്നത് മനുഷ്യനാണ്. രണ്ടു വസ്ത്രമുള്ളവൻ ഒന്ന് അതില്ലാത്തവന് കൊടുക്കാനും ഭക്ഷണം വിശക്കുന്നവനുമായി പങ്കിടാനും ആരോടും ക്രൂരമായി പെരുമാറാതിരിക്കാനും കിട്ടുന്ന പ്രതിഫലം കൊണ്ട് തൃപ്തിയായി ജീവിക്കാനും കുഞ്ഞുങ്ങളെപ്പോലെ വിനീതരാകുന്നവരാണെന്നും തന്നെപ്പറ്റിതന്നെ വലിയവനാണെന്നും കരുതുന്നവന് ബഹുമാനത്തിനും അർഹതയില്ലായെന്നും തന്നെത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടുമെന്നുമുള്ള ബൈബിൾ വാക്യങ്ങൾ ജീവിതത്തിൽ പ്രായോഗികമാക്കേണ്ടതാണ്.

വർദ്ധിച്ച വിദ്യാഭ്യാസമുള്ളവരാണ് മന്ത്രിമാരും സെക്രട്ടറിമാരും ഉദ്യോഗസ്ഥന്മാരും. പക്ഷേ അവരിൽ അഴിമതി ഉണ്ടാകാതിരിക്കുന്നതിന് ആത്മീയ ജ്ഞാനം അത്യന്താപേക്ഷിതമാണ്. സർക്കാർ ജീവനമാണ് പ്രവൃത്തിയെങ്കിൽ അങ്ങനെയുള്ളവർക്ക് മനുഷ്യത്വവും കാരുണ്യവും ധർമ്മവും ഉണ്ടാകണം. ക്ഷമയും, ആർജ്ജവവും ദയയും, സത്യവും, സേവനവും അവരിൽ ഉണ്ടാകണം. എന്നാൽ ഇന്ന് സർക്കാർ ആഫീസുകളിൽ ചെല്ലുന്നവരെ ഭിക്ഷക്കാരായി ജീവനക്കാരും ഉദ്യോഗസ്ഥന്മാരും കാണുന്നു. പരാതിയുമായി പോലിസിൽ ചെല്ലുന്നവർ പ്രതിയാകുന്നു. അറിയുന്ന പരാതികൾ ബന്ധപ്പെട്ടവരെ അറിയിച്ചാൽ ഗുണ്ടകളുടെ കത്തിക്കിരയാകുന്നു. എല്ലാ ദ്രോഹവും സർക്കാർ സേവനകാലത്ത് ചെയ്തിട്ട് പെൻഷനാകുമ്പോൾ വ്യാജഭക്തരായി നടക്കുന്നതും ഇതുവരെ ഇല്ലാത്ത മനുഷ്യസ്നേഹം അഭിനയിക്കുന്നതും കാണാൻ കഴിയുന്നതാണ്. മാതാപിതാക്കൾക്കും സഹോദരങ്ങൾക്കും നൽകുന്ന ഒരു രൂപ, ഒരു മണി അരി, ഒരു ഗുളിക തുടങ്ങിയവയ്ക്കു കണക്കു പറയുന്നവരാകരുത് മനുഷ്യർ.

മനുഷ്യൻ ഭൗതികത്തിൽ ജനിക്കുന്നു, വിദ്യാഭ്യാസം ഭൗതികം. ആരാധനാലയങ്ങളിൽ പോകുന്നത് ആടയാഭരണങ്ങൾ ധരിച്ച് പ്രൗഢി കാണിക്കാൻ. അവിടങ്ങളിലെ ഓരോ നേർച്ചകളും അർച്ചനകളും പ്രവൃത്തികളും വെറും സാമ്പത്തികം.

ഓരോരുത്തരും ജന്മമെടുക്കുന്നത് ഓരോ നിയോഗത്തിനുവേണ്ടിയാണ്. ആർക്കും മറ്റുള്ളവരുടെ മനസ്സിനെ നന്നാക്കാൻ കഴിയില്ല. സ്വന്തം മനസിനെ മാത്രം നന്നാക്കാൻ ശ്രമിക്കുക.

മനുഷ്യൻ മരിക്കുന്നതുവരെയും കർമ്മം ചെയ്തുകൊണ്ടുതന്നെ ജീവിക്കുവാൻ ഇച്ഛിക്കണം. ഒരിക്കലും അലസനായിരിക്കരുത്. ഈശ്വരസൃഷ്ടിയിൽ



ചേതനങ്ങളും അചേതനങ്ങളുമായി എത്ര വസ്തുക്കളുണ്ടോ അവയെല്ലാം അതാതിന്റെ കർമ്മങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. ഗ്രഹങ്ങൾ സദാ കറങ്ങിക്കൊണ്ടിരിക്കുന്നു. പ്രാണികൾ സദാ പ്രയത്നിക്കുന്നു. മരങ്ങൾ വളർന്നുവർദ്ധിച്ച് ക്ഷയിച്ചു നശിക്കുന്നതും മനുഷ്യർക്കു പാഠമാകണം. ധർമ്മമനുഷ്ടിച്ചുകൊണ്ട് പ്രയത്നം ചെയ്യുന്നവരെ പ്രപഞ്ചകർത്താവ് സഹായിക്കുന്നു. എല്ലാത്തിനും പ്രാർത്ഥിച്ചുകൊണ്ട് എല്ലാം ഈശ്വരൻ ശരിയാക്കിത്തരുമെന്ന് പറഞ്ഞിരിക്കുന്നവർ മൂഢാത്മാക്കളാണ്. ആരോടും വൈരഭാവം കാണിക്കാതെ എല്ലാവരോടും എല്ലായ്പ്പോഴും പ്രീതിയോടെ പെരുമുറുകയും സത്യം പറയുകയും അസത്യം പറയാതിരിക്കുകയും മോഷ്ടിക്കാതിരിക്കുകയും വേണം. സുഖാസക്തനോ ദുരഭിമാനിയോ അഹങ്കാരിയോ ആകാതിരിക്കുക, മറ്റുള്ളവരുടെ കാര്യത്തിൽ അനാവശ്യമായി ഇടപെട്ട് പ്രശ്നം സൃഷ്ടിച്ച് ജന്മം തുലയ്ക്കരുത്. അങ്ങനെ ചെയ്യുന്നത് രോഗങ്ങൾക്ക് കാരണമാകുന്നു. മനഃസമാധാനം ഇല്ലാതാകുന്നു. മറ്റുള്ളവരുടെ ജീവിതത്തിൽ ഇടപെട്ട് സ്വയം അപമാനിതനാകരുത്. അങ്ങനെയുള്ളവർ തരം താഴ്ത്തപ്പെടും. മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ, ബന്ധുക്കൾ തുടങ്ങിയവരുടെ സംഗതികളിൽ വലിഞ്ഞുകയറിച്ചെന്ന് ഇടപെട്ട് അവനവന്റെ സ്വസ്ഥത നശിപ്പിക്കാൻ പാടില്ല. മനുഷ്യജന്മം ദുർല്ലഭമാണ്. അതായത് ആരോഗ്യം,സൗന്ദര്യം,സമ്പത്ത്,പദവി ബന്ധുജനങ്ങൾ ഇവയൊക്കെ ശാശ്വതമല്ലായെന്നും ഇതെല്ലാം നമ്മെ വിട്ടുപോകുന്നതാണെന്നും അറിഞ്ഞ് ധർമ്മത്തെ കൗമാരദശയിൽ തന്നെ മുറുകെ പിടിക്കണം.

അകലെയാണ് എന്നുകരുതുന്ന മരണം ക്ഷണം സംഭവിക്കുന്നതാണെന്ന് നാം ഓരോരുത്തരും മനസിലാക്കണം. ഒരു ദിവസം നാം ഓരോരുത്തരും മരിക്കുക തന്നെ ചെയ്യും. മരിക്കുമ്പോൾ ബന്ധുമിത്രാദികൾ ചുറ്റും കൂടും. ചിലർ ആർത്തുവിളിച്ചു കരയും. ഭൗതികമായ ഒന്നും കൊണ്ടുപോകാനാവാതെ ജീവൻ പോകുന്നു. ശരീരം ശവമായി മാറുന്നു. ചെയ്തിട്ടുള്ള ദാനധർമ്മങ്ങളും ഗുണകരമായ വിജ്ഞാനവും മാത്രം കൊണ്ടുപോകുന്നു. ചെയ്തുകൂട്ടിയ പാപകർമ്മങ്ങളും കൊണ്ടുപോകുന്നു. മരിച്ചവരെക്കുറിച്ച് മക്കളും ഭാര്യയും ബന്ധുക്കളും മിത്രങ്ങളും ഓർക്കുക കൂടി ഇല്ല. ഭാര്യയും മക്കളും അവകാശികളും ബാക്കിനില്പ്പുണ്ടായിരുന്നു. സ്വത്തുക്കൾ പങ്കിട്ടെടുക്കുന്നു. നിനച്ചിരിക്കാതെ മരണം ആസന്നമാകുന്നു. ഏതു സമയത്തും എവിടെ വച്ചും ഏതു രൂപത്തിലും മരണം കടന്നുവരുന്നു. ഏതുസമയത്തും മരണസ്മരണ ഉണ്ടാകുന്ന ഒരാൾ സത്യവും ധർമ്മവും ന്യായവും അനുസരിച്ച് പാപകർമ്മങ്ങൾ ചെയ്യാതെ ദാനധർമ്മാദികൾ ചെയ്തു തന്നെ ജീവിക്കും. അധികാരങ്ങൾക്കും പ്രതാപങ്ങൾക്കും മരണത്തെ തടയാനാവില്ല. ധനവാനും ദരിദ്രനും ഒരുനാൾ മരണത്തിന്റെ കരങ്ങളിൽ അമരും. നശ്വരമായ ഈ ജീവിത സുഖങ്ങൾ വെറും മായയാണ് എന്ന തിരിച്ചറിവ് അത്യന്താപേക്ഷിതമാണ്. ഭൗതിക സുഖങ്ങൾ ആർജ്ജിക്കൽ വെറും പ്രദർശനവും പരസ്യവും വീമ്പുപറച്ചിലുമാണ്. ആയുസിനേക്കാൾ വലുതാണ് ഒടുങ്ങാത്ത ആഗ്രഹങ്ങളും ആർത്തിയും. മരണം അടുത്തുവരുന്നുണ്ട്. എന്ന ചിന്തയും മാറാരോഗങ്ങളും മനുഷ്യനെ നല്ലവനാക്കുന്നു. മരണം കൊതിക്കുന്നതും ജീവിതം അവസാനിപ്പിക്കുന്നതും വിലക്കപ്പെട്ട പ്രവൃത്തിയാണ്. ഭൂമിയിൽ ജനിച്ചുനിൽക്കുമ്പോഴും മരിച്ചു പോകുമ്പോഴും ആരും കൂട്ടിനില്ല. ധർമ്മവും പാപപുണ്യങ്ങളും മാത്രം കൊണ്ടുപോകുന്നു. ജനിച്ച ശേഷമാണ് മാതാപിതാക്കൾ, സഹോദരീസഹോദരന്മാർ, ഭാര്യ, പുത്രാദികൾ, ബന്ധുക്കൾ,സുഹൃത്തുക്കൾ ഉണ്ടാകുന്നത്. അല്പ കാലത്തേക്ക് മാത്രം കൂട്ടുകിട്ടുന്ന അവരോട് സ്നേഹത്തോടും ബഹുമാനത്തോടും കൂടി ജീവിക്കണം. ഭാഗവതത്തിലെ പരീക്ഷിത്തിന്റെ കഥ ഏതു ഭദ്രമായ സ്ഥാനത്തിരുന്നാലും മരണം അപഹരിക്കുകതന്നെ ചെയ്യുമെന്ന് ഉദ്ഘോഷിക്കുന്നു.മരണത്തിൽ നിന്നും ആർക്കും ഓടിയൊളിക്കാനും കഴിയില്ല. ആഗ്രഹങ്ങൾ പൂർത്തീകരിച്ച് കടമകൾ തീർത്ത് സ്വപ്നങ്ങൾ പൂർത്തീകരിച്ച് മരിക്കാൻ കഴിയില്ല. കാരണം ആഗ്രഹങ്ങളും അഭിലാഷങ്ങളും ജീവിക്കാനുള്ള കൊതിയും അവസാനിക്കുന്നില്ല. അതിനാൽ ആഗ്രഹങ്ങൾ അവസാനിപ്പിച്ച് സത്യധർമ്മ ന്യായത്തിലൂടെ അന്യചിന്ത ഉപേക്ഷിച്ചത് മരണം ഒരു അനുഗ്രഹമാണെന്നു കണ്ട് ജീവിക്കണം. ഞാൻ മരിച്ചാൽ ഒന്നും പുതുതായി സംഭവിക്കില്ല എന്നു മനസ്സിലാക്കണം... ദാനധർമ്മാദികൾ ചെയ്തും ഈശ്വരചിന്തയിൽ മുഴുകിയും മനഃശുദ്ധിയോടും ശരീരശുദ്ധിയോടും കൂടി പരാതികൾ ഒഴിവാക്കിയും ജീവിച്ചാൽ വാർദ്ധക്യം സുഖസമൃദ്ധമായി തീരുന്നതാണ്. മേല്പറഞ്ഞ ചിന്തകൾ പ്രവൃത്തിയിലുണ്ടാകുന്നതിലൂടെ വാർദ്ധക്യ സംരക്ഷണവും മനുഷ്യാവകാശ സംരക്ഷണവും സാധിതപ്രായമാകുന്നു. ആധ്യാത്മിക ഉയർച്ച നേടുന്ന ഏതൊരു വ്യക്തിയും സ്വയം മനുഷ്യാവകാശ സംരക്ഷകനായി മാറുന്നു.

"അഭിവാദനശീലസ്യ
നിത്യം വൃദ്ധോപസേവിനഃ
ചത്വാരി തസ്യ വർദ്ധന്തേ
ആയുർവിദ്യായശോബലം" എന്നാൽ വിനയമുള്ള പെരുമാറ്റം വിദ്യാവൃദ്ധന്മാരെ ശുശ്രൂഷിക്കുക എന്നീ സ്വഭാവങ്ങളുള്ളവന് ആയുസ്, വിദ്യ, കീർത്തി, ബലം എന്നീ നാലും സദാ വർദ്ധിച്ചുകൊണ്ടിരിക്കും. അല്ലാത്തത് അവനാലും വർദ്ധിക്കുകയില്ല എന്ന മനുസ്മൃതി പറയുന്നു.

*(ലേഖകൻ നിയമവകുപ്പിൽ സ്പെഷ്യൽ സെക്രട്ടറിയും മുഖ്യ സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷണറുമാണ്)*

# കമ്മീഷൻ ഉത്തരവ്

**ഹാജർ : ജസ്റ്റിസ് ജെ.ബി. കോശി
ബഹു. ചെയർപേഴ്സൺ**

**2014 നവംബർ 4-ാംതീയതി
തീർപ്പ്**

**തെ**രുവുനായ്ക്കളുടെ എണ്ണം വളരെയധികം വർദ്ധിക്കുകയും തെരുവുനായ്ക്കളുടെ കടിയേറ്റ് നൂറുകണക്കിനാളുകൾ ആശുപത്രിയിൽ അഭയം പ്രാപിക്കേണ്ടിവരുകയും ചെയ്യുന്നതിനാൽ അനേകം പരാതികൾ ഈ കമ്മീഷനിൽ, രേഖാമൂലവും അല്ലാതെയും, ലഭിക്കുകയുണ്ടായി. കൂടാതെ തെരുവുനായ്ക്കളുടെ ശല്യത്തെക്കുറിച്ച് ധാരാളം പത്രവാർത്തകളും ഉണ്ടായിട്ടുണ്ട്. അംഗൻവാടിയിൽ ഇരുന്നിരുന്ന കുട്ടിയെ വരെ തെരുവുനായ കടിച്ച സംഭവങ്ങളുണ്ടായി. സ്കൂളിൽനിന്നോ ട്യൂഷൻ കഴിഞ്ഞോ വീട്ടിലേക്ക് മടങ്ങുമ്പോൾ കൊച്ചുകുട്ടികളെ തെരുവുനായ്ക്കൾ ആക്രമിക്കുകയും തുടർന്ന്, കടിയേറ്റ മുറിവുണങ്ങുവാൻ മാത്രമല്ല, പേവിഷബാധ ഉണ്ടാകാതിരിക്കുവാനുള്ള കുത്തിവയ്പ്പും മറ്റും എടുക്കാൻ വേണ്ടി കൂടി ആശുപത്രിയിൽ പോകേണ്ടതായി വരും. പേ ഇളകിയ തെരുവുനായ്ക്കളുടെ കടിയേറ്റ് മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും വരെ പേ ഇളകി മനുഷ്യരും വളർത്തുമൃഗങ്ങളും മരിച്ച പല സംഭവങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റെയിൽവേ പ്ലാറ്റ്ഫോമിൽ പോലും മനുഷ്യർക്ക് സ്വസ്ഥമായി നിൽക്കുവാൻ വയ്യാതായി. തെരുവുനായ്ക്കളുടെ വിലപോലും മനുഷ്യർക്ക് കൽപ്പിക്കുന്നില്ല എന്നുള്ള പരിഭവവുമായി പരാതികളുടെ ഘോഷയാത്രയാണുണ്ടായത്. മനുഷ്യർ മരിച്ചാലും വേണ്ടില്ല തെരുവുനായ്ക്കളെ ഉപദ്രവിക്കരുത് എന്നു പറഞ്ഞ മൃഗസ്നേഹികളുമുണ്ട്. എന്നാൽ ഇവരാരും തെരുവുനായ്ക്കളുടെ ശല്യം ഒഴിവാക്കുന്നതിനായി യാതൊന്നും ചെയ്യുന്നില്ലെന്നാണ് കമ്മീഷനിൽ കിട്ടിയ പരാതികളിൽ പറയുന്നത്. പല സർക്കാരിതര മനുഷ്യാവകാശ സംഘടനകളും തെരുവുനായ്ക്കളുടെ കടിയേറ്റ് വിഷമത്തിലായ കുട്ടികളുടെ രക്ഷിതാക്കളും ഒക്കെയാണ് പത്രവാർത്തകളോടൊപ്പം പരാതി തന്നിരിക്കുന്നത്. കേരളമൊട്ടാകെ നിന്ന് പല പരാതികളും ഇതു സംബന്ധിച്ച് കിട്ടുകയുണ്ടായി.

2. കേരളത്തിലെ നഗരസഭകളോടെല്ലാം റിപ്പോർട്ടുകൾ ചോദിച്ചു. സംസ്ഥാനത്തുള്ള എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാരും അതാത് പ്രദേശത്ത് ചെയ്ത കാര്യങ്ങൾ വിശദീകരിച്ച് റിപ്പോർട്ടുകൾ നൽകി. പല സന്നദ്ധ സംഘടനകളും തെരുവുനായ്ക്കളെ നിയന്ത്രിക്കുന്ന കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുവാൻ തയ്യാറായി മുന്നോട്ടു വന്നിട്ടുണ്ട്. തെരുവുനായ്ക്കളെ ഉപദ്രവിക്കാതെ അവ മനുഷ്യരെ ഉപദ്രവിക്കുകില്ലെന്ന് പറയുന്ന ഒരു കൂട്ടം ആളുകളുമുണ്ട്. എന്നാൽ സ്കൂളികളിലും മറ്റും ഇരിക്കുന്ന കുട്ടികളെ തെരുവുനായ്ക്കൾ കടിച്ച സംഭവങ്ങളുമുണ്ടാകുന്നുണ്ട്. തെരുവുനായ്ക്കൾ പെറ്റുപെരുകുന്നതിനോടൊപ്പം പല വീടുകളിലും വളർത്തുന്ന പട്ടികളെ പ്രായമാകുമ്പോൾ പുറത്തേക്ക് തള്ളിവിടുകയും അവയ്ക്ക് മറ്റു തെരുവുനായ്ക്കളെപ്പോലെ വേസ്റ്റിൽ നിന്നും മറ്റും ഭക്ഷണം കഴിക്കുവാനറിയില്ലാത്തതിനാൽ അവ കൂടുതൽ വാശിയോടുകൂടി മനുഷ്യരെ ഉപദ്രവിക്കുന്നു എന്നും മറ്റും റിപ്പോർട്ടുകളുണ്ട്.

3. ചില സംഘടനകൾ വണ്ടിയിൽ ഭക്ഷണത്തിന്റെ വേസ്റ്റ് തെരുവുനായ്ക്കൾക്കുവേണ്ടി വഴിയിൽ അതും പ്ലാസ്റ്റിക്ക് കവറുകളിൽ, ഇട്ട് തെരുവുനായ്ക്കളെ പ്രോത്സാഹിപ്പിക്കുകയും ആ ഭക്ഷണത്തിന്റെയും പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള മറ്റു വേസ്റ്റുകളും കൂടി നഗരസഭക്ക് നശിപ്പിക്കേണ്ടതായും വരുന്നുണ്ടെന്ന് വർക്കല നഗരസഭ സെക്രട്ടറി പറഞ്ഞു.

4. തെരുവുനായ്ക്കളുടെ ശല്യത്തെക്കുറിച്ചുള്ള ചില കേസുകളിൽ നഷ്ടപരിഹാരം കൊടുക്കുവാനും മറ്റും കമ്മീഷൻ പ്രത്യേകം തീർപ്പ് കൽപ്പിച്ചിട്ടുള്ളതുമാണ്.

5. നായ്ക്കളെ കൊല്ലരുതെന്ന ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയെത്തുടർന്ന് Animal Birth Control (Dogs) Rules പാസ്സാക്കുകയുണ്ടായി. Dogs Rules അനുസരിച്ച് തെരുവുനായ്ക്കളുടെ ശല്യം വർദ്ധിക്കാതിരിക്കുവാൻ തെരുവുനായ്ക്കളെ വന്ധ്യംകരണം ചെയ്യുവാൻ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തെരുവുനായ്ക്കളെ കൊല്ലുന്നത് നിർത്തുക മാത്രം ചെയ്തു. Dogs Rules അനുസരിച്ച് നായ്ക്കളെ വന്ധ്യംകരണം ചെയ്യുവാനുള്ള നടപടികളൊന്നും തന്നെ എടുത്തിരുന്നില്ല. അതുകൊണ്ട് ഒരു ദശകത്തിലധികം വർഷങ്ങൾ കൊണ്ട് 2001-ൽ ഉണ്ടായിരുന്ന



തിന്റെ 100 ഇരട്ടിയോളം തെരുവുനായ്ക്കൾ വർദ്ധിച്ചിരിക്കുന്നു.അലഞ്ഞുതിരിയുന്ന നായ്ക്കളെ പാർപ്പിക്കുവാൻ സൗകര്യമോ അവയെ വന്ധ്യംകരണം ചെയ്യുന്നതിനുള്ള മൃഗാശുപത്രികളോ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇപ്പോൾ ഇല്ല. മിക്ക തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും അതിനുള്ള സാമ്പത്തികസ്ഥിതിയും ഇല്ല. Animal Birth Control Rules സമയാസമയം നടപ്പാക്കാത്തതുകൊണ്ട് തെരുവുനായ്ക്കളുടെ പ്രശ്നം വളരെ രൂക്ഷമാണ്. കാൽനടയാത്രക്കാർക്കു മാത്രമല്ല, പല മോട്ടോർ വാഹനങ്ങൾക്കും പ്രത്യേകിച്ച് ഇരുചക്രവാഹനങ്ങൾക്കും അതിൽ സഞ്ചരിക്കുന്നവർക്കും തെരുവുനായ്ക്കളുടെ ഉപദ്രവം മൂലം വീണ് നാശനഷ്ടങ്ങളുമുണ്ടാകുന്നതായുള്ള പരാതികളും കിട്ടുന്നുണ്ട്. അതിനാൽ കമ്മീഷൻ ആവശ്യപ്പെട്ടതുപ്രകാരം പരാതിക്കാരുടെയും മൃഗസംരക്ഷണത്തിനായി പ്രവർത്തിക്കുന്നവരുടെയും പൊതു പ്രവർത്തകരുടെയും മറ്റും അഭിപ്രായങ്ങൾ കമ്മീഷനിൽ സമർപ്പിക്കുകയുണ്ടായി. തെരുവുനായ്ക്കളുടെ ശല്യം കൊണ്ടുള്ള അപകടങ്ങളെക്കുറിച്ചുള്ള പത്രവാർത്തകളും പലരും അയച്ചുതന്നു. പരാതിക്കാരുടെയും മൃഗസ്നേഹികളുടെയും നഗരസഭകളുടെയും മറ്റും റിപ്പോർട്ടുകൾ പഠിച്ച് കമ്മീഷൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ വയ്ക്കുന്നു.

1. അതാത് നഗരസഭകൾ/പഞ്ചായത്തുകൾ നായ്ക്കളെ വളർത്തുവാൻ ലൈസൻസ് എടുത്തവരെ മാത്രം അനുവദിക്കുക. ലൈസൻസ് ഇല്ലാതെ നായ്ക്കളെ വളർത്തുന്നത് കുറ്റകരമാക്കുക. ലൈസൻസ് വർഷംതോറും പുതുക്കുകയും വേണം. ലൈസൻസ് ഇല്ലാതെ നായ്ക്കളെ വളർത്തുന്നവർക്കെതിരെ നടപടി എടുക്കുകയും നായ്ക്കളെ സംരക്ഷിക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്വം ലൈസൻസ് എടുത്തവർക്ക് ആയിരിക്കുകയും വേണം.

2. വളർത്തുന്ന നായ്ക്കളെ മറ്റുള്ളവർക്ക് ശല്യമുണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കുകയും അവയ്ക്ക് പ്രായമാകുമ്പോഴോ അസുഖം വരുമ്പോഴോ തെരുവിലേക്കെറിയാതിരിക്കുവാൻ ശ്രദ്ധിക്കുകയും വേണം. ആരെങ്കിലും വളർത്തുനായ്ക്കളെ തെരുവിൽ വിട്ടാൽ അവർക്കെതിരെ കർശന നടപടി എടുക്കണം. ഇങ്ങിനെയുള്ള നായ്ക്കൾ ചത്തുപോകുമ്പോൾ നഗരസഭയെ/പഞ്ചായത്തിനെ അറിയിക്കുകയോ നായ്ക്കളെ കുഴിച്ചിടുകയോ ചെയ്യണം.

3. ABC programme അനുസരിച്ച് തെരുവുനായ്ക്കളെ വന്ധ്യംകരണം ചെയ്യുന്നതിനും ഇമ്മ്യൂണൈസേഷൻ ചെയ്യുന്നതിനുമുള്ള നടപടികൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ആരംഭിക്കണം.

4. ഒരു ദശകത്തിൽ അധികമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ABC programme അനുസരിച്ച് തെരുവുനായ്ക്കളെ വന്ധ്യംകരണം നടത്താത്തതിനാലാണ് തെരുവുനായ്ക്കളുടെ ശല്യം കൂടുവാൻ കാരണം. ആർക്കെങ്കിലും തെരുവുനായ്ക്കളുടെ ഉപദ്രവമുണ്ടായാൽ അവരുടെ ചികിത്സാചിലവ് അതാത് നഗരസഭകൾ/പഞ്ചായത്തുകൾ വഹിക്കണം. കൂടാതെ തെരുവുനായ്ക്കളുടെ ഉപദ്രവത്തിനിരയാകുന്നവർക്ക് നഷ്ടപരിഹാരം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തന്നെ വഹിക്കേണ്ടതാണ്.

5. എല്ലാ സർക്കാർ ആശുപത്രികളിലും പേവിഷബാധക്കെതിരായ കുത്തിവെയ്പ്പിനുള്ള മരുന്നുകൾ ലഭ്യമായിരിക്കുവാൻ സർക്കാരും ശ്രദ്ധിക്കണം.

6. നഗരസഭകളിലും പഞ്ചായത്തുകളിലും ABC programme നടത്തുവാൻ ആവശ്യമായ ധനസഹായം സർക്കാർ ചെയ്തുകൊടുക്കണം. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ ശല്യമുണ്ടാകാത്ത രീതിയിൽ സുരക്ഷിതമായി മാറ്റി താമസിപ്പിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സജ്ജീകരണങ്ങൾ ചെയ്യണം.

7. മൃഗസ്നേഹികൾ വഴിനീളെ ഭക്ഷണമിട്ട് തെരുവുനായ്ക്കളെ പ്രോത്സാഹിപ്പിക്കുവാൻ പാടില്ല. ആഹാരസാധനങ്ങളുടെ വേസ്റ്റുകളും മറ്റും തെരുവിൽ ഇട്ട് തെരുവുനായ്ക്കളെ പ്രോത്സാഹിപ്പിക്കുന്നവർക്കെതിരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പോലീസും കർശന നടപടി സ്വീകരിക്കണം. ഭക്ഷണം സുലഭമായി കിട്ടുന്നതുകൊണ്ടാണ് ചില സ്ഥലങ്ങളിൽ തെരുവുനായ്ക്കളുടെ ശല്യം കൂടുതൽ ഉണ്ടാകുന്നത്.

8. മൃഗങ്ങളെ അത്രയേറെ സ്നേഹിക്കുന്നവർക്ക് മറ്റുള്ളവർക്ക് ഉപദ്രവമുണ്ടാകാതെ അവയെ സംരക്ഷിക്കുന്നതിനുള്ള സുരക്ഷിത കേന്ദ്രങ്ങളുണ്ടാക്കാം. മൃഗസ്നേഹികളുടെ പക്കൽ നിന്ന് പണവും മറ്റും സ്വരൂപിച്ച് തെരുവുനായ്ക്കളുടെ ഉപദ്രവത്തിനറുതി വരുത്തുവാൻ ഇങ്ങിനെയുള്ള സംഘടനകൾ മുൻകൈ എടുക്കണം. തെരുവിൽ ഭക്ഷണസാധനങ്ങൾ വലിച്ചെറിഞ്ഞ് മനുഷ്യരുടെ ജീവനു വരെ ഭീഷണിയുണ്ടാകുന്ന രീതിയിൽ അപകടം ഉണ്ടാകുന്നത് മൃഗസ്നേഹമോ മനുഷ്യസ്നേഹമോ അല്ല. അങ്ങിനെയുള്ളവർക്കെതിരെ public nuisance-ന് ക്രിമിനൽ കേസെടുക്കണം.

9. കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് നിർദ്ദേശിച്ചതുപോലെ പേവിഷബാധയുണ്ട് എന്ന് സംശയമുള്ള മൃഗങ്ങളെ ഉടനടി കൊല്ലണം. അതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കണം. അല്ലാത്ത മൃഗങ്ങളെ വന്ധ്യംകരിച്ച് സംരക്ഷണകേന്ദ്രങ്ങളിൽ ആക്കുകയും വേണം.

10. റയിൽവേ പ്ലാറ്റ്ഫോമിലും മറ്റും നായ്ക്കൾ യാത്രക്കാരെ ഉപദ്രവിക്കാതിരിക്കുവാൻ റയിൽവെയും നടപടി സ്വീകരിക്കണം. ടിക്കറ്റ് എടുത്ത യാത്രക്കാരെ റയിൽവേ സ്റ്റേഷന്റെ അകത്തു വച്ച് ഉപദ്രവിക്കുകയാണെങ്കിൽ റയിൽവെ അധികൃതർ തന്നെ ചികിത്സയ്ക്കും നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള ചിലവുകളും വഹിക്കണം.

11. മൃഗസംരക്ഷണ വകുപ്പ് "Rabies control of animals in Kerala" എന്ന പേരിൽ ഒരു പ്രോജക്ട് ആരംഭിച്ചു. അത് വളരെ നല്ലൊരു പ്രോജക്ടാണ്. അതിന്റെ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായിട്ടുണ്ട്. അത് നടപ്പിലാക്കുവാൻ ഫണ്ട് ഒന്നും അനുവദിച്ചിട്ടില്ലെന്നാണ് പറയുന്നത്. വർഷങ്ങൾക്ക് മുമ്പുണ്ടാക്കിയ റിപ്പോർട്ട് ആണത്. ഇപ്പോൾ അതിന്റെ തുക വർദ്ധിച്ചിട്ടുണ്ടാകും. 2001-ൽ തിരുവനന്തപുരം ജില്ലയിൽ തന്നെ 54, 551 Stay Dogs ഉണ്ടെന്നാണ് റിപ്പോർട്ട്. ഇപ്പോൾ Stay Dogs -ന്റെ എണ്ണം പത്തിരട്ടി ആയിട്ടുണ്ടാകും.

12. നഗരസഭകളും പഞ്ചായത്തുകളും സർക്കാരിനോടും മൃഗസംരക്ഷണ വകുപ്പിനോടും ചേർന്ന് അവരവരുടെ അധികാരപരിധിയിലുള്ള സ്ഥലത്തെ Voluntary Organization -നുമായി ആശയവിനിമയം നടത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുകയും നടപ്പാക്കുകയും വേണം.

13. Animal Birth Control Dogs Rules അനു

സരിച്ചുള്ള Dogs Ponds (പട്ടിസംരക്ഷണ കേന്ദ്രങ്ങൾ) മുതലായവ ഉണ്ടാകുന്നതു കൂടാതെ പട്ടികളെ വന്ധ്യംകരണം ചെയ്യുവാനും Immunize ചെയ്യുവാനും മറ്റുമുള്ള സൗകര്യങ്ങളോടുകൂടിയ മൊബൈൽ യൂണിറ്റും മറ്റും ഉണ്ടാകണം.

14. ആവശ്യമെങ്കിൽ എം.എൽ.എ./ എം.പി. ഫണ്ട് തുടങ്ങിയവയിൽ നിന്നുള്ള ധനസഹായം തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്നതിനും സംരക്ഷണ കേന്ദ്രങ്ങളുണ്ടാക്കുന്നതിനും പ്രതിരോധകുത്തിവയ്പ്പുകൾ എടുക്കുന്നതിനും ഉപയോഗപ്പെടുത്തുവാൻ ശ്രമിക്കണം.

15. പല സന്നദ്ധ സംഘടനകളും തെരുവുനായ്ക്കളുടെ വന്ധ്യംകരണത്തിനും പൊതുജനങ്ങൾക്ക് ശല്യമുണ്ടാകാത്ത വിധത്തിൽ സംരക്ഷിക്കുന്നതിനും പ്രവർത്തിക്കാൻ മുന്നോട്ട് വന്നിട്ടുണ്ട്. അങ്ങിനെയുള്ള സംഘടനകളെ പ്രോത്സാഹിപ്പിക്കണം.

16. പല സംഘടനകളും മറ്റു പല നിർദ്ദേശങ്ങളും സമർപ്പിച്ചിട്ടുണ്ട്. അതിലൊന്ന് മീറ്റ് പ്രോഡക്ട് ഓഫ് ഇൻഡ്യ പോത്തിറച്ചിയും മറ്റും കയറ്റി അയക്കുന്നതുപോലെ തെരുവുനായ്ക്കളുടെ ഇറച്ചിയും മറ്റും സംഭരിച്ച് പട്ടി ഇറച്ചി തിന്നുന്ന രാജ്യങ്ങളിലേക്ക് കയറ്റി അയക്കുക എന്നതാണ്.സർക്കാർ ആ നിർദ്ദേശം പാലിക്കണം.

Animal Birth Contorl (Dogs) Rules ഉണ്ടാക്കിയതിനുശേഷം അത് നടപ്പാക്കുവാൻ താമസിച്ചതിനാലാണ് ഇപ്പോൾ പ്രശ്നം ഗുരുതരമായത്. സർക്കാരിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും തങ്ങളുടെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറുവാൻ സാധിക്കുകയില്ല. തെരുവുനായ്ക്കളുടെ ഉപദ്രവത്തിന് അവരെല്ലാം ഉത്തരവാദികളായിരിക്കും. ബഹുമാനപ്പെട്ട ഹൈക്കോടതിയിലും മറ്റും കേസ് ഉള്ളതിനാൽ കൂടുതൽ നിർദ്ദേശങ്ങൾ ഒന്നും കമ്മീഷൻ നൽകുന്നില്ല. സഹകരിക്കുവാൻ ആഗ്രഹിക്കുന്ന എല്ലാ നല്ല സംഘടനകളെയും ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കേരള സർക്കാരും ചേർന്ന് തെരുവുനായ്ക്കളുടെ ഉപദ്രവം ഒഴിവാക്കാനുള്ള നടപടി എത്രയും പെട്ടെന്ന് എടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് എല്ലാ പരാതികളും അവസാനിപ്പിക്കുന്നു.

ഈ തീർപ്പിന്റെ പകർപ്പ് സർക്കാരിനുവേണ്ടി ചീഫ് സെക്രട്ടറിക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അയച്ചുകൊടുത്ത് പരിഹാരം കാണുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്കും ഓരോ പകർപ്പ് എല്ലാ കേസുകളിലെയും പരാതിക്കാർക്കും അയക്കുക.

**ജസ്റ്റിസ് ജെ.ബി. കോശി**
**ബഹു. ചെയർപേഴ്സൺ**

# ജീവനക്കാരെ ഇരിക്കാൻ അനുവദിക്കുന്നില്ല; വസ്ത്ര കടകളിൽ തൊഴിൽവകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തണം

തിരുവനന്തപുരം: സംസ്ഥാനത്തെ വസ്ത്രകടകളിൽ ജോലിചെയ്യുന്നവർക്ക് നിയമപരമായി ലഭിക്കേണ്ട അവകാശങ്ങൾ ലഭിക്കുന്നുണ്ടോ എന്നറിയാൻ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ്. ജെ. ബി. കോശി.

കേരള ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് നിയമമനുസരിച്ചാണ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതെന്ന് തൊഴിൽവകുപ്പ് ഉറപ്പുവരുത്തണമെന്നും കമ്മീഷൻ ഉത്തരവിൽ പറഞ്ഞു.

കേരളത്തിലെ വസ്ത്രകടകളിൽ ജോലിചെയ്യുന്ന വനിതാജീവനക്കാർ ഉൾപ്പെടെയുള്ളവരെ ഇരിക്കാൻപോലും അനുവദിക്കാതെ പീഡിപ്പിക്കുകയാണെന്ന് ആരോപിച്ച് ആം ആദ്മി പാർട്ടി സെക്രട്ടറി അഡ്വ. അനിൽ ഐക്കര സമർപ്പിച്ച പരാതിയിലാണ് നടപടി.

പ്രമുഖ വസ്ത്രകടകളിലെ ജീവനക്കാർക്ക് പോലും മുഴുവൻ സമയവും നിന്ന് ജോലി ചെയ്യേണ്ടി വരുന്നു. സാധനം വാങ്ങാൻ ആളില്ലാത്തപ്പോഴും ജീവനക്കാരെ ഇരിക്കാൻ അനുവദിക്കുകയില്ല.

ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം കാറ്റിൽ പറത്തുന്നുവെന്നും പരാതിയിൽ പറയുന്നു.

എന്നാൽ സാധനം വാങ്ങാൻ ആളില്ലാത്ത സമയങ്ങളിൽ ജീവനക്കാരെ ഇരിക്കാൻ അനുവദിക്കാറുണ്ടെന്ന് വസ്ത്രകട ഉടമകൾ കമ്മീഷനിൽ സമർപ്പിച്ച വിശദീകരണത്തിൽ പറയുന്നു. ജീവനക്കാർക്ക് നിയമപ്രകാരം അവധി നൽകാറുണ്ടെന്ന് ജില്ലാ ലേബർ ഓഫീസർ റിപ്പോർട്ടിൽ പറയുന്നു. അവധി ദിവസങ്ങളിൽ ജോലി ചെയ്യുന്നവർക്ക് അധിക ശമ്പളം നൽകുന്നുണ്ടത്രേ.

വ്യാപാര സ്ഥാപനങ്ങളിൽ തൊഴിൽ വകുപ്പ് ഇൻസ്പെക്ടർമാർ പരിശോധന നടത്താറുണ്ടെന്നും ഷോപ്സ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചില്ലെന്ന് കണ്ടാൽ അത്തരം സ്ഥാപനങ്ങൾക്ക് നോട്ടീസ് കൊടുത്ത് നടപടിയെടുക്കുന്നുണ്ടെന്നും ജില്ലാ ലേബർ ഓഫീസർ കമ്മീഷനെ അറിയിച്ചു.

മുഴുവൻ സമയവും നിന്നു ജോലി ചെയ്യേണ്ടിവരുന്നത് ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുമെന്ന് ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു. ജോലിക്കാർക്ക് ഇരിക്കാനുള്ള സൗകര്യം സ്ഥാപനങ്ങൾ ചെയ്തുകൊടുക്കണമെന്നും ഉത്തരവിൽ പറഞ്ഞു.

# കമ്മീഷൻ ഉത്തരവ്

ഹാജർ: ആർ. നടരാജൻ
ബഹു. അംഗം

**എച്ച്.ആർ.എം.പി. നമ്പർ 3898/2014**

പരാതിക്കാരി : സാറാ ജോസഫ്
ആം ആദ്മി പാർട്ടി,
തൃശ്ശൂർ ജില്ലാ കമ്മിറ്റി ഓഫീസ്.

എതിർകക്ഷികൾ:

**ഉത്തരവു തീയതി 2014 സെപ്റ്റംബർ 29**



കേരളത്തിലെ വസ്ത്രവ്യാപാരസ്ഥാപനങ്ങളിലും, മാളുകളിലും ജോലി ചെയ്തു വരുന്ന സെയിൽസ് ഗേൾസിനും, അതുപോലുള്ള അസംഘടിത തൊഴിലാളികൾക്കും നേരെ ഗുരുതരമായ മനുഷ്യാവകാശലംഘനമാണ് നടന്നുവരുന്നതെന്നും നടപടി സ്വീകരിക്കണമെന്നും കാണിച്ചാണ് എഴുത്തുകാരിയും പൊതുപ്രവർത്തകയുമായ ശ്രീമതി സാറാജോസഫ് ടി പരാതി സമർപ്പിച്ചിട്ടുള്ളത്. ടി പരാതിയിൽ തൊഴിലുടമകൾ 8 മണിക്കൂർ തൊഴിൽ എന്ന സമയക്രമം പാലിക്കുന്നില്ലായെന്നും ജോലി സ്ഥിരത നൽകാതെ തോന്നുന്നതുപോലെ തൊഴിലിൽ നിന്ന് പിരിച്ചുവിടുന്നുവെന്നും വിവരശേഖരണം പലരും നൽകുന്നില്ലായെന്നും 10/12 മണിക്കൂറുകളോളം നിന്ന് ജോലി ചെയ്യണമെന്ന അലിഖിത നിയമം നടപ്പിലാക്കുന്നുവെന്നും ഇവരിൽ പലരും പലവിധ രോഗങ്ങൾക്ക് അടിമപ്പെടുന്നുവെന്നും ടോയ്ലെറ്റിൽ പോകാൻ രണ്ട് തവണ മാത്രമേ അനുവദിക്കുന്നുള്ളൂവെന്നും മൂന്നാമത്തെ തവണ ടോയ്ലെറ്റിൽ പോകുന്നതിന് പിഴയടയ്ക്കണമെന്നും അതേപ്പറ്റി അന്വേഷിച്ച് നടപടി സ്വീകരിക്കണമെന്നും കാണിച്ചാണ് പരാതി സമർപ്പിച്ചിട്ടുള്ളത്.

(1) തൃശ്ശൂർ ജില്ലാ ലേബർ ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിൽ ടെക്സ്റ്റൈൽ ഷോപ്പുകളിൽ തൊഴിൽ നിമയങ്ങളുടെ ലംഘനം വ്യാപകമായി ഉണ്ടാകുന്നുവെന്ന് വെളിവായതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ടി വിഷയത്തിൽ ഗൗരവമായി ഇടപെട്ടിരുന്നുവെന്നും 2014 ഏപ്രിൽ മെയ് മാസങ്ങളിൽ 197 ടെക്സ്റ്റൈൽ ഷോപ്പുകളിൽ പരിശോധന നടത്തിയെന്നും ചില സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചുവെന്നും മറ്റും രേഖപ്പെടുത്തിയിട്ടുണ്ട്. Kerala Shops & Commercial Establishment Act- ൽ പറയും പ്രകാരമുള്ള വിശ്രമം, ലീവ് എന്നിവ നൽകാത്തതിനും രാത്രി 7 മണിക്ക് ശേഷം സ്ത്രീകളെക്കൊണ്ട് ജോലി ചെയ്യിക്കുന്നതിനും 8 മണിക്കൂർ സമയക്രമം പാലിക്കാത്തതിനും മിനിമം വേതന നിയമപ്രകാരമുള്ള വേതനം നൽകാത്തതിനും കേരള Industrial Establishment Act അനുസരിച്ചുള്ള ലീവ്, ഇരട്ടിവേതനം എന്നിവ നൽകാത്തതിനുമാണ് നോട്ടീസ് നൽകിയിരിക്കുന്നതെന്നും ജോലി സമയത്ത് ഇരിക്കുന്നതിനുമുള്ള അവകാശം കേരള ഷോപ്പ്സ് & കമ്മേഴ്സ്യൽ Establishment Act –ൽ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടില്ലായെന്നും മറ്റും രേഖപ്പെടുത്തിയിട്ടുണ്ട്.

(2). കമ്മീഷൻ ഇതേ വിഷയം സംബന്ധിച്ച് പത്രറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ HRMP. 7017/2013 ആയി ഒരു കേസ് സ്വമേധയാ രജിസ്റ്റർ ചെയ്തു ചില ശുപാർശകൾ നൽകിയിരുന്നു. ടി. ശുപാർശകളനുസരിച്ച് പ്രവർത്തിക്കുന്നില്ലായെന്നും ഇപ്പോഴും ഗുരുതരമായ മനുഷ്യാവകാശ ലംഘനമാണ് മാളുകളിൽ നടക്കുന്നതെന്നും പരാതിക്കാരി ബോധിപ്പിച്ചു.

(3). കേരള യുവജനകമ്മീഷൻ ഇത് സംബന്ധിച്ച് ഒരു പഠനം നടത്തി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പും കമ്മീഷൻ മുമ്പാകെ ഹാജരാക്കി.

(4). കേരള ഷോപ്പ്സ് & കമ്മേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ ജോലി സമയത്ത് ഇരിക്കാനുള്ള അവകാശം വ്യവസ്ഥ ചെയ്തിട്ടില്ലായെന്ന് ജില്ലാ ലേബർ ഓഫീസറുടെ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മാളുകളിലും ടെക്സ്റ്റയിൽ ഷോപ്പുകളിലും തുടർച്ചയായി 12 മണിക്കൂർ ജോലി ചെയ്യിക്കുന്നുവെന്ന് പരക്കെ ആക്ഷേപമുണ്ട്. തന്മൂലം ജോലിക്കാർക്ക് വളരെയധികം ശാരീരിക ബുദ്ധിമുട്ടുകളും രോഗങ്ങളും ഉണ്ടാകുന്നുവെന്നും വ്യക്തമാണ്. ടി കാര്യത്തിൽ സർക്കാരിന്റെ ശ്രദ്ധ നിയമപരമായി ഉണ്ടാകേണ്ടതാണ്. തൊഴിലാളികൾക്ക് ഇരുന്ന് ജോലി ചെയ്യാനുള്ള വ്യവസ്ഥ നിയമത്തിൽ കൊണ്ടുവരേണ്ടതാണ്. പല സ്ഥാപനങ്ങളിലും മിനിമം വേതനം നൽകുന്നില്ലായെന്നും 2 തവണ മാത്രമേ ടോയ്ലറ്റിൽ പോകാൻ അനുവദിക്കുന്നുവെന്നും കാണുന്നു. ഇത് ക്രൂരമായ മനുഷ്യാവകാശലംഘനമാണ്. എത്ര തവണ ടോയ്ലെറ്റിൽ പോകാമെന്നത് നിയമം മൂലം നിയന്ത്രിക്കാനാവുന്നതല്ല. ഇക്കാര്യത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്ന തൊഴിലുടമക്കെതിരെ നിയമനടപടി

സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കണം.

(5). മാളുകളിലും ടെക്സ്റ്റെയിൽ ഷോപ്പുകളിലും ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം വേതനം നൽകുന്നില്ലായെന്നും ഇതേപ്പറ്റി ഒരു പഠനം നാളിതുവരെ നടത്തിയിട്ടില്ലായെന്നും റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നുണ്ട്. ഇതിനായി സർക്കാർ ട്രേഡ് യൂണിയനുകളുടെയും, ഉദ്യോഗസ്ഥരും മറ്റ ജനപ്രതിനിധികളെയും ഉൾക്കൊള്ളിച്ച് ഒരു പഠനം നടത്തി നിയമങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി ജീവനക്കാർക്ക് നിയമപ്രകാരമുള്ള ആനുകൂല്യം ലഭിക്കാൻ നടപടി സ്വീകരിക്കണമെന്ന് കമ്മീഷൻ കരുതുന്നു.

**കമ്മീഷൻ താഴെപ്പറയുന്ന ശുപാർശകൾ നൽകുന്നു.**

1. സംസ്ഥാനത്തെ മാളുകളിലും ടെക്സ്റ്റെയിൽ ഷോപ്പുകളിലും ജോലി ചെയ്യുന്ന ജീവനക്കാർക്ക് ജോലി സമയത്ത് ഇരിക്കാൻ നിയമത്തിൽ ആവശ്യമായ വ്യവസ്ഥകൾ കൊണ്ടുവരണമെന്നും ജോലിക്കാരെ ഇരിക്കാൻ അനുവദിക്കാത്ത തൊഴിലുടമക്കെതിരെ കർശനമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകണമെന്നും കമ്മീഷൻ തൊഴിൽ വകുപ്പ് സെക്രട്ടറിയോടും ലേബർ കമ്മീഷണറോടും ശുപാർശ ചെയ്യുന്നു.

2. ടി സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് മിനിമം വേതനം, ഓവർ ടൈം, ആഴ്ച അവധി തുടങ്ങിയവ നൽകുന്നുണ്ടോയെന്നും അവർക്ക് ജോലി സ്ഥിരത, ടോയ്ലെറ്റ് സൗകര്യം എന്നിവ തൊഴിലുടമ ഏർപ്പാടാക്കിയിട്ടുണ്ടോയെന്ന് തൊഴിലാളിസംഘടനകളും, ജനപ്രതിനിധികളും ഉയർന്ന ഉദ്യോഗസ്ഥരും ഉൾപ്പെടുത്തി ഒരു കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിച്ച് റിപ്പോർട്ട് വരുത്തി ഇക്കാര്യത്തിൽ യുക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് ആവശ്യമായ നിയമഭേദഗതി വരുത്തണമെന്ന് കമ്മീഷൻ കേരള സംസ്ഥാന തൊഴിൽ വകുപ്പ് സെക്രട്ടറിയോട് ശുപാർശ ചെയ്യുന്നു.

ആർ. നടരാജൻ
ബഹു. അംഗം

# പോലീസ് ജീപ്പിന് സൈഡ് കൊടുക്കാത്തതിന് കരണത്തടി; പോലീസ് ഡ്രൈവറിൽ നിന്നും 2500 രൂപ പിഴ ഈടാക്കണം

**തി**രുവനന്തപുരം: പോലീസ് ജീപ്പിന് സൈഡ് കൊടുത്തില്ലെന്ന പേരിൽ ഓട്ടോഡ്രൈവറുടെ കരണത്തടിച്ച പോലീസ് ഡ്രൈവറുടെ ശമ്പളത്തിൽ നിന്നും 2500 രൂപ പിഴ ഈടാക്കാൻ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി ജില്ലാ റൂറൽ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകി.

ഓട്ടോഡ്രൈവർ വെഞ്ഞാറമൂട് തോപ്പുവിള വീട്ടിൽ എസ്. ഹരികുമാറിന്റെ പേരിൽ 2500 രൂപയുടെ ചെക്ക് കമ്മീഷൻ ഓഫീസിന് കൈമാറണമെന്നാണ് നിർദ്ദേശം. ചെക്ക് കമ്മീഷൻ ഹരികുമാറിന് നൽകും.

പോലീസിനെതിരെ പരാതി നൽകിയതിന്റെ പേരിൽ ഓട്ടോഡ്രൈവറെയോ ബന്ധുക്കളെയോ ഉപദ്രവിക്കുകയോ ഓട്ടോക്കെതിരെ കേസെടുക്കുകയോ ചെയ്താൽ കമ്മീഷൻ ഗൗരവമായ നടപടികളിലേക്ക് പ്രവേശിക്കുമെന്നും ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു. ഭാവിയിൽ ഇത്തരമൊരു പരാതി ഉണ്ടാവുകയാണെങ്കിൽ പോലീസ് ഡ്രൈവറുടെ പേരിൽ നടപടിയെടുക്കുമെന്നും ഉത്തരവിൽ പറയുന്നു.

കഴിഞ്ഞവർഷം ഡിസംബർ 14 ന് രാവിലെയാണ് സംഭവം. പത്രവിതരണക്കാരനായ നെല്ലനാട് തോപ്പുവിള വിട്ടിൽ എസ്. ഹരികുമാർ പത്രവിതരണം നടത്തവെ വെഞ്ഞാറുംമൂട് കീഴായിക്കോണം ശാലിനിസ്കൂളിന് മുന്നിൽ പോലീസ് വാഹനത്തിന് സൈഡ് കൊടുത്തില്ലെന്ന പേരിൽ വെഞ്ഞാറുമൂട് പോലീസ് സ്റ്റേഷനിലെ ഡ്രൈവർ അനിൽകുമാർ കരണത്തടിക്കുകയുണ്ടായിരുന്നു.

സംഭവത്തെ തുടർന്ന് ഛർദ്ദിയുണ്ടായ ഹരികുമാറിനെ കന്യാകുളങ്ങര സർക്കാർ ആശുപത്രിയിൽ ചികിത്സിച്ചു.

കമ്മീഷന്റെ നിർദ്ദേശാനുസരണം ആറ്റിങ്ങൽ ഡി.വൈ.എസ്.പി നടത്തിയ അന്വേഷണത്തിൽ ഹരികുമാറിനെ പോലീസ് ഉപദ്രവിച്ചിട്ടില്ലെന്നും അലക്ഷ്യമായി വാഹനം ഓടിച്ചതിന് സ്റ്റേഷനിൽ ഹാജരാകാൻ മാത്രം നിർദ്ദേശിച്ചുവെന്നും റിപ്പോർട്ട് ചെയ്തു. എന്നാൽ ഹരികുമാറിന്റെ ഓട്ടോയിൽ സഞ്ചരിച്ചിരുന്നവരുടെയോ സംഭവം കണ്ടുനിന്നവരുടെയോ മൊഴിയെടുത്തിട്ടില്ലെന്ന് കമ്മീഷൻ കണ്ടെത്തി. കമ്മീഷൻ ഹരികുമാറിനെ വിസ്തരിച്ചു.

അതേസമയം ഡ്രൈവർ അനിൽകുമാർ ആക്ഷേപം സമർപ്പിക്കുകയോ കമ്മീഷൻ മുമ്പാകെ ഹാജരാവുകയോ ചെയ്തില്ല.

തുടർച്ചയായി നോട്ടീസയച്ചിട്ടും കമ്മീഷൻ നടപടിക്രമത്തെ അനിൽകുമാർ അവഗണിക്കുകയായിരുന്നു. തുടർന്ന് അനിൽകുമാറിന് ആക്ഷേപമില്ലെന്ന നിഗമനത്തിൽ കമ്മീഷൻ എത്തിച്ചേർന്നു.

പോലീസുവണ്ടി പോകുമ്പോൾ മറ്റുള്ളവണ്ടികൾ നിർത്തി സൈഡ് കൊടുക്കണമെന്ന് നിർബന്ധമില്ലെന്ന് കമ്മീഷൻ നിരീക്ഷിച്ചു. മുഖ്യമന്ത്രിയുടെ പൈലറ്റ് ഡ്യൂട്ടി കഴിഞ്ഞ് സ്റ്റേഷനിലേക്ക് പോകുന്ന വഴിയാണ് സംഭവമെന്ന് എസ്.ഐ. കമ്മീഷനെ അറിയിച്ചു. ട്രാഫിക് നിയമം ലംഘിച്ചതിന് ഹരികുമാറിന്റെ പേരിൽ ഒരു പെറ്റികേസു പോലുമില്ല. ഓട്ടോറിക്ഷ ഓടിച്ച് ജീവിക്കുന്ന ഒരു തൊഴിലാളിയെ പൊതുറോഡിൽ അനാവശ്യമായി ദേഹോപദ്രവം ചെയ്യാൻ പാടില്ലായിരുന്നുവെന്ന് ജസ്റ്റിസ് ജെ.ബി. കോശി നിരീക്ഷിച്ചു. മനുഷ്യാവകാശ പ്രവർത്തകനായ തേമ്പാമൂട് സഹദേവൻ സമർപ്പിച്ച പരാതിയിലാണ് നടപടി.

# കൊലപാതകം മനപൂർവമല്ലാത്ത നരഹത്യയാക്കി; ഉന്നതതല അന്വേഷണം വേണം

തൃശ്ശൂർ: ഭർത്താവും ഭാര്യയും തമ്മിലുള്ള വഴക്കിൽ ഇടപെട്ട ഭാര്യാപിതാവിനെ കൊലപ്പെടുത്തിയ സംഭവത്തിൽ മനപൂർവമല്ലാത്ത നരഹത്യ ചാർജ്ജ് ചെയ്ത പോലീസ് നടപടിയെ കുറിച്ച് ഉന്നതതല അന്വേഷണം നടത്തണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ.

ആദ്യം കൊലപാതകത്തിന് ഐ.പി.സി. 302 ചേർത്ത ശേഷം പിന്നീട് മാറ്റി മനപ്പൂർവ്വമല്ലാത്ത നരഹത്യക്ക് ഐ.പി.സി. 304 ചേർക്കുകയായിരുന്നു.

ഗുരുവായൂർ പോലീസിനെതിരെ ചാവക്കാട് സ്വദേശിനി മിനി സമർപ്പിച്ച ഹർജിയിലാണ് നടപടി. മിനിയുടെ ഭർത്താവ് ഗൾഫിലാണ്. ഇവർക്ക് രണ്ട് കുട്ടികളുണ്ട്.

വർഷങ്ങളായി ദമ്പതികൾ അകന്നു കഴിയുകയാണ്. ഇതു സംബന്ധിച്ച് കോടതിയിൽ കേസുണ്ട്.

കഴിഞ്ഞവർഷം സെപ്റ്റംബർ 20 ന് കോട്ടപ്പടിയിലുള്ള വീട്ടിൽ ചിലർ വന്നുവെന്ന് വിവരം കിട്ടിയതിനെ തുടർന്ന് മിനി ഗുരുവായൂർ സ്റ്റേഷനിൽ വിവരം അറിയിച്ചെങ്കിലും കേസിൽ ഇടപെടാനാവില്ലെന്ന് പോലീസ് അറിയിച്ചത്രേ. തങ്ങൾ വീട്ടിലെത്തിയപ്പോൾ ഭർത്താവിന്റെ ചില ബന്ധുക്കളെ കണ്ടെന്നും അവർ തന്റെ പിതാവിനെ ഉപദ്രവിച്ചെന്നും പരാതിയിൽ പറയുന്നു. വന്ന കാറിൽ തന്നെ രക്ഷപ്പെട്ടെങ്കിലും ഭർത്താവിന്റെ ബന്ധുക്കൾ കാറിനെ പിന്തുടർന്ന് പിതാവിനെ കൊന്നതായാണ് ആരോപണം. ഗുരുവായൂർ പോലീസ് യഥാസമയം ഇടപെട്ടിരുന്നെങ്കിൽ അച്ഛന്റെ കൊലപാതകം സംഭവിക്കില്ലായിരുന്നെന്നും പരാതിയിൽ പറയുന്നു.

കമ്മീഷൻ തൃശ്ശൂർ പോലീസ് മേധാവിയിൽ നിന്നും വിശദീകരണം തേടിയിരുന്നു. പരാതിക്കാരിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ 1706/13 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അന്വേഷണം പുരോഗമിക്കുകയാണെന്നും റിപ്പോർട്ടിലുണ്ട്. ഗുരുവായൂർ സബ് ഇൻസ്പെക്ടർ ടി.ജി. ദിലീപിന്റെ ഭാഗത്ത് വീഴ്ചയുണ്ടെന്നും യഥാസമയം ഇടപെട്ടിരുന്നെങ്കിൽ കൊലപാതകം ഒഴിവാക്കാമായിരുന്നെന്നും റിപ്പോർട്ടിൽ പറയുന്നു.

ആദ്യം ഐ.പി.സി. 302 ചാർജ്ജ് ചെയ്തിരുന്നെങ്കിലും പിന്നീട് 304 ഐ.പി.സിയാക്കി മാറ്റിയതായും റിപ്പോർട്ടിലുണ്ട്.

ഗുരുവായൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്ത 1706/13 കേസിന്റെ അന്വേഷണം ഗുരുവായൂർ അസിസ്റ്റന്റ് പോലീസ് കമ്മീഷണറെ ഏൽപ്പിക്കണമെന്നും ആർ. നടരാജൻ ഉത്തരവിൽ പറയുന്നതായി കമ്മീഷൻ വാർത്തുകുറിപ്പിൽ അറിയിച്ചു.

# ജയിലിനുള്ളിൽ വർഗ്ഗീയത ഇളക്കിവിടാൻ ഉദ്യോഗസ്ഥർ ശ്രമിക്കരുത്

ആലപ്പുഴ: ജയിലിനുള്ളിൽ ഉദ്യോഗസ്ഥർ തടവുകാരോട് വർഗ്ഗീയത കാണിക്കുന്നത് ഗുരുതരമായ പ്രവൃത്തിയാണെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ.

മാവേലിക്കര സ്പെഷ്യൽ ജയിൽ മുൻസൂപ്രണ്ട് ഒരു പ്രത്യേക മതത്തിലുള്ളവരോട് തുറന്ന സമീപനവും മറ്റ് മതക്കാരോട് ക്രൂരതയും കാണിക്കുന്നു എന്ന പരാതിയിലാണ് നടപടി. മാവേലിക്കര സ്പെഷ്യൽ ജയിൽ മുൻ സൂപ്രണ്ടിനെതിരെ ബിബിൻ വർഗീസാണ് പരാതി നൽകിയത്.

പരാതിക്കാരൻ മാവേലിക്കര സ്പെഷ്യൽ ജയിലിലെ വിചാരണ തടവുകാരനായിരിക്കെ ജയിൽ സൂപ്രണ്ട് തന്നെ ശാരീരികവും മാനസികവുമായി പീഡിപ്പിച്ചതായി ബിബിൻ വർഗീസ് ആരോപിച്ചു. കഴിഞ്ഞ മേയ് 28 ന് തന്നെ കുനിച്ച് നിർത്തി മുതുകിലും നട്ടെല്ലിലും ഇടിച്ചെന്നും പരാതിയിൽ പറയുന്നു.

കമ്മീഷൻ ജയിൽ വകുപ്പ് ഡയറക്ടറിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിരുന്നു. സംഭവത്തെ കുറിച്ച് അന്വേഷിക്കാൻ ദക്ഷിണമേഖലാ ജയിൽ ഡപ്യൂട്ടി ഐ.ജി. പ്രദീപ്കുമാറിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ഡയറക്ടർ കമ്മീഷനെ അറിയിച്ചു. എന്നാൽ ആരോപണങ്ങൾ ജയിൽവകുപ്പ് നിഷേധിച്ചു. അതേസമയം മാവേലിക്കര ജയിൽ സൂപ്രണ്ട് നിരുത്തരവാദപരമായി പെരുമാറുന്നതായി അന്വേഷണത്തിൽ കണ്ടെത്തിയതായും വിശദീകരണത്തിലുണ്ട്. അദ്ദേഹത്തെ തിരുവനന്തപുരം സെൻട്രൽ ജയിലിലേക്ക് സ്ഥലം മാറ്റിയെന്നും വിശദീകരണത്തിൽ പറയുന്നു.

പരാതിക്കാരനെ മാവേലിക്കരയിൽ നിന്നും കൊല്ലം ജയിലിലേക്കും മാറ്റി. ജയിലിനുള്ളിൽ വർഗീയതയുടെ പേരിൽ പ്രശ്നങ്ങളുണ്ടാക്കാൻ ശ്രമിക്കുന്നത് ശരിയല്ലെന്ന് കമ്മീഷൻ നിരീക്ഷിച്ചു. മുൻ സൂപ്രണ്ടിന് മേൽ ശരിയായ മേൽനോട്ടം ഉണ്ടാകണമെന്ന് കമ്മീഷൻ അംഗം ആർ. നടരാജൻ തിരുവനന്തപുരം സെൻട്രൽജയിൽ സൂപ്രണ്ടിന് നിർദ്ദേശം നൽകിയതായി കമ്മീഷൻ വാർത്താകുറുപ്പിൽ അറിയിച്ചു.

# പച്ചാളം ചന്ത അടച്ചുപൂട്ടണമെന്ന് കമ്മീഷൻ

**കൊ**ച്ചി: പച്ചാളം ചന്ത ഉടൻ അടച്ചുപൂട്ടണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിട്ടു.

മലിനീകരണ നിയന്ത്രണ നിയമത്തിൽ പറയുന്ന പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള എല്ലാ നടപടികളും ചന്ത പ്രവർത്തിപ്പിക്കുന്നവർക്കെതിരെ നിയമാനുസരണം സ്വീകരിക്കണമെന്നും ഉത്തരവിൽ പറയുന്നു. പച്ചാളം സ്വദേശി എസ്. സോമൻ സമർപ്പിച്ച പരാതിയിലാണ് നടപടി.

ജൂൺ 23 നുള്ള ഉത്തരവിൽ മലിനീകരണ നിയന്ത്രണ നിയമങ്ങൾ പാലിച്ചില്ലെങ്കിൽ ചന്ത അടച്ചുപൂട്ടണമെന്ന് കമ്മീഷൻ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ കൊച്ചി നഗരസഭ ഒരു നടപടിയും സ്വികരിച്ചില്ല. ചന്തയിൽ നിന്നുള്ള മലിനജലം കാനയിലേക്ക് ഒഴുക്കിവിടുന്നതായി മലിനീകരണ നിയന്ത്രണ ബോർഡ് കമ്മീഷനെ അറിയിച്ചു. കെട്ടിടം, ഭിത്തി കെട്ടി മറച്ചില്ല. ഇവ രണ്ടും ചെയ്യാൻ ബോർഡ് നിർദ്ദേശം നൽകിയിട്ടും നഗരസഭ അവഗണിച്ചു. തുടർന്ന് കൊച്ചി നഗരസഭ സെക്രട്ടറിക്കെതിരെ നിയമനടപടി സ്വികരിക്കാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് മലിനീകരണ നിയന്ത്രണ ബോർഡ് സീനിയർ എൻവയൺമെന്റൽ എഞ്ചിനീയർ, ബോർഡ് കാര്യാലയത്തിന് കത്തെഴുതി.

ചന്തയിൽ അതിരാവിലെ മാടുകളെ കശാപ്പുചെയ്യുന്നുണ്ടെന്ന് ജില്ലാമെഡിക്കൽ ഓഫീസറും കമ്മീഷനെ അറിയിച്ചു. മലിനീകരണം നിയന്ത്രിക്കേണ്ട നഗരസഭ ജനങ്ങൾക്ക് ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഇത്തരമൊരു ചന്ത നടത്താൻ പാടില്ലെന്ന് കമ്മീഷൻ നിരീക്ഷിച്ചു. മലിനീകരണ നിയന്ത്രണബോർഡിന്റെ അംഗീകാരം ഇല്ലാതെ ചന്ത പ്രവർത്തിപ്പിക്കാൻ പാടില്ലെന്നും ജസ്റ്റിസ് ജെ.ബി. കോശി നഗരസഭക്ക് നിർദ്ദേശം നൽകി. ഉത്തരവ് പോലീസ് മേധാവിക്കും ആരോഗ്യ-തദ്ദേശ സെക്രട്ടറിമാർക്കും കൈമാറി. കൊച്ചി നഗരസഭാ സെക്രട്ടറിക്കും മലിനീകരണ നിയന്ത്രണ ബോർഡിനും ഉത്തരവ് നൽകിയിട്ടുണ്ട്.

# കേശവേന്ദ്രകുമാറിനെ കരിഓയിൽ ഒഴിച്ച സംഭവം; കുറ്റപത്രം ഉടൻ കോടതിയിൽ നൽകണമെന്ന് മനുഷ്യാവകാശ കമ്മീഷൻ

**തി**രുവനന്തപുരം: ഹയർസെക്കന്ററി ഡയറക്ടറായിരുന്ന ഐ.എ.എസ്. ഉദ്യോഗസ്ഥൻ കേശവേന്ദ്രകുമാറിനെ കെ.എസ്.യു പ്രവർത്തകർ കരിഓയിൽ ഒഴിച്ച സംഭവത്തിൽ തമ്പാനൂർ പോലീസ് രജിസ്റ്റർ ചെയ്ത കേസിൽ അന്വേഷണം പൂർത്തിയാക്കി ഉടൻ കുറ്റപത്രം കോടതിയിൽ സമർപ്പിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ ഉത്തരവിട്ടു.

കുറ്റം ചെയ്തവർക്കെതിരെ നടപടി സ്വീകരിക്കാൻ താമസമുണ്ടാകരുതെന്നും ഉത്തരവിൽ പറയുന്നു.

സംസ്ക്കാരമുള്ള ഒരു ജനതയും ചെയ്യുന്ന പ്രവർത്തിയല്ല ഇത്. സർക്കാർ ജോലി കൃത്യമായി ചെയ്യുന്ന ഉദ്യോഗസ്ഥനെ തടഞ്ഞുവയ്ക്കുകയും സമൂഹമധ്യത്തിൽ അപമാനിക്കുകയും ചെയ്യുന്നത് ക്രൂരമായ മനുഷ്യാവകാശ ലംഘനമാണ്.

ഇത്തരം സംഭവങ്ങൾക്ക് കേസെടുത്ത് നടപടി ആരംഭിക്കുന്നതല്ലാതെ തുടർനടപടികൾക്ക് സർക്കാരോ പ്രോസിക്യൂഷനോ ആർജവം കാണിക്കുമോ എന്ന് സംശയമാണെന്നും ഉത്തരവിൽ പറയുന്നു.

2013 ഫെബ്രുവരി 6 നായിരുന്നു സംഭവം. ഹയർസെക്കന്ററി പരീക്ഷയുടെ ഫീസ് വർദ്ധനവിനെതിരെയാണ് ഡയറക്ടറുടെ ശരീരത്തിൽ കരിഓയിൽ ഒഴിച്ചത്.

ഫയലുകൾക്കും കേടുപാടുകൾ സംഭവിച്ചു.

സംഭവത്തിൽ സർക്കാരിന് 5 ലക്ഷം രൂപയുടെ നഷ്ടമുണ്ടായെന്ന് പോലീസ് കമ്മീഷനെ അറിയിച്ചു. ഇതിനെതിരെ കെ.എസ്.യു ജില്ലാസെക്രട്ടറി സിപ്പി നൂറുദ്ദീനെയും കൂട്ടാളികളെയും പ്രതിയാക്കി തമ്പാനൂർ പോലീസ് ക്രൈം 253/13 നമ്പറായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും പോലീസ് കമ്മീഷനെ അറിയിച്ചു.

കുറ്റപത്രം തയ്യാറാക്കി വരികയാണെന്നും പോലീസ് അറിയിച്ചു. മോഹൻദാസ് സമർപ്പിച്ച പരാതിയിലാണ് നടപടി.

# ഓൺലൈനാണെന്ന് പറഞ്ഞ് നേരിട്ട് നൽകുന്ന അപേക്ഷകൾ നിരസിക്കരുത്

**ആ**ലപ്പുഴ: ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്ന സംവിധാനം നടപ്പിലാക്കിയെന്ന കാരണത്താൽ ആലപ്പുഴ കളക്ടറേറ്റിൽ നേരിട്ട് സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ നിരസിക്കരുതെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ.

ഇത് സംബന്ധിച്ച് ജില്ലാകളക്ടർ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണമെന്നും ഉത്തരവിൽ പറയുന്നു.

ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കുമ്പോൾ 17 രൂപയാണ് അക്ഷയ കേന്ദ്രങ്ങൾ ഈടാക്കുന്നതെന്നും അതിൽ കൂടുതൽ വാങ്ങിയാൽ പരാതിക്കാരന് കളക്ടർക്ക് പരാതി നൽകാമെന്നും ഉത്തരവിൽ പറയുന്നു. പരാതി ഗൗരവമായി പരിഗണിച്ച് ബന്ധപ്പെട്ടവർക്കെതിരെ നടപടി എടുക്കണം. വട്ടോളി മാർക്കറ്റ് പുതിയവിളയിൽ സുഗുണൻ നൽകിയ പരാതിയിലാണ് നടപടി. 2013 മാർച്ചിലാണ് കളക്ടറേറ്റിൽ ഓൺലൈനായി അപേക്ഷ സ്വീകരിച്ച് തുടങ്ങിയത്. 2014 ജൂൺ വരെ 4,17,236 സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകിയിട്ടുണ്ടെന്ന് കളക്ടർ അറിയിച്ചതായി കമ്മീഷൻ വാർത്താ കുറിപ്പിൽ അറിയിച്ചു.

# എതിർകക്ഷിക്ക് പരാതിയുടെ പകർപ്പ് നൽകണം

**തി**രുവനന്തപുരം: പോലീസ് സ്റ്റേഷനിൽ പരാതി ലഭിക്കുമ്പോൾ എതിർകക്ഷിക്ക് പരാതിയുടെ പകർപ്പ് നൽകണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ്. ജെ.ബി. കോശി.

കേരള പോലീസ് നിയമത്തിലെ 32-ാം വകുപ്പ് അനുസരിച്ച് എതിർകക്ഷിക്ക് തനിക്കെതിരെയുള്ള പരാതിയുടെ പകർപ്പ് ആവശ്യപ്പെടാനുള്ള അവകാശമുണ്ടെന്ന് ഉത്തരവിൽ പറയുന്നു. എതിർകക്ഷിയെയും സാക്ഷിയെയും സ്റ്റേഷനിലേക്ക് വിളിക്കുമ്പോൾ പരാതി എന്താണെന്ന് അവരോട് പറയാനുള്ള ചുമതല പോലീസിനുണ്ടെന്നും ഉത്തരവിൽ പറയുന്നു. ഇത് സ്വാഭാവിക നീതിയുടെ ഭാഗമാണ്. പോലീസ് നിയമത്തിലെ 34-ാം വകുപ്പ് അനുസരിച്ച് വാക്കാലുള്ള പരാതികൾവരെ സ്റ്റേഷനിൽ നൽകാവുന്നതാണെന്നും കമ്മീഷൻ നിരീക്ഷിച്ചു.

ഉത്തരവ് ആഭ്യന്തരവകുപ്പ് അഡീഷണൽ ചീഫ്സെക്രട്ടറിക്കും സംസ്ഥാന പോലീസ് മേധാവിക്കും കൈമാറി. കെ.ജെ. ജോസ്പ്രകാശ് സമർപ്പിച്ച പരാതിയിലാണ് നടപടി.

# സ്കൂളുകളിലെ പൊതുപരിപാടികൾ അധ്യയനത്തെ ബാധിക്കരുത്

**തി**രുവനന്തപുരം: സ്കൂളുകളിൽ നടക്കുന്ന പൊതുപരിപാടികൾ അധ്യയനത്തെ ബാധിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ്. ജെ.ബി. കോശി.

ഇത്തരം പരിപാടികളിൽ വിശിഷ്ട വ്യക്തികളും നേതാക്കളും മുൻകൂട്ടി നിശ്ചയിക്കുന്ന സമയത്ത് തന്നെ പങ്കെടുക്കണം. കൃത്യനിഷ്ഠയുടെ കാര്യത്തിൽ അധ്യാപകരും വിശിഷ്ടാതിഥികളും കുട്ടികൾക്ക് മാതൃകയായി തീരണമെന്നും കമ്മീഷൻ ഉത്തരവിൽ പറഞ്ഞു.

സ്കൂളിൽ പൊതുപരിപാടി സംഘടിപ്പിക്കുമ്പോൾ മൂന്നുമണിക്കു ശേഷം നടത്തുന്നതായിരിക്കും ഉചിതമെന്നും കമ്മീഷൻ നിർദ്ദേശിച്ചു. അവധി ദിവസം തിരഞ്ഞെടുക്കുന്നതും അഭികാമ്യമാണ്.

ജൂൺ 16-ന് കോട്ടൺഹിൽ സ്കൂളിൽ നടന്ന ജില്ലാതല ഇംഗ്ലീഷ് ക്ലബ്ബിന്റെ ഉദ്ഘാടന ചടങ്ങിൽ പോളിയോ ബാധിച്ച കുട്ടിയെ ഉൾപ്പെടെ മൂന്നു മണിക്കൂർ കാത്തിരുത്തിയതിനെതിരെ നിയമസംരക്ഷണ പ്രതികരണ വേദി ചെയർമാൻ പി.കെ. രാജു സമർപ്പിച്ച പരാതിയിലാണ് നടപടി. പോളിയോ ബാധിച്ച വിദ്യാർത്ഥിനിയെ മൂന്നു മണിക്കൂർ വീൽചെയറിൽ കാത്തിരുത്തിയെന്നും ഇത്തരത്തിലുള്ള പൊതുപരിപാടികൾ കാരണം കുട്ടികൾക്ക് അധ്യയനം മുടങ്ങുന്നുവെന്നും പരാതിയിൽ പറയുന്നു.

കോട്ടൺഹിൽ സംഭവം രാഷ്ട്രീയവൽക്കരിക്കപ്പെട്ടതിനാൽ അഭിപ്രായം രേഖപ്പെടുത്തുന്നില്ലെന്ന് കമ്മീഷൻ ഉത്തരവിൽ പറയുന്നു. കുട്ടികളിൽ നേതൃപാടവം ഉണ്ടാക്കാനും ശാസ്ത്ര- സാഹിത്യ-കലാ -കായിക രംഗങ്ങളിൽ ഉത്തേജനം പകരാനും സ്കൂളിൽ നടക്കുന്ന പൊതുപരിപാടികൾ പ്രചോദനമായി മാറാൻ സാധ്യതയുണ്ടെന്നും ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറയുന്നു.

എന്നാൽ വിശിഷ്ടാതിഥികൾ പങ്കെടുക്കുന്ന പൊതുസമ്മേളനങ്ങൾ സ്കൂളുകളിൽ നടക്കുമ്പോൾ അധ്യയനത്തെ കാര്യമായി ബാധിക്കാതിരിക്കണമെന്നും ഉത്തരവിൽ പറയുന്നു. ഉത്തരവ് ഡി.പി.ഐക്ക് കൈമാറി.

# മോർഫിൻ മരുന്നുപോലും ലഭ്യമല്ല; വിശദീകരണം തേടി

**തി**രുവനന്തപുരം: ദുസഹമായ ശരീര വേദന അനുഭവിക്കുന്ന രോഗികൾക്ക് നൽകിവരുന്ന മോർഫിൻ മരുന്ന് പോലും സംസ്ഥാനത്ത് കിട്ടാനില്ലെന്ന പരാതിയിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സർക്കാരിന്റെ വിശദീകരണം തേടി.

ഇതുകൂടാതെ സാന്ത്വന ചികിത്സയുടെ ഫലപ്രദമായ നടത്തിപ്പിന് വേണ്ടി സർക്കാർ നടപ്പിലാക്കിയിട്ടുള്ള സംവിധാനങ്ങളെ കുറിച്ച് ആരോഗ്യവകുപ്പ് സെക്രട്ടറി അടിയന്തിര വിശദീകരണം സമർപ്പിക്കണമെന്നും സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ്. ജെ.ബി. കോശി ഉത്തരവിൽ ആവശ്യപ്പെട്ടു.

സാന്ത്വന ചികിത്സയിൽ വേദനസംഹാരിയായി നൽകുന്ന മോർഫിൻ മരുന്നിന്റെ ലഭ്യതയെ കുറിച്ചും സർക്കാർ വിശദീകരിക്കണം. വേദന സംഹാരികൾ നൽകാൻ പരിശീലനം ലഭിച്ച ജീവനക്കാർ ഉണ്ടോ എന്നും അറിയിക്കണം.

സ്വകാര്യ ആശുപത്രികളിൽ സാന്ത്വനചികിത്സക്ക് നിലവിലുള്ള സൗകര്യങ്ങളെകുറിച്ചും വിശദീകരിക്കണം.

എൻഡോസൾഫാൻ ദുരിതബാധിതനായ മകന്റെ വേദന സഹിക്കാനാവാതെ മകനെ കൊലപ്പെടുത്തി ആത്മഹത്യചെയ്ത മാതാപിതാക്കളുടെ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സാന്ത്വനചികിത്സയുടെ അപര്യാപ്തതകൾ ചൂണ്ടികാണിച്ച് പാലിയം ഇന്ത്യാ ട്രസ്റ്റിനുവേണ്ടി ചെയർമാൻ ഡോ. എം. ആർ. രാജഗോപാൽ ഫയൽ ചെയ്ത ഹർജിയിലാണ് നടപടി.

സാന്ത്വന ചികിത്സയിൽ പ്രാവീണ്യമുള്ള ഡോക്ടർമാരുടെ കുറവ് കേരളത്തിൽ അനുഭവപ്പെടുന്നതായി പരാതിയിൽ പറയുന്നു. വേദന കുറയ്ക്കാനുള്ള ചികിത്സക്കു വേണ്ടി ആശുപത്രിയിൽ എത്തുന്നവർക്ക് അത് ലഭിക്കുന്നില്ല. വേദന സംഹാരിയായ മോർഫിൻ സൂക്ഷിക്കാൻ 146 അംഗികൃത ആശുപത്രികൾക്ക് അനുവാദമുണ്ടെങ്കിലും പലയിടത്തും മരുന്ന് കിട്ടാനില്ല. സാന്ത്വന ചികിത്സാനയം വന്ന് 6 വർഷം കഴിഞ്ഞിട്ടും പല ആശുപത്രികളിലും സാന്ത്വന ചികിത്സാ യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ലെന്നും പരാതിയിൽ പറയുന്നു.

ആരോഗ്യവകുപ്പ് വിശദീകരണം സമർപ്പിക്കണം. കേസ് തിരുവനന്തപുരത്ത് പരിഗണിക്കും.

# പോലീസുകാർ കൈയേറിയ കടമുറിക്ക് 7 വർഷത്തെ വാടക നൽകണം

**ആ**ലപ്പുഴ: ഏഴ് വർഷങ്ങൾക്ക് മുമ്പ് പോലീസ് കൈയേറിയ കടമുറിക്ക് ന്യായമായ വാടക നൽകാൻ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ ആലപ്പുഴ ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകി.

2007/08 കാലയളവിൽ മാവേലിക്കര കുറത്തിക്കാട് പോലീസ് സ്റ്റേഷൻ അധികൃതരാണ് വെട്ടിയാർ മേഖലയിലുണ്ടായ രാഷ്ട്രീയ സംഘട്ടനത്തെ തുടർന്ന് ക്രമസമാധാനം ഉറപ്പുവരുത്താനായി വെട്ടിയാറിൽ പോലീസ് പിക്കറ്റിംഗ് ഏർപ്പാടാക്കിയത്.

അന്നത്തെ കുറത്തിക്കാട് എസ്.ഐ. ഷംസുദ്ദീന്റെ വാക്കാലുള്ള ആവശ്യപ്രകാരം വെട്ടിയാർ കുറ്റിയിൽ വീട്ടിൽ കെ.എസ്. മാത്യു തന്റെ കടമുറി പോലീസുകാർക്ക് ഇരിക്കാൻ വിട്ടുനൽകി. പോലീസുകാർ മാറാത്തതിനെ തുടർന്ന് മാസം 1000 രൂപ വാടക നൽകണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എസ്.ഐ. വാടക നൽകാമെന്ന് സമ്മതിച്ചതായി മാത്യു കമ്മീഷനിൽ സമർപ്പിച്ച പരാതിയിൽ പറയുന്നു. എന്നാൽ നാളിതുവരെ വാടക നൽകുകയോ കടമുറി ഒഴിഞ്ഞു നൽകുകയോ ചെയ്തില്ല. പോലീസുകാർ ഉപയോഗിച്ച വെള്ളത്തിന് 10,000 രൂപ ജല അതോറിറ്റിയിൽ അടച്ചതായും പരാതിയിൽ പറയുന്നു.

കമ്മീഷൻ ചെങ്ങന്നൂർ ഡി.വൈ.എസ്.പി യിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടു.

സമാധാനകാംക്ഷിയായ മാത്യു പോലീസുകാർക്ക് മുറി വിട്ടുനൽകിയതാണെന്നായിരുന്നു ഡി.വൈ.എസ്.പി യുടെ വാദം. വാടകക്കരാർ ഇല്ലാത്തതിനാൽ വാടക നൽകാൻ നിർദ്ദേശിക്കാനാവില്ലെങ്കിലും പരാതിക്കാരന് വാടക ലഭിക്കാൻ അർഹതയുണ്ടെന്ന് കമ്മീഷൻ അംഗം ആർ. നടരാജൻ ഉത്തരവിൽ നിരീക്ഷിച്ചതായി കമ്മീഷൻ വാർത്താകുറുപ്പിൽ അറിയിച്ചു.

## ഒരു ആംബുലൻസെങ്കിലും ലഭ്യമാക്കണം

# കൊല്ലം ജില്ലാ ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ ഡോക്ടർമാരെ നിയമിക്കണമെന്ന് കമ്മീഷൻ

**കൊ**ല്ലം : ജില്ലാ ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ ഡോക്ടർമാരെ നിയമിക്കാൻ അടിയന്തിരമായി നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ ഉത്തരവിട്ടു.

ഡോക്ടർമാരും മറ്റു അനുബന്ധ ജീവനക്കാരും കൃത്യമായി ഡ്യൂട്ടിചെയ്യുന്നുണ്ടോയെന്ന് ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥർ മിന്നൽ പരിശോധന നടത്തണം. ഒരു ആംബുലൻസെങ്കിലും എപ്പോഴും ആശുപത്രിയിൽ ഉണ്ടായിരിക്കാൻ നടപടി സ്വീകരിക്കണമെന്നും ഉത്തരവിൽ പറയുന്നു.

കുണ്ടറ പഞ്ചായത്ത് മുൻ വൈസ് പ്രസിഡന്റ് മുളവന രാജേന്ദ്രൻ സമർപ്പിച്ച പരാതിയിലാണ് നടപടി. 2013 ജൂലൈ 14 ന് കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചയാൾ വേണ്ടത്ര ചികിത്സ കിട്ടാതെ മരിച്ച സംഭവത്തിൽ ജില്ലാ ആശുപത്രിയിലെ ചികിത്സാ അപര്യാപ്തതകൾ ചൂണ്ടിക്കാണിച്ചാണ് പരാതി. കമ്മീഷൻ കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറോട് വിശദീകരണം ആവശ്യപ്പെട്ടിരുന്നു.

ഗുരുതരമായി പരിക്കേറ്റ് കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിലെത്തിച്ച ഉണ്ണികൃഷ്ണപിള്ളയെ കൊല്ലം ജില്ലാ ആശുപത്രിയിലെത്തിച്ചെന്നും അവിടെ നിന്നും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വിദഗ്ദ്ധ ചികിത്സക്ക് അയച്ചെന്നും ജില്ലാമെഡിക്കൽ ഓഫീസർ കമ്മീഷനെ അറിയിച്ചു. എന്നാൽ ജില്ലാ ആശുപത്രിയിൽ ആംബുലൻസ് ലഭ്യമായിരുന്നില്ല.

പുറത്തുനിന്നും ആംബുലൻസ് വരുത്തിയാണ് രോഗിയെ തിരുവനന്തപുരത്തേക്കയച്ചത്. ജില്ലാ ആശുപത്രിയിൽ വേണ്ടത്ര ചികിത്സ നൽകിയെന്നും വിശദീകരണത്തിൽ പറയുന്നു. അതേസമയം ഉണ്ണികൃഷ്ണപിള്ളക്ക് ചികിത്സ കിട്ടിയില്ലെന്ന് ആരോപിച്ച് പത്രവാർത്ത വന്നശേഷം 15 നഴ്സുമാരെയും 45 അറ്റന്റർമാരെയും കൊല്ലം ജില്ലാ ആശുപത്രിയിൽ കൂടുതലായി നിയമിച്ചിട്ടുണ്ടെന്നും വിശദീകരണത്തിൽ പറയുന്നു.

കൊല്ലം ജില്ലാ ആശുപത്രിയിൽ ആംബുലൻസ് ലഭ്യമാകാത്തത് ഗുരുതരമായ വീഴ്ചയാണെന്ന് കമ്മീഷൻ നിരീക്ഷിച്ചു. ധാരാളം അപകട കേസുകളെത്തുന്ന ആശുപത്രിയിൽ ട്രോമാ കെയറുണ്ടെന്ന് വിശദീകരണത്തിൽ നിന്നും മനസ്സിലായിട്ടില്ല.

പത്രവാർത്ത വന്നശേഷം ജീവനക്കാരെ നിയമിച്ചു എന്നതിൽ നിന്നും സംഭവസമയത്ത് ആവശ്യത്തിന് ജീവനക്കാരുണ്ടായിരുന്നില്ലെന്ന് വ്യക്തമാണെന്നും ഉത്തരവിൽ പറയുന്നു. മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കരുതെന്നും കമ്മീഷൻ അംഗം ആർ നടരാജൻ ഉത്തരവിൽ ചൂണ്ടിക്കാണിച്ചതായി കമ്മീഷൻ വാർത്താകുറുപ്പിൽ അറിയിച്ചു. ഉത്തരവ് ആരോഗ്യസെക്രട്ടറിക്കും ജില്ലാമെഡിക്കൽ ഓഫീസർക്കും കൈമാറി.

# നിർദ്ദന യുവതിക്ക് വീടുംസ്ഥലവും നൽകണം കളക്ടർക്ക് മനുഷ്യാവകാശ കമ്മീഷന്റെ രൂക്ഷവിമർശനം

**ആ**ലപ്പുഴ: സമ്പത്തോ അധികാരമോ ഇല്ലാത്ത പാവപ്പെട്ടവരുടെ ക്ഷേമത്തിനായി മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ യഥാസമയം നൽകാൻ ആലപ്പുഴ ജില്ലാ കളക്ടർക്ക് കർശന നിർദ്ദേശം നൽകണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ ചീഫ് സെക്രട്ടറിയെ അറിയിച്ചു. തീർത്തും നിരുത്തരവാദപരമായ സമീപനമാണ് കളക്ടറുടെ ഓഫീസിൽ നിന്നുണ്ടായതെന്നും കമ്മീഷൻ നിരീക്ഷിച്ചു.

സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്ത എ.പി.എൽ കാർഡിന് ഉടമയായ വിധവക്കും വൃദ്ധയായ മാതാവിനും എ.പി.എൽ കാർഡ് നൽകിയതിനെതിരെ ഫയൽ ചെയ്യപ്പെട്ട കേസിൽ കമ്മീഷൻ ആവശ്യപ്പെട്ട വിശദീകരണമാണ് ജില്ലാകളക്ടർ യഥാസമയം നൽകാതിരുന്നത്.

ലജ്ജനത്ത് വാർഡ് ബംഗ്ലാവ് പറമ്പിൽ നജീമയാണ് കമ്മീഷനിൽ പരാതി സമർപ്പിച്ചത്. ഭർത്താവ് അബ്ദുൾ ഖാദർ കാൻസർ ബാധിച്ച് മരിച്ചു.

നജീമക്ക് മക്കൾ ഇല്ല. വൃദ്ധയായ മാതാവുമൊത്ത് സിവിൽ സ്റ്റേഷൻ വാർഡിൽ വാടകമുറിയിലാണ് താമസം. നട്ടെല്ലിന് ഓപ്പറേഷൻ കഴിഞ്ഞതിനാൽ ഊന്നുവടിയുടെ സഹായത്തോടെയാണ് നടക്കുന്നത്. വിധവാ പെൻഷനോ മാതാവിന് വാർദ്ധക്യകാല പെൻഷനോ ലഭിക്കുന്നില്ല. 2011 മുതൽ താലൂക്ക് ഓഫീസിൽ ഇറങ്ങി കയറിയിട്ടും എ.പി.എൽ കാർഡ് ബി.പി.എല്ലാക്കിയില്ല.

ബി.പി.എൽ കാർഡുണ്ടെങ്കിൽ വീടും സ്ഥലവും വാങ്ങാൻ സർക്കാർ സഹായം ലഭിക്കുമെന്നും പരാതിയിൽ പറയുന്നു.

കമ്മീഷൻ ജില്ലാകളക്ടർ, മുൻസിപ്പൽസെക്രട്ടറി, അമ്പലപ്പുഴ താലൂക്ക് സപ്ലൈ ഓഫീസർ എന്നിവരിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടു. മുനിസിപ്പൽ സെക്രട്ടറി മാത്രം വിശദീകരണം സമർപ്പിച്ചു. നജീമയുടെ കാർഡ് ബി.പി.എല്ലാക്കി നൽകിയെന്നും പരാതിക്കാരിക്ക് ഭൂമിയില്ലാത്തതിനാൽ വീട് നിർമ്മിച്ച് നൽകാനാവില്ലെന്നും ഭൂമി നൽകാൻ സർക്കാരിന്റെ ഭൂമികേരളം പദ്ധതിയിലേക്ക് അപേക്ഷ അയ്ക്കണമെന്നും സെക്രട്ടറിയുടെ വിശദീകരണത്തിൽ പറയുന്നു.

നജീമക്ക് വിധവാ പെൻഷൻ അടിയന്തിരമായി നൽകണമെന്ന് കമ്മീഷൻ മുൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

ഭൂമി കേരളം പദ്ധതിയിൽ വിധവയായ പരാതിക്കാരിക്ക് ഭൂമി നൽകാൻ അടിയന്തിരമായി നടപടിയെടുക്കണമെന്നും കമ്മീഷൻ മുൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകി. നജീമക്ക് സ്ഥലവും വീടും നൽകുന്ന കാര്യത്തിന് അടിയന്തിര പ്രാധാന്യം നൽകണമെന്നും കമ്മീഷൻ അംഗം ആർ. നടരാജൻ ചീഫ് സെക്രട്ടറിക്ക് നൽകിയ ഉത്തരവിൽ പറയുന്നതായി കമ്മീഷൻ വാർത്തുകുറുപ്പിൽ അറിയിച്ചു.

# സ്വയം സംരംഭക സ്ഥാപനം അടിച്ചു തകർത്ത കേസ് ഉയർന്ന ഉദ്യോഗസ്ഥൻ അന്വേഷിക്കണം

**ഇ**ടുക്കി: സർക്കാരിന്റെ സ്വയം തൊഴിൽ പദ്ധതിയായ സ്വയം സംരഭകമിഷൻ വഴി വായ്പയെടുത്ത് തൊടുപുഴയിൽ ആരംഭിച്ച സിയോനെറ്റ്സ് ടെക്നോളജീസ് എന്ന സ്ഥാപനം അടിച്ചുതകർത്തതിനെ കുറിച്ച് ഉയർന്ന ഉദ്യോഗസ്ഥനെ കൊണ്ട് അന്വേഷിപ്പിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ ഇടുക്കി ജില്ലാപോലീസ് മേധാവിക്ക് നിർദ്ദേശം നൽകി.

ഇപ്പോൾ നടന്നുവരുന്ന അന്വേഷണം തൃപ്തികരമല്ലെന്ന പരാതിയെ തുടർന്നാണ് കമ്മീഷൻ ഇടപെട്ടത്.

കഴിഞ്ഞ ഏപ്രിൽ ഒന്നിനായിരുന്നു സംഭവം. ജോർജ് എന്ന വ്യക്തിയുടെ നേതൃത്വത്തിൽ ഒരു സംഘം ഗുണ്ടകൾ സ്ഥാപനം അടിച്ചു തകർത്ത് ജീവനക്കാരെ കൊല്ലാൻ ശ്രമിച്ചെന്നായിരുന്നു പരാതി. പ്രതികളുടെ ഫോട്ടോ അടക്കം ലഭിച്ചിട്ടും പിടികൂടിയില്ലെന്ന് പരാതിയിൽ പറയുന്നു. കമ്മീഷൻ തൊടുപുഴ ഡി.വൈ.എസ്.പി യിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ക്രൈം 668/14 നമ്പരായി തൊടുപുഴ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഡി.വൈ.എസ്.പി കമ്മീഷനെ അറിയിച്ചു. 1 മുതൽ 3 വരെയുള്ള പ്രതികളെ പിടികൂടിയിട്ടില്ലെന്നും അന്വേഷണം പുരോഗമിക്കുകയാണെന്നും അദ്ദേഹം കമ്മീഷനെ അറിയിച്ചു.

പോലീസ് റിപ്പോർട്ടിൽ നിന്നും 1 മുതൽ 5 വരെയുള്ള പ്രതികൾ ക്വട്ടേഷൻ സംഘാംഗങ്ങളാണെന്ന് കാണുന്നതായി കമ്മീഷൻ ഉത്തരവിൽ നിരീക്ഷിച്ചു.

പരിക്കേറ്റവരിൽ ഒരാൾ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നയാളാണ്. എസ്.സി./എസ്.ടി അട്രോസിറ്റി പ്രിവൻഷൻ ആക്റ്റ് പ്രകാരമുള്ള വകുപ്പുകൾ ചേർത്തിട്ടില്ലെന്ന് പരാതിക്കാർ ഉന്നയിച്ചു.

അന്വേഷണത്തിനായി പ്രത്യേകം സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടെന്ന് ഡി.വൈ. എസ്.പി അറിയിച്ചു. കേസ് സത്യസന്ധമായി അന്വേഷിക്കണമെന്നും ഉയർന്ന ഉദ്യോഗസ്ഥന്റെ സേവനം അനിവാര്യമാണെന്നും ഉത്തരവിലുണ്ടെന്ന് കമ്മീഷൻ വാർത്താക്കുറുപ്പിൽ അറിയിച്ചു.

# ആദായകരമല്ലെങ്കിലും യാത്രാദുരിതം പരിഹരിക്കാനുള്ള ബാധ്യത കെ.എസ്.ആർ.റ്റി സിക്കുണ്ട്



**തൃ**ശ്ശൂർ: ആദായകരമല്ലെന്ന കാരണം പറഞ്ഞ് ട്രിപ്പ് നിർത്താതെ ജനങ്ങളുടെ യാത്രാദുരിതം പരിഹരിക്കാൻ കെ.എസ്.ആർ.റ്റി.സി.ക്ക് ബാദ്ധ്യതയുണ്ടെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ.

തൃശൂരിൽ നിന്നും ചിമ്മിനി ഡാമിലേക്ക് നേരത്തെയുണ്ടായിരുന്ന കെ.എസ്.ആർ.റ്റി.സി ബസ് സർവീസ് പുനരാരംഭിക്കണമെന്നും കമ്മീഷൻ കെ.എസ്.ആർ.റ്റി.സി ചെയർമാനും മാനേജിംഗ് ഡയറക്ടർക്കും നിർദ്ദേശം നൽകി.

തൃശൂരിൽ നിന്നും ചിമ്മിനിഡാമിലേക്ക് കെ.എസ്.ആർ.റ്റി.സി നടത്തിവന്നിരുന്ന സർവീസ് നിർത്തിയെന്ന് ആരോപിച്ച് ചിമ്മിനിഡാം സ്വദേശി ആലി സമർപ്പിച്ച പരാതിയിലാണ് നടപടി.

കമ്മീഷൻ കെ.എസ്. ആർ.റ്റി.സിയിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ചിമ്മിനി ഡാമിലേക്കുള്ള സർവീസ് ആദായകരമല്ലാത്തതിനാൽ നിർത്തിയെന്നായിരുന്നു കെ. എസ്.ആർ.റ്റി സിയുടെ വിശദീകരണം. പുതുക്കാട് നിന്നും പാലപ്പിള്ളിയിലേക്ക് രണ്ട് ട്രിപ്പുകൾ നടത്തുന്നുണ്ട്. ചാലക്കുടി, ഇരിങ്ങാലക്കുട സ്റ്റേഷനിൽ നിന്നും പാലപ്പിള്ളിയിലേക്ക് ട്രിപ്പുകൾ നടത്തുന്നുണ്ട്.

തൃശ്ശൂരിൽ നിന്നും പാലപ്പിള്ളിയിലേക്ക് ധാരാളം സ്വകാര്യ ബസുകൾ സർവീസ് നടത്തുന്നുണ്ടെന്നും വിശദീകരണത്തിൽ പറയുന്നു.

എന്നാലും മലയോര മേഖല എന്ന പരിഗണന നൽകി ചിമ്മിനി ഡാമിലേക്കുള്ള സർവീസ് പുനരാരംഭിക്കുന്ന കാര്യം ആലോചിക്കാമെന്നും കോർപ്പറേഷൻ കമ്മീഷനിൽ സമർപ്പിച്ച വിശദീകരണത്തിൽ പറയുന്നു. കോർപ്പറേഷന്റെ വിശദീകരണം തൃപ്തികരമല്ലെന്ന് ഉത്തരവിൽ നിരീക്ഷിക്കുന്നതായി കമ്മീഷൻ വാർത്താക്കുറിപ്പിൽ അറിയിച്ചു.

# മനോരോഗത്തിന് സ്വകാര്യ ആശുപത്രിയിൽ ചികിത്സിക്കുന്നവരെ സർക്കാർ ഡോക്ടർമാർ പരിശോധിക്കണം

**തി**രുവനന്തപുരം: സ്വകാര്യ ആശുപത്രികളിൽ മനോരോഗത്തിന് ചികിത്സിക്കുന്നവരെ സർക്കാർ ഡോക്ടർമാരുടെ പാനൽ കാലാകാലങ്ങളിൽ പരിശോധിച്ച് രോഗത്തിന്റെ തീവ്രത വിലയിരുത്തണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ്. ജെ.ബി. കോശി ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി. ഇവരുടെ മെഡിക്കൽ റെക്കോർഡുകൾ പാനൽ പരിശോധിക്കണം.

ഇക്കാര്യം കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് ജസ്റ്റിസ് ജെ.ബി. കോശി ഹൈക്കോടതി രജിസ്ട്രാർ ജനറലിനും നിർദ്ദേശം നൽകി.

സ്വത്തിനും പണത്തിനും വേണ്ടി മനോരോഗമുണ്ടെന്ന് ആരോപിച്ച് ആളുകളെ സ്വകാര്യ ആശുപത്രികളിൽ പ്രവേശിപ്പിക്കുകയാണെന്ന് ചൂണ്ടിക്കാട്ടി കമ്മീഷന് ലഭിച്ച കത്ത് ഫയലിൽ സ്വീകരിച്ചാണ് ഉത്തരവ്. രോഗം മാറിയാലും തിരിച്ചുകൊണ്ടുപോവില്ലെന്നും പരാതിയിൽ പറയുന്നു. രോഗമില്ലാത്തവരെ മനോരോഗികളായി ചിത്രീകരിക്കാൻ ചില സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാർ കൂട്ടുനിൽക്കുകയാണെന്നും കത്തിൽ പറയുന്നു. മനോരോഗികളുടെ സ്വത്തിൽനിന്നുള്ള വരുമാനം റിസീവറെ ഏൽപ്പിക്കണമെന്നും കത്തിൽ ആവശ്യപ്പെടുന്നു.

മനോരോഗത്തിന് ചികിത്സിക്കുന്നവരുടെ സ്വത്ത് അന്യാധീനപ്പെടാതിരിക്കാനും സ്വത്തിൽ നിന്നും കിട്ടുന്ന വരുമാനം അവർക്ക് നഷ്ടമാകാതിരിക്കാനും സർക്കാർ നടപടി സ്വീകരിക്കണമെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. ഉത്തരവിന്റെ പകർപ്പ് ആരോഗ്യ, സാമൂഹ്യ നീതി സെക്രട്ടറിമാർക്കും അയച്ചു.

# നടപ്പാലം നിർമ്മിക്കാമെന്ന് സർക്കാരിന്റെ ഉറപ്പ്: തമ്പാനൂർ നടപ്പാലം നിർമ്മാണം ഇക്കൊല്ലം തുടങ്ങണം

തിരുവനന്തപുരം: തമ്പാനൂർ ബസ്സ്റ്റേഷനും റയിൽവേ സ്റ്റേഷനുമിടയിൽ കാൽനടക്കാർക്കായി ഒരു നടപ്പാലം ഇക്കൊല്ലം തന്നെ നിർമ്മാണം ആരംഭിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിട്ടു.

വിവിധ വകുപ്പുകളുമായി കൂടിയാലോചിച്ച് നടപ്പാത നിർമ്മാണത്തെ കുറിച്ച് ചീഫ് സെക്രട്ടറി വിശദീകരണം സമർപ്പിക്കണമെന്നും കമ്മീഷൻ നോട്ടീസിൽ ആവശ്യപ്പെട്ടു. റയിൽവേ സ്റ്റേഷനിൽ നിന്നും ബസ് സ്റ്റാന്റിലേക്കും തിരിച്ചും യാത്രക്കാർക്ക് നിരത്ത് മുറിച്ചുകടക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന പശ്ചാത്തലത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

ദക്ഷിണറയിൽവേ, നഗരസഭ, പൊതുമരാമത്ത്വകുപ്പ് എന്നിവരിൽ നിന്നും കമ്മീഷൻ വിശദീകരണം തേടിയിരുന്നു.

റയിൽവേ സമർപ്പിച്ച വിശദീകരണത്തിൽ നടപ്പാലത്തെകുറിച്ച് വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുമായി 2011-ൽ റയിൽവേ ചർച്ച നടത്തിയെന്നും 5 കോടിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. മൂന്നു വർഷം കഴിഞ്ഞപ്പോൾ ഇത് 6.5 കോടി യായി. തിരുവനന്തപുരത്തെ നിർദ്ദിഷ്ട മേണോറയിൽ പദ്ധതിയുടെ സ്ഥലം തിട്ടപ്പെടുത്തിയ ശേഷം നടപ്പാലത്തിന്റെ കാര്യത്തിൽ തീരുമാനമെടുക്കാമെന്നും റയിൽവെ കമ്മീഷനെ അറിയിച്ചു.

നടപ്പാലം നിർമ്മിക്കുന്ന കാര്യം പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലുണ്ടെന്നും ഇത് സംബന്ധിച്ച് ചീഫ് എഞ്ചിനീയർ സമർപ്പിച്ച വിശദീകരണം പൊതുമരാമത്തിന് നൽകിയിട്ടുണ്ടെന്നും ഗതാഗത സെക്രട്ടറി കമ്മീഷനെ അറിയിച്ചു. മേണോറയിൽ പദ്ധതിയുമായി ബന്ധപ്പെടുത്തി നടപ്പാലം നിർമ്മിക്കുമെന്നും ഗതാഗത സെക്രട്ടറിയുടെ വിശദീകരണത്തിൽ പറയുന്നു. റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഫണ്ട് ഇതിനായി ഉപയോഗിക്കുമെന്നും സർക്കാർ അറിയിച്ചു.

നടപ്പാലം നിർമ്മിക്കേണ്ട സ്ഥലം റയിൽവേയുടെയും പൊതുമരാമത്ത് വകുപ്പിന്റെതുമായതിനാൽ ഇക്കാര്യത്തിൽ നഗരസഭക്ക് നേരിട്ട് ഇടപെടാനാവില്ലെന്ന് നഗരസഭ കമ്മീഷനെ അറിയിച്ചു. ലക്ഷക്കണക്കിന് യാത്രക്കാരാണ് ദിവസവും ഇതുവഴി യാത്രചെയ്യുന്നതെന്ന് ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു.

നടപ്പാലം വന്നാൽ അപകടങ്ങൾ ഒഴിവാക്കാനും സുഗമമായ യാത്രക്കും സഹായകമാകും.

# ഡോക്ടറുടെ മരണം ചികിത്സകിട്ടാത്തതു കാരണമെങ്കിൽ ഉത്തരവാദി സർക്കാർ

പത്തനംതിട്ട: സിവിൽ സ്റ്റേഷനിലെ കോടതി വരാന്തയിൽ ചെക്കു കേസിൽ വാദിയായ ഡോ. തോമസ് മാത്യുജോൺ കുഴഞ്ഞുവീണ് മരിച്ചത് ചികിത്സ ലഭിക്കാൻ വൈകിയതിനെ തുടർന്നാണെങ്കിൽ മരണത്തിന്റെ ഉത്തരവാദിത്വത്തിൽ നിന്നും സർക്കാരിന് ഒഴിഞ്ഞുമാറാനാവില്ലെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി.

സിവിൽ സ്റ്റേഷനിലെ ലിഫ്റ്റ് പ്രവർത്തിക്കാത്തതു കാരണമാണ് ഡോക്ടർക്ക് കൃത്യസമയത്ത് ചികിത്സ നൽകാൻ കഴിയാത്തതെന്ന് ആരോപിച്ച് റഷീദ് .സി ആനപ്പാറ സമർപ്പിച്ച പരാതിയിലാണ് നടപടി.

ലിഫ്റ്റ് നന്നാക്കാത്തതിനെതിരെ കമ്മീഷൻ നേരത്തെ ഉത്തരവ് പാസാക്കിയിരുന്നു.

എന്നിട്ടും ലിഫ്റ്റ് നന്നാക്കാത്തത് കുറ്റകരമായ അനാസ്ഥയാണെന്ന് ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു.

റവന്യൂസെക്രട്ടറിയും ജില്ലാകളക്ടറും വിശദീകരണം സമർപ്പിക്കണം. കേസ് പത്തനംതിട്ട ഗസ്റ്റ് ഹൗസിൽ നടക്കുന്ന സിറ്റിങ്ങിൽ പരിഗണിക്കും.

സിവിൽ സ്റ്റേഷനിലെ ലിഫ്റ്റുകൾ അടിയന്തിരമായി പ്രവർത്തനക്ഷമമാക്കണമെന്നും സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി നിർദ്ദേശം നൽകി. നേരത്തെ ഇതേ വിഷയത്തിൽ പത്തനംതിട്ട കോടതിയിലെ അഭിഭാഷകൻ ടി.ഇ. ഈപ്പനും ഹർജി സമർപ്പിച്ചിരുന്നു.

ജൂൺ 4 നാണ് ഹോമിയോ ഡോക്ടറായ മാത്യൂജോൺ ഹൃദയാഘാതം വന്ന് മരിച്ചത്. സിവിൽ സ്റ്റേഷനിൽ രണ്ട് ലിഫ്റ്റ് ഉണ്ടെങ്കിലും വർഷങ്ങളായി ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ല.

ലിഫ്ററ് പ്രവർത്തിക്കാത്തതുകാരണം ആർക്കെങ്കിലും സേവനം നിഷേധിക്കപ്പെട്ടാൽ അതുകാരണം ഉണ്ടാവുന്ന കഷ്ടനഷ്ടങ്ങൾക്ക് ജില്ലാഭരണകൂടവും സംസ്ഥാന ഭരണകൂടവും ഉത്തരവാദിയായിരിക്കുമെന്നും ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു.

# സ്ത്രീകളെ സ്റ്റേഷനിലേക്ക് വിളിപ്പിക്കരുത്

ഇടുക്കി: സ്ത്രീകൾ പോലീസ് സ്റ്റേഷനിൽ നൽകുന്ന പരാതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് വീണ്ടും അവരെ സ്റ്റേഷനിലേക്ക് വിളിപ്പിക്കാതെ അവരുടെ വാസസ്ഥലത്ത് പോയി അന്വേഷിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ.

നിയമം അനുസരിക്കാത്ത പീരുമേട് പോലീസിനെ ജില്ലാപോലീസ് മേധാവി താക്കീതു ചെയ്യണമെന്നും ഉത്തരവിൽ പറയുന്നു. ഏലപ്പാറ മാർക്കറ്റ് റോഡ് മഠത്തിപറമ്പിൽ പാത്തുമ്മ സമർപ്പിച്ച പരാതിയിലാണ് നടപടി.

2013 നവംബർ 13 നായിരുന്നു സംഭവം. 71 വയസ്സുള്ള പാത്തുമ്മയെ സഹോദരന്റെ മകൻ നെബു വീട്ടിൽ കയറി ആക്രമിച്ച സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്യാൻ പോലീസിന്റെ ഭാഗത്തു വീഴ്ചയുണ്ടായതായാണ് ആരോപണം.

തന്നെ പീരുമേട് സി.ഐ നിരന്തരം സ്റ്റേഷനിലേക്ക് വിളിപ്പിക്കുന്നതായും പാത്തുമ്മ പരാതിയിൽ പറയുന്നു.

കമ്മീഷൻ കട്ടപ്പന ഡി.വൈ. എസ്.പിയിൽ നിന്നും വിശദീകരണം വാങ്ങിയിരുന്നു. പാത്തുമ്മ നൽകിയ കേസ് രജിസ്റ്റർ ചെയ്യാൻ ഒരു മാസമെടുത്തതായി വിശദീകരണത്തിൽ പറയുന്നു. ഇതിനെതിരെ സി.ഐ യിൽ നിന്നും സമാധാനം വാങ്ങാൻ തീരുമാനിച്ചെങ്കിലും സി.ഐ. സമാധാനം നൽകിയിട്ടില്ലെന്നും ഇതിനെതിരെ മേൽനടപടികൾക്കായി ജില്ലാ പോലീസ് മേധാവിക്ക് റിപ്പോർട്ട് നൽകിയെന്നും വിശദീകരണത്തിൽ പറയുന്നു. ദുർബലമായ വകുപ്പുചേർത്താണ് നെബുവിനെതിരെ കേസെടുത്തതെന്നും കമ്മീഷൻ നിരീക്ഷിച്ചു.

പീരുമേട് സ്റ്റേഷനിലെ ക്രൈം 1069/13 നമ്പർ കേസ് സത്യസന്ധമായി അന്വേഷിക്കണമെന്നും കമ്മീഷൻ ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയതായി കമ്മീഷൻ വാർത്താ കുറുപ്പിൽ അറിയിച്ചു.

## ന്യൂനതകൾ പരിഹരിച്ചില്ലെങ്കിൽ ക്രഷർ യൂണിറ്റ് അടച്ചുപൂട്ടണം

പാലക്കാട് : മലിനീകരണ നിയന്ത്രണ ബോർഡ് ചൂണ്ടികാണിച്ച ന്യൂനതകൾ പരിഹരിച്ചില്ലെങ്കിൽ ലക്കിടിപേരൂർ വള്ളുവനാട് ഗ്രാനൈററ്സ് ആന്റ് ക്രഷർ യൂണിറ്റ് അടച്ചുപൂട്ടണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ ഉത്തരവിട്ടു.

ആനപ്പള്ളിയാലിൽ പഴകുളം ജനകീയ സമിതി സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്.

2003 മുതൽ ലക്കിടിയിൽ പ്രവർത്തിക്കുന്ന വള്ളുവനാട് ഗ്രാനൈററ്സ് കാരണം ജനജീവിതം ദുരിതത്തിലായിരിക്കുകയാണെന്നാണ് പരാതി.

ജില്ലാകളക്ടർ, മലിനീകരണ നിയന്ത്രണബോർഡ്, ഗ്രാമപഞ്ചായത്ത് എന്നിവരിൽ നിന്നും കമ്മീഷൻ വിശദീകരണം ആവശ്യപ്പെട്ടിരുന്നു. കമ്പനിയിൽ പൊടിശല്യം കൂടുതലാണെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് കമ്മീഷനെ അറിയിച്ചു.

കഴിഞ്ഞ ഏപ്രിൽ 1 ന് ന്യൂനതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് സ്ഥാപനത്തിന് കത്ത് നൽകിയെങ്കിലും ന്യൂനതകൾ പരിഹരിച്ചില്ലെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് കമ്മീഷനെ അറിയിച്ചു.

ക്രഷർ യൂണിറ്റിന്റെ പ്രവർത്തനം കാരണം പരാതിക്കാരന്റെയും സമീപവാസികളുടെയും വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെന്ന ആരോപണത്തെ കുറിച്ച് അന്വേഷിച്ച് വിശദീകരണം സമർപ്പിക്കാൻ കമ്മീഷൻ പാലക്കാട് പൊതുമരാമത്ത് കെട്ടിടവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ തുടർനടപടികൾ സ്വീകരിക്കുമെന്നും ഉത്തരവിൽ പറയുന്നു.

മലിനീകരണ നിയന്ത്രണ ബോർഡും പൊതുമരാമത്ത് വകുപ്പും സ്വീകരിച്ച നടപടികൾ കമ്മീഷനെ രണ്ടു മാസത്തിനകം അറിയിക്കണമെന്നും ഉത്തരവിൽ പറയുന്നതായി കമ്മീഷൻ വാർത്താ കുറുപ്പിൽ അറിയിച്ചു.

## ലോക്കപ്പിൽ അടിവസ്ത്രം ധരിപ്പിച്ച് നിർത്തിയാൽ നടപടി

തിരുവനന്തപുരം: പ്രതികളെ ലോക്കപ്പിൽ അടിവസ്ത്രം മാത്രം ധരിപ്പിച്ച് നിർത്തിയാൽ ഉത്തരവാദികളായ പോലീസുദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകി. പോലീസ് സ്റ്റേഷനുകളിൽ ആത്മഹത്യ ചെയ്യുമെന്ന് പറഞ്ഞ് പ്രതികളെ ന്യൂസ്പേപ്പർ ഉടുപ്പിച്ചും അടിവസ്ത്രം ധരിപ്പിച്ചും നിർത്തുന്നുവെന്ന് ആരോപിച്ച് അമ്പൂരി സ്വദേശി സി. ജോസഫ് സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്. പ്രതികളെ ലോക്കപ്പിൽ ഇടുമ്പോൾ അടിവസ്ത്രം ധരിപ്പിച്ച് നിർത്തുന്നത് മനുഷ്യാവകാശ ലംഘനമാണെന്ന് ഉത്തരവിൽ പറയുന്നു.

പോലീസ് നിയമങ്ങൾ അനുസരിച്ച് ഇത് തെറ്റാണ്. എപ്പോഴും പോലീസ് സാന്നിദ്ധ്യമുള്ള പോലീസ് സ്റ്റേഷനിൽ വസ്ത്രമുടുത്താൽ പ്രതികൾ ആത്മഹത്യചെയ്യുമെന്ന് പറയുന്നത് സ്വീകാര്യമല്ലെന്നും ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു.

# കാർ നൽകാത്തതിന് കള്ളക്കേസ്; ഉന്നതതല അന്വേഷണം വേണം

ഇടുക്കി: സ്വകാര്യാവശ്യത്തിനായി കാർ നൽകാത്തതിന് കുമളി സർക്കിൾ ഇൻസ്പെക്ടർ കള്ളകേസിൽ കുടുക്കിയെന്ന ആരോപണത്തെ കുറിച്ച് സി.ഐ യെ ഒഴിവാക്കി മറ്റേതെങ്കിലും ഉയർന്ന പോലിസുദ്യോഗസ്ഥനെ കൊണ്ട് അന്വേഷിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ ഇടുക്കി ജില്ലാപോലീസ് മേധാവിക്ക് നിർദ്ദേശം നൽകി.

കുമളി പുതുപറമ്പിൽ അബ്ദുൾ ജബാർ സമർപ്പിച്ച പരാതിയിലാണ് നടപടി. താൻ എ.എസ്.ഐ യായി വിരമിച്ചയാളാണെന്നും രജിസ്ട്രേഷൻ പോലും ചെയ്യാത്ത തന്റെ മാരുതി ഇർട്ടിക കാർ കുമളി സി.ഐ സ്വകാര്യാവശ്യത്തിനായി ആവശ്യപ്പെട്ടെന്നും അത് നൽകാത്തതിന്റെ പേരിൽ തന്നെയും കുടുംബത്തെയും കള്ളക്കേസിൽ കുടുക്കിയെന്നുമാണ് പരാതി.

തുടർന്ന് 2012 നവംബർ 22 ന് രാത്രി തന്റെ മാരുതി ഡിസൈയർ കാറിന്റെ സി സി മുടങ്ങിയെന്ന് ആരോപിച്ച് രണ്ടുപോലീസുകാർ കട്ടപ്പനയിലെത്തുകയും ഭാര്യയെയും മകനെയും മർദ്ദിച്ചെന്നും പരാതിയിൽ പറയുന്നു. തന്റെ ഇളയമകനായ ഉനൈസിനെ കസ്റ്റഡിയിലെടുത്തു. സ്റ്റേഷനിലെ റൈറ്റർ ഉനൈസിൽ നിന്നും 100 രൂപ കൈക്കൂലിയും വാങ്ങി.

കമ്മീഷൻ കട്ടപ്പന ഡി.വൈ.എസ്.പി യെ കൊണ്ട് അന്വേഷണം നടത്തി. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് കാർ കസ്റ്റഡിയിലെടുത്തതെന്ന് അന്വേഷണ റിപ്പോർട്ടിൽ പറയുന്നു. ക്രൈം 1137/2012 നമ്പറായി ഇത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തതായും അന്വേഷണ റിപ്പോർട്ടിൽ പറയുന്നു. എന്നാൽ റൈറ്റർ പണം വാങ്ങിയതിനെ കുറിച്ചോ പരാതിക്കാരന്റെ ഭാര്യയെ അപമാനിച്ചതിനെ കുറിച്ചോ യാതൊരു പരാമർശവും അന്വേഷണ റിപ്പോർട്ടിലില്ലെന്ന് കമ്മീഷൻ നിരീക്ഷിച്ചു. ഭാര്യയെ അപമാനിച്ചതിനെയും റൈറ്റർ കൈക്കൂലി വാങ്ങിയതിനെയും കുറിച്ചും ഉയർന്ന ഉദ്യോഗസഥനെ കൊണ്ട് അന്വേഷിക്കണം.

# വാഗമണിൽ പതിച്ചുനൽകിയ ഭൂമി അർഹതർക്ക് തിരികെ നൽകണം

ഇടുക്കി: വാഗമണ്ണിൽ റിസോർട്ട് മാഫിയ കൈയടക്കിയ സർവെനമ്പർ 751 ലെ അഞ്ചേക്കർ സ്ഥലം നേരത്തെ പട്ടയം നൽകിയവർക്ക് തിരിച്ച് നൽകണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ.

1978 ൽ 5 പേർക്ക് വാഗമൺ വില്ലേജിൽ സർവെ 751 ൽ ഒരു ഏക്കർവീതം പതിച്ചു കിട്ടിയ ഭൂമി കുറെക്കാലം മാറിതാമസിക്കേണ്ടിവന്നപ്പോൾ റിസോർട്ട് മാഫിയ കൈയടക്കി എന്നാരോപിച്ച് വണ്ടിപ്പെരിയാർ കാരപുരയ്ക്കൽ സൈനുദ്ദീൻ സമർപ്പിച്ച പരാതിയിലാണ് നടപടി.

കൈയേറ്റം ഒഴിപ്പിക്കണമെന്ന് കമ്മീഷൻ നേരത്തെ ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

എന്നാൽ ഉത്തരവ് നടപ്പാക്കിയിട്ടില്ലെന്ന് കാണിച്ച് പരാതിക്കാർ വീണ്ടും കമ്മീഷനെ സമീപിക്കുകയായിരുന്നു.

പീരുമേട് തഹസിൽദാർ കമ്മീഷനിൽ സമർപ്പിച്ച വിശദീകരണത്തിൽ വാഗമണ്ണിലെ ഭൂമിയിൽ പരാതിക്കാർക്ക് പട്ടയം നൽകിയതാണെന്നും എന്നാൽ പരാതിക്കാരൻ 25 വർഷത്തോളം സംരക്ഷിക്കാത്തതു കാരണമാണ് കൈയേറ്റമുണ്ടായതെന്നും പറയുന്നു. പരാതിക്കാരുടെ ഭൂമിയിൽ ഇപ്പോൾ മറ്റ് പലരുമാണ് കരമടയ്ക്കുന്നതെന്നും വിശദീകരണത്തിൽ പറയുന്നു. ഉത്തരവുണ്ടായി 2 വർഷം കഴിഞ്ഞിട്ടും പരാതിക്കാർക്ക് മിച്ച ഭൂമി അളന്നുതിരിച്ച് നൽകാത്തത് തെറ്റാണെന്ന് കമ്മീഷൻ നിരീക്ഷിച്ചു.

ഇനിയും വൈകാതെ ഭൂമി പതിച്ചു നൽകണമെന്നും കമ്മീഷൻ അംഗം ആർ നടരാജൻ ഉത്തരവിൽ പറഞ്ഞു.

# കുട്ടനാട്ടിലെ ജലജന്യരോഗങ്ങൾ തടയണം; സന്നിധാനത്ത് സ്വീവേജ് പ്ലാന്റ് സ്ഥാപിക്കണം

ആലപ്പുഴ: ശബരിമല സന്നിധാനത്തുണ്ടാകുന്ന മാലിന്യങ്ങൾ നിർമാർജ്ജനം ചെയ്യാൻ സന്നിധാനത്ത് അടിയന്തിരമായി സ്വീവേജ് പ്ലാന്റ് സ്ഥാപിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ ദേവസ്വം ബോർഡ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

പമ്പയാറിലെ മലിനജലം കുട്ടനാട്ടിൽ ജലജന്യരോഗങ്ങൾ പരത്തുകയാണെന്ന് ആരോപിച്ച് കളത്തിൽ വിജയൻ സമർപ്പിച്ച പരാതിയിലാണ് നടപടി. ശബരിമല തീർത്ഥാടന കാലത്ത് പമ്പാനദി ശുദ്ധീകരിക്കാനുള്ള താൽക്കാലിക സംവിധാനം ദേവസ്വം ബോർഡ് ഒരുക്കിയിരുന്നെന്നും സന്നിധാനത്തിൽ നിന്നും മാലിന്യം ഞുണുങ്ങാറിലൂടെ പമ്പാനദിയിൽ എത്തുന്നതിന് മുമ്പ് ചെറിയനാവട്ടത്ത് ശുദ്ധീകരിച്ചിരുന്നെന്നും പരാതിയിൽ പറയുന്നു. പിന്നീട് ഇത് നിർത്തി. ഞുണുങ്ങാറിലെ മലിനജലം നേരിട്ട് പമ്പാനദിയിൽ കലരാൻ തുടങ്ങിയത് ഇതിനെ തുടർന്നാണ്.

എന്നാൽ പരിസ്ഥിതി സംഘടനകളുടെ എതിർപ്പിനെ തുടർന്നാണ് പദ്ധതി നിർത്തിയതെന്ന് ദേവസ്വം ബോർഡ് കമ്മീഷനെ അറിയിച്ചു. സന്നിധാനത്ത് മലിനജലം സംസ്കരിക്കുന്നതിനു വേണ്ടി മതിയായ ശേഷിയുള്ള ഒരു സ്വീവേജ് ട്രീററ്മെന്റ് പ്ലാന്റ് നിർമ്മിച്ച് സന്നിധാനത്തുണ്ടാവുന്ന മാലിന്യം ശുദ്ധീകരിച്ച് മലിനീകരണം തടയാമെന്നും പമ്പാ ആക്ഷൻ പ്ലാൻ മുഖേന ഇത് നടപ്പിലാക്കാമെന്നും ബോർഡ് കമ്മീഷനെ അറിയിച്ചു.

5 എം എൽ ഡി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് അടിയന്തിരമായി ശബരിമലയിൽ സ്ഥാപിക്കണമെന്നും ആർ. നടരാജൻ ഉത്തരവിൽ പറഞ്ഞു.

# ഏകാധ്യാപകന് 3000 രൂപ; കമ്മീഷൻ നടപടികളിലേക്ക്

**കൊ**ച്ചി: വനത്തിനുള്ളിൽ ആദിവാസി കുട്ടികൾക്കുവേണ്ടി പ്രവർത്തിക്കുന്ന സ്കൂളുകളിലെ ഏകാധ്യാപകർക്ക് പ്രതിമാസം 3000 രൂപ മാത്രം ശമ്പളം നൽകാനുണ്ടായ സാഹചര്യത്തെ കുറിച്ച് അന്വേഷണം നടത്തി വിശദീകരണം സമർപ്പിക്കാൻ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

പൊതുവിദ്യാഭ്യാസം, വനം, ധനം, പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ നിന്നും അഭിപ്രായം തേടിയശേഷം ചീഫ്സെക്രട്ടറി വിശദീകരണം ഫയൽ ചെയ്യണം.

ഇടമലക്കുടി വനത്തിൽ ആദിവാസി കുട്ടികൾക്കു വേണ്ടി പ്രവർത്തിക്കുന്ന കീഴ്പന്തം സ്കൂളിലെ ഏകാദ്ധ്യാപകനായ പി.കെ. മുരളീധരന് മാസം 3000 രൂപ മാത്രമാണ് നൽകുന്നതെന്നാണ് പരാതി.

പത്രപ്രവർത്തകനായ സി. സന്തോഷ്കുമാർ സമർപ്പിച്ച പരാതിയിലാണ് നടപടി.

ഏകാധ്യാപകനായ പി.കെ. മുരളീധരൻ മാങ്കുളത്താണ് താമസം. മാങ്കുളത്ത് നിന്നും ആനക്കുളത്തെത്തി ആറു മുറിച്ചു കടന്ന് മല കയറി വേണം സ്കൂളിലെത്താൻ.

സ്കൂളിന് സമീപമുള്ള കുടിലിലാണ് താമസം. രണ്ടാഴ്ചയിലൊരിക്കൽ വീട്ടിൽ പോകും. പത്തു വർഷമായി അദ്ദേഹം കീഴ്പന്തം സ്കൂളിൽ ജോലിചെയ്യുന്നു.

എ.ഇ.ഒ.ക്കാണ് ഇദ്ദേഹത്തിന്റെ മേൽനോട്ടച്ചുമതല. എ.ഇ.ഒ. ഓഫീസിലേക്കുള്ള യാത്രക്ക് തുച്ഛമായ ശമ്പളത്തിൽ നിന്നും തുക കണ്ടെത്തണം.

ഒരു തൊഴിലാളിക്കുപോലും ഇക്കാലത്ത് 10,000 രൂപ കിട്ടുമ്പോൾ അധ്യാപകന് 3000 രൂപ നൽകുന്നത് ആശ്ചര്യകരമാണെന്ന് ജസ്റ്റിസ് ജെ.ബി.കോശി ഉത്തരവിൽ പറഞ്ഞു.

യൂണിയനോ രാഷ്ട്രീയ സാമ്പത്തിക സ്വാധീനമോ ഇല്ലാത്തവർ ഇത്തരത്തിൽ അവഗണിക്കപ്പെടരുതെന്ന് ജസ്റ്റിസ് ജെ.ബി. കോശി. ഉത്തരവിൽ പറഞ്ഞു.

# പെരിയാർവാലിയിലെ ജലമലിനീകരണം; തദ്ദേശസ്വയംഭരണ വകുപ്പ് വിശദീകരിക്കണം

**കൊ**ച്ചി: ആലുവ-മൂന്നാർ റോഡിൽ നെല്ലിക്കുഴി ടൗണിലെ മാലിന്യങ്ങൾ കനാൽവഴി പെരിയാർ വാലിയിലേക്ക് ഒഴുകുന്നത്. തടയുന്നതിന് ആവശ്യമായ പദ്ധതി സർക്കാർ തലത്തിൽ ചർച്ച ചെയ്ത് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി വിശദീകരണം സമർപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിട്ടു.

പദ്ധതിക്ക് പണചെലവുള്ളതിനാൽ ജലസേചന, പൊതുമരാമത്ത്, തദ്ദേശ ഭരണ വകുപ്പുകൾ ധനവകുപ്പുമായി ചർച്ചചെയ്ത് വിശദീകരണം സമർപ്പിക്കാനാണ് നിർദ്ദേശം.

അതേസമയം പെരിയാർവാലിയിലേക്ക് മലിനജലം ഒഴുക്കിവിട്ടവർക്കെതിരെ സ്വീകരിച്ച നടപടികൾ നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദമാക്കണമെന്നും കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. ചരിത്ര പൗരസമിതി പ്രസിഡന്റ് സി.എസ്. മീരാനും മറ്റുള്ളവരും ചേർന്ന് സമർപ്പിച്ച കേസിലാണ് നടപടി.

നെല്ലിക്കുഴി ടൗണിലെ വിവിധ സ്ഥാപനങ്ങൾ ഒഴുക്കിവിടുന്ന മലിനജലം സ്വകാര്യവ്യക്തികളുടെ വീടുകൾക്കിടയിലൂടെ ഇടുങ്ങിയ ചാനൽ വഴി പെരിയാർവാലി മുളവൂർബ്രാഞ്ച് കനാലിലേക്ക് ഒഴുക്കിവിടുന്നുവെന്നാണ് പരാതി. ജില്ലാമെഡിക്കൽ ഓഫീസർ, പൊതുമരാമത്ത്, പഞ്ചായത്ത് എന്നിവരിൽ നിന്നും കമ്മീഷൻ വിശദീകരണം തേടിയിരുന്നു.

മലിനജലം പെരിയാർവാലിയിലെത്തുകവഴി ഗുരുതരമായ ജലമലിനീകരണം സംഭവിക്കുകയാണെന്ന് ജില്ലാമെഡിക്കൽ ഓഫീസർ വിശദീകരണത്തിൽ പറഞ്ഞു. നെല്ലിക്കുഴി ടൗണിലെ ഓടകൾ സ്ലാബിട്ട് മൂടി മലിനജലം ഒഴുകുന്ന കാര്യം മറച്ചുവയ്ക്കുകയാണെന്നും ഡി.എം.ഒ വിശദീകരണത്തിൽ പറയുന്നു.

നിലവിലുള്ള ചാനൽ പുതുക്കി അടിപ്പാതവഴി മലിനജലം ഒഴുക്കിവിടാൻ ഒരു കോടിയുടെ പദ്ധതി തയ്യാറാക്കി സർക്കാരിലേക്ക് അയച്ചിട്ടുണ്ടെന്നാണ് പൊതുമരാമത്ത് വകുപ്പ് നിരത്തുവിഭാഗം, കമ്മീഷനെ അറിയിച്ചത്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കനാലുകളുടെ അറ്റകുറ്റപണികൾ നടത്തണമെന്ന് ജലസേചനവകുപ്പ് കമ്മീഷനെ അറിയിച്ചു.

കാനയിൽ നിന്നും പെരിയാറിലേക്കുള്ള ചാലുകൾ അടയ്ക്കണമെന്ന് പഞ്ചായത്തിനോട് ആവശ്യപ്പെട്ടെങ്കിലും നടപടിയെടുത്തില്ലെന്ന് ഇറിഗേഷൻ അറിയിച്ചു.

ജനങ്ങളുടെ പ്രധാന ആരോഗ്യപ്രശ്നമാണ് ഇതെന്ന് ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു. നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് വിശദീകരണം സമർപ്പിക്കാത്തതു നിരുത്തരവാദപരമാണെന്നും ഉത്തരവിൽ പറയുന്നതായി കമ്മീഷൻ വാർത്താകുറുപ്പിൽ അറിയിച്ചു..

# ഹോംഗാർഡുമാരുടെ ദിവസവേതനം വർധിപ്പിക്കണം

**പാ**ലക്കാട്: പോലീസിനെ സഹായിക്കാൻ നിയോഗിച്ച ഹോംഗാർഡുമാരുടെ ദിവസവേതനം വർധിപ്പിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ. ഇവർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകണമെന്നും കമ്മീഷൻ ആഭ്യന്തര സെക്രട്ടറിക്ക് നിർദ്ദേശം നൽകി. 350 രൂപയാണ് ഹോംഗാർഡുമാരുടെ ഇപ്പോഴത്തെ ദിവസവേതനം. കഴിഞ്ഞവർഷം ഒക്ടോബർ 10 ന് പാലക്കാട് കരിപ്പോട് അമ്പലനടയിൽ വാഹനപരിശോധനക്കിടെ മിനിലോറി ഇടിച്ച് മരിച്ച കൊല്ലങ്കോട് സ്റ്റേഷനിലെ ഹോംഗാർഡ് വി.കെ. ദാസന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകണ മെന്നാവശ്യപ്പെട്ട് ജനജാഗ്രത സെക്രട്ടറി ഡോ. പി.എസ്. പണിക്കർ സമർപ്പിച്ച ഹർജിയിലാണ് നടപടി.

ഡ്യൂട്ടിയിലായിരിക്കെ അപകടത്തിൽ മരിച്ച ദാസന്റെ നിയമാനുസൃത അവകാശികൾക്ക് മതിയായ നഷ്ടപരിഹാരം നൽകണമെന്നും കമ്മീഷൻ ഉത്തരവിട്ടു. 2009 നവംബറിലെ സർക്കാർ ഉത്തരവ് അനുസരിച്ചാണ് പോലീസിനെ സഹായിക്കാൻ ഹോംഗാർഡുമാരെ നിയോഗിച്ചത്. ഇവരെ ട്രാഫിക് ഡ്യൂട്ടിക്ക് മാത്രമാണ് നിയോഗിക്കുന്നതെന്ന് പാലക്കാട് ജില്ലാ പോലിസ് മേധാവി കമ്മീഷനെ അറിയിച്ചു. എന്നാൽ ഇത് ശരിയല്ലെന്ന് കമ്മീഷൻ നിരീക്ഷിച്ചു. കാരണം ദാസൻ കൊല്ലപ്പെട്ടത് വാഹനപരിശോധനക്കിടയിലാണ്. കേസന്വേഷണവും ക്രമസമാധാന ചുമതലയും ഇവർക്ക് നൽകരുതെന്ന ഉത്തരവ് ലംഘിച്ചതിന് ഉദാഹരണമാണ് ദാസന്റെ അപകട മരണമെന്ന് ആർ. നടരാജൻ ഉത്തരവിൽ പറയുന്നു

# മുഹമ്മ ആശുപത്രിയിൽ ജില്ലാമെഡിക്കൽ ഓഫീസർ രാത്രികാലങ്ങളിൽ മിന്നൽ പരിശോധന നടത്തണം

**ആ**ലപ്പുഴ: മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ രാത്രികാലങ്ങളിൽ ജില്ലാമെഡിക്കൽ ഓഫീസർ മിന്നൽ പരിശോധന നടത്തണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ. രാത്രി 8 -ന് ശേഷം ആശുപത്രിയുടെ ഗേറ്റുകൾ അടച്ചുപൂട്ടുന്നുവെന്ന പരാതിയെ തുടർന്നാണ് കമ്മീഷൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയത്.

50 വർഷത്തിലേറെ പഴക്കമുള്ള ആശുപത്രിയിൽ പ്രതിമാസം 10,000 ത്തിലധികം രോഗികൾ ചികിത്സ തേടുന്നുണ്ട്. 2012-ൽ കമ്മീഷൻ മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ സന്ദർശിച്ചിരുന്നു. നിലവിൽ 9 ഡോക്ടർമാരുടെ സേവനം ലഭ്യമാണെന്നും രാത്രികാലങ്ങളിൽ ആശുപത്രി ക്വാർട്ടേഴ്സിൽ ഡോക്ടർമാർ സ്ഥിരമായി തങ്ങാറുണ്ടെന്നും ആരോഗ്യവകുപ്പ് കമ്മീഷനെ അറിയിച്ചു. എന്നാൽ രാത്രികാലങ്ങളിൽ ഗേറ്റ് പൂട്ടിയിട്ട് ഡോക്ടർമാർ സ്ഥലംവിടാറുണ്ടെന്നാണ് പരാതിക്കാർ ആരോപിക്കുന്നത്.

മുഹമ്മ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്താനുള്ള നിർദ്ദേശം ആരോഗ്യവകുപ്പിന്റെ പരിഗണനയിലാണെന്നും ഡയറക്ടർ അറിയിച്ചു. 108 ആമ്പുലൻസിന്റെ സേവനം ആശുപത്രിയിൽ ലഭ്യമാണെന്നും ഉത്തരവിൽ പറയുന്നു.

# തോക്കേന്തിയ പാറാവ് ഒഴിവാക്കുന്നത് പരിഗണിക്കണം

**തി**രുവനന്തപുരം: ഭാരമുള്ള തോക്കേന്തി മൂന്നു ദിവസം തുടർച്ചയായി പാറാവ് ഡ്യൂട്ടി ചെയ്യുന്നതിൽ നിന്നും ഒഴിവാക്കണമെന്ന പോലീസുകാരുടെ പരാതി ആഭ്യന്തരവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പരിഗണിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി.

പോലീസുകാർ പേരുവയ്ക്കാതെ മനുഷ്യാവകാശ കമ്മീഷനിലേക്ക് അയച്ച പരാതിയാണ് സർക്കാരിന് കൈമാറിയത്.

പോലീസ് സ്റ്റേഷനുകളിൽ തോക്കുമായി നിൽക്കുന്ന പാറാവ് ഡ്യൂട്ടി ഒഴിവാക്കി റിസപ്ഷൻ മാതൃകയിലാക്കിയെങ്കിലും എ.ആർ. ക്യാമ്പിലും എസ്.പി. ഓഫീസിലും ഗാർഡ് തുടരുകയാണെന്ന് പരാതിയിൽ പറയുന്നു. 3 പേരെ ഡ്യൂട്ടിക്ക് നിയോഗിക്കും. 2 മണിക്കൂർ വിശ്രമം നൽകും.

24 മണിക്കൂറാണ് ഡ്യൂട്ടി. ക്യാമ്പിൽ ആളില്ലെങ്കിൽ 3 ദിവസം ഡ്യൂട്ടി ചെയ്യേണ്ടിവരും. 303 തോക്കാണ് ഗാർഡിന് ഉപയോഗിക്കുന്നത്. ആലപ്പുഴ എസ്.പി. ഓഫീസിൽ റിസപ്ഷൻ ഉണ്ടെങ്കിലും ഗാർഡ് തോക്കുമായി നിൽക്കണം. ക്യാമ്പിലുള്ളവർ ഒരു ദിവസം അവധിയെടുത്താൻ പിറ്റേന്ന് ഗാർഡ് ഡ്യൂട്ടിക്ക് കയറണം.

ഗാർഡ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടാൽ 3 ദിവസം നിൽക്കേണ്ടിവരുന്നതിനാൽ ലീവെടുക്കാൻ ഭയമാണെന്നും പരാതിയിൽ പറയുന്നു.

ഗാർഡ് ഡ്യൂട്ടിക്ക് എല്ലാദിവസവും ഉദ്യോഗസ്ഥരെ മാറ്റി നിയമിക്കണമന്നും പരാതിയിൽ ആവശ്യപ്പെടുന്നു.

എസ്.പി. ഓഫീസിലെങ്കിലും ഗാർഡ് ഡ്യൂട്ടി ചെയ്യുന്നവർക്ക് പിസ്റ്റളോ ലാത്തിയോ നൽകണമെന്നും പരാതിയിലുണ്ട്. 303 തോക്കുമേന്തി കാവൽ നിൽക്കുന്നത് ബ്രിട്ടീഷുകാർ ഉണ്ടാക്കിയ ദുരാചാരമാണെന്നും പരാതിയിൽ പറയുന്നു.

എല്ലാ പോലീസുകാരെയും ഗാർഡ് ഡ്യൂട്ടിക്ക് നിയോഗിക്കണമെന്നും ദിവസവും ഉദ്യോഗസ്ഥരെ മാറ്റണമെന്നും പരാതിയിലുണ്ട്. ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട പോലീസുകാരുടെ മനുഷ്യാവകാശം സംരക്ഷിക്കാൻ ആരുമില്ലെന്നും പരാതിയിൽ പറയുന്നു.

# പാറമടയ്ക്കെതിരെ സമരം നയിച്ചതിന് ക്രിമിനൽ കേസ്; അന്വേഷണം വേണം

**പാ**ലക്കാട്: പാറമടകൾക്കെതിരെ സമരം നടത്തിയ പൊതുപ്രവർത്തകനെതിരെ ക്രിമിനൽ കേസെടുത്ത നടപടി സത്യസന്ധനായ ഒരു ഉദ്യോഗസ്ഥനെ കൊണ്ട് അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടിയെടുക്കാൻ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ പാലക്കാട് ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകി.

മുതലമട ശ്രദ്ധയിൽ കെ.ബി. സുമൻ സമർപ്പിച്ച പരാതിയിലാണ് നടപടി. ജൈവകർഷകനായ തന്നെ പാറമട ലോബിക്കെതിരെ നാട്ടുകാരോടൊപ്പം സമരം നയിച്ചതിന്റെ പേരിൽ കേസിൽ കുരുക്കിയെന്നാണ് ആരോപണം. പുള്ളിയാർ ഡാമിനടുത്ത് പ്രവർത്തിക്കുന്ന തോംസൺ മെറ്റൽസിനെതിരെ കേസുകൊടുത്തതിനാണ് തന്നെ പ്രതിയാക്കിയതെന്ന് സുമൻ ആരോപിച്ചു.

കമ്മീഷൻ ജില്ലാകളക്ടറിൽ നിന്നും പോലീസ് മേധാവിയിൽ നിന്നും വിശദീകരണങ്ങൾ വാങ്ങിയിരുന്നു. മുതലമടയിലും പരിസരത്തുമുള്ള അനധികൃത ക്വാറികൾക്കെതിരെ സുമൻ സമരം നയിച്ചിരുന്നതായി ഇരുവരും വിശദീകരിച്ചു. സുമനെതിരെ സി.ആർ.പി.സി 107 പ്രകാരമാണ് പോലീസ് കേസെടുത്തത്.

പൊതുവായ കാര്യത്തിന് ജനങ്ങൾക്കു വേണ്ടി പ്രവർത്തിച്ച പരാതിക്കാരനെതിരെ സി.ആർ.പി. സി 107 പ്രകാരമുള്ള നടപടിക്ക് വിധേയനാക്കിയത് ശരിയല്ലെന്ന് കമ്മീഷൻ അംഗം ആർ. നടരാജൻ ഉത്തരവിൽ നിരീക്ഷിച്ചു. 2014 ന് മുമ്പ് ഒരു കേസിലും പരാതിക്കാരൻ ഉൾപ്പെട്ടിട്ടില്ല. ഇതിൽ നിന്നും വ്യക്തി താൽപ്പര്യങ്ങൾക്കുവേണ്ടിയല്ല പ്രവർത്തിച്ചതെന്ന് വ്യക്തമാണ്. അതുകൊണ്ടു തന്നെ പരാതിക്കാരന്റെ ആരോപണങ്ങൾക്ക് ന്യായമുണ്ടെന്നും കമ്മീഷൻ നിരീക്ഷിച്ചു. ടിപ്പർ ലോറികൾ പകൽ സമയത്ത് ഓടിക്കുന്നത് നിരോധിച്ചു കൊണ്ടുള്ള 2012 ഡിസംബർ 15 ലെ സർക്കാർ ഉത്തരവ് 90/12 ന് വിരുദ്ധമായി ജില്ലയിൽ ടിപ്പർ ഓടിക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നും കമ്മീഷൻ ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകി.

# നൊച്ചിക്കാട് അക്രമം; എസ്.ഐ കുറ്റക്കാരനല്ല

**പാ**ലക്കാട്: നൊച്ചിക്കാട് മാരിയമ്മൻ ക്ഷേത്രത്തിലെ ഘോഷയാത്രക്കിടയിലുണ്ടായ ബഹളത്തെ തുടർന്ന് നടന്ന പോലീസ് അതിക്രമങ്ങളിൽ സംഭവസമയത്ത് പുതുശ്ശേരി കസബ സ്റ്റേഷനിൽ എസ്.ഐ യായിരുന്ന മാത്യുവിനെതിരെ തെളിവില്ലെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ. പോലീസ് മർദ്ദനത്തിനെതിരെ നൊച്ചിക്കാട് സ്വദേശി ആർ. രാജേഷ് സമർപ്പിച്ച പരാതിയിലാണ് നടപടി.

2013 മേയ് 22 നായിരുന്നു സംഭവം. എസ്.ഐ. മാത്യുവും സംഘവും തന്നെ മർദ്ദിച്ച് ഷൂ ഉപയോഗിച്ച് മുഖത്ത് ചവിട്ടിയെന്നായിരുന്നു രാജേഷിന്റെ ആരോപണം.

കമ്മീഷൻ പാലക്കാട് ജില്ലാ പോലീസ് മേധാവിയിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിരുന്നു. എസ്.ഐ. നിരപരാധിയാണെന്ന് എസ്.പി റിപ്പോർട്ട് നൽകി. വിശദീകരണം തൃപ്തികരമാകാത്തതിനെ തുടർന്ന് കമ്മീഷൻ നേരിട്ട് തെളിവെടുപ്പ് നടത്തി. ഘോഷയാത്രയിൽ ബഹളമുണ്ടാക്കിയതിനെ തുടർന്ന് പരാതിക്കാരനായ രാജേഷ് കോടതിയിൽ പിഴയടച്ചതായി കമ്മീഷൻ കണ്ടെത്തി.

സംഭവസ്ഥലത്ത് നിന്നും പരാതിക്കാരനെ നീക്കം ചെയ്യുന്ന സമയത്ത് അയാളുടെ ശരീരത്തിൽ പരിക്കുകൾ ഉണ്ടായിരുന്നതായി ഇൻസ്പെക്ഷൻ മെമ്മോയിലുണ്ടെന്നും കമ്മീഷൻ കണ്ടെത്തി. നിരവധിയാളുകൾക്ക് മർദ്ദനമേറ്റ സംഭവത്തിൽ പരാതിക്കാരനെ എസ്.ഐ. തെരഞ്ഞുപിടിച്ച് മർദ്ദിച്ചുവെന്നത് വിശ്വസനീയമല്ലെന്നും കമ്മീഷൻ അംഗം ആർ. നടരാജൻ ഉത്തരവിൽ പറഞ്ഞു. ഇതിനാവശ്യമായ തെളിവുകൾ പരാതിക്കാരൻ ഹാജരാക്കിയിട്ടില്ലെന്നും ഉത്തരവിൽ പറയുന്നതായി കമ്മീഷൻ വാർത്താ കുറുപ്പിൽ അറിയിച്ചു.

# ഭൂമിയിലുള്ള അവകാശം മനുഷ്യാവകാശമാണെന്ന് കമ്മീഷൻ

**തൃ**ശ്ശൂർ: ഭൂമിയിലുള്ള അവകാശം മനുഷ്യാവകാശമാണെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ. 1989 ൽ സർക്കാർ കൈവശപ്പെടുത്തിയ വസ്തുവിന് വിലയും നഷ്ടപരിഹാരവും നൽകാത്തത് ക്രൂരമായ മനുഷ്യാവകാശ ലംഘനമാണെന്നും ഉത്തരവിൽ പറയുന്നു.

തൃശ്ശൂർ ചേർപ്പ് മുനയത്ത് ആമാടം സ്വദേശി എം.വി. ഗോവിന്ദൻ സമർപ്പിച്ച പരാതിയിലാണ് നടപടി. പരാതിക്കാരന്റെ ഉടമസ്ഥതയിൽ ചൊവ്വൂരിലുണ്ടായിരുന്ന 1-1202 ഹെക്ടർ സ്ഥലം തൃശ്ശൂർ മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ മുൻകൂറായി ഏറ്റെടുത്തെങ്കിലും നഷ്ടപരിഹാരം നൽകിയില്ലെന്നാണ് പരാതി.

കമ്മീഷൻ തൃശ്ശൂർ ജില്ലാ കളക്ടറിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിരുന്നു. പൊന്നുംവില നടപടികളുടെ ഭാഗമായുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനു മുമ്പ് മുൻകൂറായി സ്ഥലം ഏറ്റെടുത്തതിനാൽ നഷ്ടപരിഹാരം നൽകാനാവില്ലെന്ന് കളക്ടർ അറിയിച്ചു. 1989 മാർച്ച് 27 നാണ് മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എൻജിനീയർ സ്ഥലം ഏറ്റെടുത്തതെന്ന് പരാതിക്കാരൻ ഹാജരാക്കിയ രേഖകളിൽ നിന്നും കമ്മീഷൻ കണ്ടെത്തി. മൈനർ ഇറിഗേഷൻ വകുപ്പ് ഇതിനു മറുപടി നൽകേണ്ടതാണെന്ന് കമ്മീഷൻ അംഗം ആർ. നടരാജൻ ഉത്തരവിൽ പറഞ്ഞു.

# ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് തൃപ്തികരമല്ല



**പാ**ലക്കാട്: പാലക്കാട് ജില്ലാ പോലീസ് മേധാവി സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് തൃപ്തികരമല്ലെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ.

സംഘർഷത്തിൽ പരിക്കേറ്റവർ നൽകിയ പരാതി മംഗലം ഡാം എസ്.ഐ രജിസ്റ്റർ ചെയ്യാത്തത് നടപടി ക്രമങ്ങളിലെ വീഴ്ചയാണെന്നും കമ്മീഷൻ കണ്ടെത്തി. പോലീസ് മേധാവി സമർപ്പിച്ച റിപ്പോർട്ടിൽ പരാതിക്കാരെ ചികിത്സിച്ച ഡോക്ടറുടെ മൊഴിയെടുക്കുകയോ മെഡിക്കൽ രേഖകൾ പരിശോധിക്കുകയോ ചെയ്തിട്ടില്ല. എതിർ കക്ഷിയായ എസ്.ഐ യുടെ മൊഴി രേഖപ്പെടുത്തുക മാത്രമാണ് പോലീസ് മേധാവി ചെയ്തത്. അന്വേഷണ റിപ്പോർട്ട് ശരിയാണെന്ന് കരുതുന്നില്ലെന്ന് കമ്മീഷൻ അംഗം ആർ. നടരാജൻ ഉത്തരവിൽ പറഞ്ഞു.

ആലത്തൂർ വണ്ടാഴി കീഴ്പാലയിൽ പാലക്കുളം അബുത്താലിഫ് നൽകിയ പരാതിയിലാണ് നടപടി. മദ്യപാനം ചോദ്യം ചെയ്തതിന് തന്റെ മക്കളായ സുബൈറിനും ഷമീറിനും മർദ്ദനമേറ്റപ്പോൾ തങ്ങൾ നൽകിയ പരാതി മംഗലം ഡാം എസ്.ഐ. അവഗണിച്ചെന്നാണ് പരാതി. കേസ് കൊടുത്തതുമായി ബന്ധപ്പെട്ട് ഇരുകക്ഷികളും തമ്മിൽ പിന്നീട് വാക്കുതർക്കവുമുണ്ടായി. പരാതിക്കാരന്റെ മക്കളെ എതിർകക്ഷികൾ ആക്രമിച്ചു. സുബൈറും ഷമീറും ആലത്തൂർ താലൂക്കാശുപത്രിയിൽ ചികിത്സ തേടിയിട്ടും പോലീസ് മൊഴിയെടുക്കുകയോ കേസെടുക്കുകയോ ചെയ്തില്ല.

ഇതിനുശേഷം മംഗലം ഡാം എസ്.ഐ തന്റെ മകനെ ഫോണിൽ വിളിച്ച് ആശുപത്രി വിട്ടാലുടൻ സ്റ്റേഷനിൽ ഹാജരാകണമെന്ന് നിർദ്ദേശിച്ചു. തന്റെ മക്കൾക്ക് പരിക്കേറ്റ സംഭവത്തിൽ കേസെടുക്കണമെന്നാണ് ആവശ്യം.

സുബൈറിനും ഷമീറിനും പരിക്കേറ്റ സംഭവത്തെ കുറിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തണമെന്ന് കമ്മീഷൻ അംഗം ആർ. നടരാജൻ ആവശ്യപ്പെട്ടതായി കമ്മീഷൻ വാർത്താകുറുപ്പിൽ അറിയിച്ചു

# പോക്കുവരവിനുള്ള അപേക്ഷയിൽ നടപടി വേണ്ടെന്ന് എഴുതിവാങ്ങി; റവന്യൂ ഉദ്യോഗസ്ഥർക്ക് വിമർശനം

**ആ**ലപ്പുഴ: അർഹതപ്പെട്ട വസ്തു പോക്കുവരവു ചെയ്തു കിട്ടുന്നതിന് നൽകിയ അപേക്ഷയിൽ നടപടിയെടുക്കുന്നതിനു പകരം പ്രസ്തുത അപേക്ഷയിൽ തുടർ നടപടികൾ ആവശ്യമില്ലെന്ന് പരാതിക്കാരിയിൽ നിന്നും എഴുതി വാങ്ങിയ വില്ലേജ് ഓഫീസറുടെ നടപടി തെറ്റാണെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ.

കൊറ്റാർകാവ് വൈഷ്ണവത്തിൽ സി.കെ. സുജാത സമർപ്പിച്ച ഹർജിയിലാണ് ഉത്തരവ്.

2005 മുതൽ താൻ പോക്കുവരവ് നടത്തുന്നതിനു വേണ്ടി ഓഫീസുകൾ കയറിയിറങ്ങുകയാണെന്നും പരാതിയിൽ പറയുന്നു.

മൺട്രോതുരുത്ത് വില്ലേജിൽ ഉണ്ടായിരുന്ന 16 1/2 സെന്റ് സ്ഥലം പോക്കുവരവ് ചെയ്യാനാണ് സുജാത വില്ലേജ് ഓഫീസിനെ സമീപിച്ചത്. എന്നാൽ തന്റെ സഹോദരന്റെ സ്വാധീനം ഉപയോഗിച്ച് 6 1/2 സെന്റ് സ്ഥലം സഹോദരന്റെ ഭാര്യയുടെ പേരിൽ പോക്കുവരവ് ചെയ്തതായി പരാതിയിൽ പറയുന്നു. കമ്മീഷൻ കൊല്ലം അഡീഷണൽ തഹസിൽദാറിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടു.

പോക്കുവരവ് ചെയ്യേണ്ട വസ്തുവിൽ അതിരുതർക്കം നിലനിൽക്കുന്നതിനാൽ തർക്കം പരിഹരിക്കുന്നതുവരെ ഫയലിൽ തുടർ നടപടികൾ ആവശ്യമില്ലെന്ന് എഴുതിവാങ്ങിയതായി തഹസീൽദാർ കമ്മീഷൻ മുമ്പാകെ വിശദീകരിച്ചു. എന്നാൽ നടപടി ആവശ്യമില്ലെന്ന അപേക്ഷ തന്നെ കൊണ്ട് ഒപ്പിട്ട് വാങ്ങിയതാണെന്ന് പരാതിക്കാരി കമ്മീഷൻ മുമ്പാകെ വാദിച്ചു.

അതിർത്തി നിർണയിച്ച് വസ്തു അളന്ന് നൽകാൻ റവന്യൂ ഉദ്യോഗസ്ഥർക്ക് അധികാരമുണ്ടെന്ന് കമ്മീഷൻ അംഗം ആർ. നടരാജൻ ഉത്തരവിട്ടു.

സുജാതയുടെ വസ്തു അടിയന്തിരമായി പോക്കുവരവ് ചെയ്തു നൽകാനും കമ്മീഷൻ റവന്യൂ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

# മുതിർന്ന പൗരന്മാരുടെ സംരക്ഷണം; ആർ.ഡി.ഒ വിശദീകരിക്കണം

**തി**രുവനന്തപുരം: മുതിർന്ന പൗരന്മാരുടെ സംരക്ഷണം സംബന്ധിച്ച നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളെ കുറിച്ച് വിശദമായ അന്വേഷണം നടത്തി അടിയന്തിര വിശദീകരണം സമർപ്പിക്കാൻ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി.കോശി തിരുവനന്തപുരം ആർ.ഡി ഒക്ക് നിർദ്ദേശം നൽകി.

നെടുമങ്ങാട് അരശുപറമ്പ് സ്വദേശി സുഭദ്രാമ്മയിൽ(72) നിന്നും വസ്തുവകകൾ എഴുതി വാങ്ങിയശേഷം സുഭദ്രാമ്മയെ നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ തള്ളി മരുമകൾ സ്ഥലംവിട്ട സംഭവത്തിൽ പത്രവാർത്തയുടെ അടിസ്ഥാനത്തിൽ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

അഞ്ചു ദിവസമായി ആശുപത്രി വരാന്തയിൽ കഴിയുന്ന സുഭദ്രാമ്മയെ തേടി ബന്ധുക്കളാരും എത്തിയില്ല. അവർക്ക് നാലുമക്കളുണ്ട്. ഒരാൾ സി.ആർ.പി.എഫ് ഭടനാണ്. രണ്ടുമാസത്തിനു മുമ്പ് സുഭദ്രാമ്മയുടെ പേരിലുള്ള 20 സെന്റ് വസ്തുവും ചെറുമകളുടെ പേരിൽ മകൻ എഴുതിവാങ്ങി.

മുതിർന്ന പൗരന്മാരുടെയും രക്ഷിതാക്കളുടെയും സംരക്ഷണത്തിനുള്ള നിയമം അനുസരിച്ച് എഴുതികൊടുത്ത ഭൂമി തിരിച്ചുവാങ്ങാനും മക്കളിൽ നിന്ന് ചിലവിന് കൊടുക്കാൻ ഉത്തരവിടാനും വ്യവസ്ഥയുണ്ടെന്ന് ജസ്റ്റിസ് ജെ. ബി. കോശി ഉത്തരവിൽ പറഞ്ഞു. നിയമം അനുസരിച്ചുള്ള ട്രൈബ്യൂണൽ ആർ.ഡി.ഒ. ആണ്. എന്നാൽ പ്രായമുള്ളവർക്ക് ഇത്തരം കാര്യങ്ങളെ കുറിച്ച് അറിയണമെന്നില്ല. ആർ.ഡി.ഒക്ക് മുമ്പിൽ പരാതിപ്പെടാമെന്ന് അറിയണമെന്നില്ലെന്നും കമ്മീഷൻ ഉത്തരവിൽ പറഞ്ഞു.

അതിനാൽ നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളെ കുറിച്ച് ആർ.ഡി.ഒ വിശദമായ അന്വേഷണം നടത്തി കമ്മീഷൻ ആസ്ഥാനത്ത് നടക്കുന്ന സിറ്റിംഗിൽ വിശദീകരണം സമർപ്പിക്കണമെന്ന് ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു.

# ക്ഷീരസംഘം ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കണം

**തി**രുവനന്തപുരം: ക്ഷീരവികസന വകുപ്പിനു കീഴിലുള്ള പ്രാഥമിക ക്ഷീരസംഘം ജീവനക്കാർക്ക് നൽകുന്ന നാമമാത്രമായ ശമ്പളം വർദ്ധിപ്പിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി സർക്കാരിന് നിർദ്ദേശം നൽകി.

എസ്.എസ്.എൽ.സിയും ജെ.ഡി സി.യുമുള്ളവർക്ക് ദിവസം 50 മുതൽ 100 രൂപവരെയാണ് ശമ്പളം. വേതനത്തിൽ കേരള സർവ്വീസ് റൂൾ (കെ.എസ്.ആർ) നടപ്പിലാക്കിയിട്ടില്ലെങ്കിലും മറ്റ് ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. സഹകരണ വകുപ്പിന് കീഴിലുള്ള ജീവനക്കാരായതിനാൽ തങ്ങൾക്ക് ബി.പി.എൽ കാർഡ് പോലും ലഭിക്കുന്നില്ലെന്ന് പരാതിയിൽ പറയുന്നു.

എന്നാൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേണും യോഗ്യതയും അനുസരിച്ചാണ് ഇവരെ തിരഞ്ഞെടുക്കുന്നത്.

സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാക്കുമെങ്കിലും പരാതിയിൽ പറയുന്ന കാര്യങ്ങൾ പരിഗണന അർഹിക്കുന്നതാണെന്ന് ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു. തൊഴിൽ, സഹകരണ, ധന വകുപ്പുകളുമായി കൂടിയാലോചിച്ച് പരാതിക്ക് പരിഹാരമുണ്ടാക്കണമെന്നും കമ്മീഷൻ ഉത്തരവിൽ ആവശ്യപ്പെട്ടു.

പ്രാഥമിക സംഘം ജീവനക്കാർക്കു വേണ്ടി അജി.എസ്.എസും ജി. രാജേന്ദ്രനും സമർപ്പിച്ച പരാതിയിലാണ് നടപടി.

# അപേക്ഷകൾ അകാരണമായി താമസിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണം

**ആ**ലപ്പുഴ: അകാരണമായി അപേക്ഷകൾ താമസിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ.

സേവനാവകാശ നിയമം സർക്കാർ പാസാക്കിയിട്ടും ജനങ്ങൾക്ക് കൃത്യമായി സേവനം ലഭിക്കുന്നില്ലെന്ന് ഉത്തരവിൽ പറയുന്നു. സേവനം ഒരിക്കലും ഔദാര്യമല്ല. ചെപ്ര സ്വദേശി എസ്. സഹദേവൻ സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്. മകന്റെ ജനനസർട്ടിഫിക്കറ്റിൽ തെറ്റായി രേഖപ്പെടുത്തിയ അച്ഛന്റെയും അമ്മയുടെയും പേര് തിരുത്താൻ താൻ നൽകിയ അപേക്ഷ കായംകുളം മുൻസിപ്പാലിറ്റി അധികൃതർ പരിഗണിച്ചില്ലെന്നാണ് പരാതി.

സർട്ടിഫിക്കേറ്റ് ലഭിക്കാത്തതു കാരണം മകന് ജോലി കിട്ടിയില്ലെന്നും പരാതിയിൽ പറയുന്നു. വിവിധ കാരണങ്ങൾ പറഞ്ഞ് തന്റെ അപേക്ഷ അവഗണിച്ചതായും സഹദേവൻ ആരോപിച്ചു. സഹദേവന്റെ പരാതിയെ കുറിച്ച് സർക്കാരിന്റെ മുനിസിപ്പൽ വിജിലൻസ് വിഭാഗം അന്വേഷണം നടത്തണമെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. കായംകുളം മുനിസിപ്പാലിറ്റിയിൽ അപേക്ഷകൾ തീർപ്പാക്കുന്നതിൽ ഉദ്യോഗസ്ഥർ കാലതാമസം വരുത്തുന്നുവെന്ന ആരോപണവും അന്വേഷിക്കണമെന്ന് കമ്മീഷൻ അംഗം ആർ. നടരാജൻ ഉത്തരവിൽ പറയുന്നു. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണം. പരാതിക്കാരന്റെ അപേക്ഷയിൻമേൽ സർട്ടിഫിക്കേറ്റ് നൽകാൻ അടിയന്തിര നടപടി സ്വീകരിക്കണം. പരാതിക്കാരന്റെ അപേക്ഷയിൽ ന്യൂനതയുണ്ടെങ്കിൽ വിവരം രേഖാമൂലം അറിയിക്കണമെന്നും ഉത്തരവിൽ പറയുന്നതായി കമ്മീഷൻ വാർത്താക്കുറിപ്പിൽ അറിയിച്ചു.

# കമ്മീഷൻ ഉത്തരവ്; ശസ്ത്രക്രിയയെ തുടർന്ന് ബോധം നശിച്ച യുവതിയുടെ ആശ്രിതർക്ക് 3 ലക്ഷം അനുവദിച്ചു

**തി**രുവനന്തപുരം: വിക്ടോറിയ ആശുപത്രിയിൽ ഗർഭപാത്രം നീക്കം ചെയ്യുന്നതിനുള്ള ശസ്ത്രക്രിയക്കിടയിൽ അബോധാവസ്ഥയിലാവുകയും രണ്ട് വർഷങ്ങൾക്ക് ശേഷം മരിക്കുകയും ചെയ്ത കൊല്ലം ചിന്നക്കട ധന്യാനിവാസിൽ സുധയുടെ കുടുംബത്തിന് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ മൂന്നുലക്ഷം രൂപ നഷ്ടപരിഹാരം നൽകാൻ തീരുമാനിച്ചു.

2013 ഒക്ടോബർ 11 ന് കമ്മീഷൻ അംഗം ആർ. നടരാജനാണ് 3 ലക്ഷം രൂപ നഷ്ടപരിഹാരം വിധിച്ചത്.

2012 സെപ്റ്റംബർ 8 നാണ് ഗർഭപാത്രത്തിലെ മുഴ നീക്കം ചെയ്യുന്നതിന് സുധ ശസ്ത്രക്രിയക്ക് വിധേയയായത്. വിക്ടോറിയ ആശുപത്രിയിലെ ഡോ. മിനി എസ്. നായരാണ് ശസ്ത്രക്രിയ നടത്തിയത്. ശസ്ത്രക്രിയക്ക് മുന്നോടിയായി ഡോ. മായ അനസ്തേഷ്യ നൽകി. ശസ്ത്രക്രിയ കഴിഞ്ഞെങ്കിലും സുധക്ക് ബോധം തെളിഞ്ഞില്ല. ഇതിനെ തുടർന്ന് സുധയെ സർക്കാർ ആശുപത്രിയായ വിക്ടോറിയയിൽ നിന്നും സ്വകാര്യ ആശുപത്രിയായ ബെൻസിഗറിലേക്ക് മാറ്റി. എന്നിട്ടും ബോധം തെളിഞ്ഞില്ല. ഡോക്ടർമാരുടെ അനാസ്ഥയെ തുടർന്നാണ് തന്റെ ഭാര്യ സ്ഥിരമായി അബോധാവസ്ഥയിലായതെന്നും മൂന്നുലക്ഷത്തിലധികം രൂപ ചികിത്സക്കുവേണ്ടി ചെലവായെന്നും സുധയുടെ ഭർത്താവ് യശോധരൻ കമ്മീഷനിൽ സമർപ്പിച്ച പരാതിയിൽ പറയുന്നു. കമ്മീഷൻ കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും വിശദീകരണം തേടി. കമ്മീഷൻ സുധയെ സന്ദർശിക്കുകയും ചെയ്തു.

സുധ ആസ്ത്മക്കും തൈറോയിഡിനും ചികിത്സയിലായിരുന്നെന്നും ഓപ്പറേഷന് ശേഷം രോഗിയുടെ നില വഷളായതിനെ തുടർന്നാണ് വെന്റിലേറ്റർ സൗകര്യമുള്ള ബെൻസിഗറിലേക്ക് മാറ്റിയതെന്നും വിക്ടോറിയ ആശുപത്രിക്ക് പരിമിതമായ സൗകര്യങ്ങൾ മാത്രമാണുള്ളതെന്നും കമ്മീഷനിൽ സമർപ്പിച്ച വിശദീകരണത്തിൽ പറയുന്നു.

ഒന്നരവർഷം കഴിഞ്ഞിട്ടും അബോധാവസ്ഥയിൽ തുടർന്ന സുധയിൽ നിന്നും പേവാർഡ് വാടകയിനത്തിൽ കെ. എച്ച്. ആർ .ഡബ്യൂ. എസ് ഈടാക്കിയ വാടക തിരികെ നൽകാൻ കമ്മീഷൻ അംഗം ആർ. നടരാജൻ സൊസൈറ്റി മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകി. സുധയുടെ അവിവാഹിതയായ മൂത്ത പുത്രിക്ക് താത്കാലികാടിസ്ഥാനത്തിൽ ജോലിനൽകാനും കമ്മീഷൻ ഇടക്കാല ഉത്തരവിൽ ആവശ്യപ്പെട്ടു. കൊല്ലം ജില്ലാആശുപത്രി സൂപ്രണ്ട് ഇടക്കാല ഉത്തരവ് നടപ്പിലാക്കിയതായി കമ്മീഷനെ അറിയിച്ചു.

കൂലിപ്പണിക്കാരനായ യശോധരനും കുടുംബവും ഒന്നരസെന്റിലാണ് താമസിക്കുന്നത്. രണ്ടുമക്കൾ അവിവാഹിതരാണ്. സുധയുടെ അബോധാവസ്ഥക്കു കാരണം എന്തു തന്നെയായാലും നിർദ്ദനരായ കുടുംബത്തിന് സർക്കാർ മൂന്നുലക്ഷംരൂപ നഷ്ടപരിഹാരം നൽകണമെന്ന നിർദ്ദേശത്തിൽ കമ്മീഷൻ കേസ് തീർപ്പാക്കി. സുധയുടെ മകൾ രഹന്യക്ക് ആരോഗ്യവകുപ്പിൽ സ്ഥിര നിയമനം നൽകണമെന്നും തീർപ്പിൽ കമ്മീഷൻ നിർദ്ദേശിച്ചു.

തീർപ്പിനെ തുടർന്ന് മൂന്നുലക്ഷം രൂപ സുധയുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകാൻ തീരുമാനിച്ചതായി ആരോഗ്യവകുപ്പ് സെക്രട്ടറി കമ്മീഷനെ അറിയിച്ചു.

തുക വകയിരുത്തുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് സർക്കാർ, നിർദ്ദേശം നൽകിയതായി കമ്മീഷൻ വാർത്താക്കുറിപ്പിൽ അറിയിച്ചു.

# സ്കൂളിൽ മൂത്രപ്പുരകളും കുടിവെള്ളവുമില്ല; കമ്മീഷൻ കേസെടുത്തു

**പാ**ലക്കാട്: ആവശ്യത്തിന് മൂത്രപ്പുരകളും കുടിവെള്ളവും ഇല്ലാത്ത ഹയർസെക്കന്ററി സ്കൂളിന്റെ പരിതാപകരമായ അവസ്ഥക്കെതിരെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു.

നാന്നൂറിലധികം പെൺകുട്ടികൾ പഠിക്കുന്ന കൊടുമുണ്ട ഗവ. ഹയർസെക്കന്ററി സ്കൂളിലെ ദുരിതങ്ങൾക്കെതിരെയാണ് മനുഷ്യാവകാശ കമ്മീഷൻ തദ്ദേശ സ്വയംഭരണ, വൈദ്യുതി സെക്രട്ടറിമാർക്കും ഡി.പി.ഐക്കും നോട്ടീസയച്ചത്. ഹയർസെക്കന്ററി റീജിയണൽ ഡപ്യൂട്ടി ഡയറക്ടർക്കും ആരോഗ്യവകുപ്പ് ഡയറക്ടർക്കും നോട്ടീസയച്ചിട്ടുണ്ട്. എണ്ണൂറിലധികം കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. ഇവരിൽ 400 പേർ പെൺകുട്ടികളാണ്.

യാതൊരു അടിസ്ഥാന സൗകര്യങ്ങളും ഇല്ലാത്ത കേരളത്തിലെ ഏക ഹയർസെക്കന്ററി സ്കൂളാണ് ഇത്. പൊട്ടിപൊളിഞ്ഞ് കിടക്കുന്ന റോഡിലൂടെ വേണം യു.പി, ഹൈസ്കൂൾ വിഭാഗങ്ങൾ പ്രവർത്തിക്കുന്ന സ്കൂളിലെത്താൻ.

പ്രധാനപാതയിൽ നിന്നും സ്കൂളിലേക്ക് ഒരു കിലോമീറ്റർ ദൂരമുണ്ട്. പാതയുടെ ഇരുവശവും കാടുകയറി വിജനമായി കിടക്കുന്നു.

സ്കൂളിൽ നിലവിലുള്ള മൂത്രപ്പുരകളുടെ അവസ്ഥ ഭീകരമാണ്. ആവശ്യത്തിന് വൃത്തിയുള്ള മൂത്രപ്പുരകൾ ഇല്ലാത്തതിനാൽ അധ്യാപകർ രോഗാതുരരാകുന്നു. ഹയർസെക്കന്ററി വിഭാഗത്തിൽ വൈദ്യുതി പോലുമില്ല. കൊടുമുണ്ട സ്വദേശി ഇബ്രാഹിംകുട്ടി സമർപ്പിച്ച പരാതിയിൽ മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജനാണ് കേസെടുത്തത്. കമ്മീഷൻ സ്കൂൾ സന്ദർശിക്കണമെന്നും പരാതിയിൽ പറയുന്നു. എതിർകക്ഷികൾ അടിയന്തിര വിശദീകരണം സമർപ്പിക്കണമെന്ന് കമ്മീഷൻ നോട്ടീസിൽ ആവശ്യപ്പെട്ടു.

# കാവാലം കുരുവിക്കാട് വഴി നിർമ്മിക്കണം

**ആ**ലപ്പുഴ: കാവാലം പഞ്ചായത്തിലെ 12-ാം വാർഡിൽ കുരുവിക്കാട്ട് അടിയന്തിരമായി വഴി നിർമ്മിക്കാൻ നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ കാവാലം പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

എം.എൽ.എ ഫണ്ടിൽ നിന്നോ എം.പി. ഫണ്ടിൽ നിന്നോ തുക സമ്പാദിക്കണമെന്നും അതില്ലെങ്കിൽ മറ്റേതെങ്കിലും ഫണ്ടിൽ നിന്നും തുക വകയിരുത്തണമെന്നും ഉത്തരവിൽ പറയുന്നു. കുരുവിക്കാട് നിവാസികൾ സമർപ്പിച്ച പരാതിയിലാണ് നടപടി.

കമ്മീഷൻ കാവാലം ഗ്രാമപഞ്ചായത്തിൽ നിന്നും വിശദീകരണം തേടിയിരുന്നു. കട്ടക്കുഴി പാടശേഖരത്തിന്റെ പറമ്പിലൂടെയാണ് പ്രദേശവാസികൾ യാത്ര ചെയ്യുന്നതെന്നും പ്രസ്തുത സ്ഥലം പതിനെട്ടിൻ ചിറയിൽ ഔതക്കുട്ടി എന്നയാൾ കൈവശം വച്ചിരിക്കുകയാണെന്നും വഴി വിട്ടുനൽകാൻ ഉടമസ്ഥനായ വർഗ്ഗീസ് വിസമ്മതിക്കുകയാണെന്നും വിശദീകരണത്തിൽ പറയുന്നു.

പാടശേഖരം മണ്ണിട്ട് ഉയർത്തി നടവഴി നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് കാവാലം പഞ്ചായത്തിൽ ലഭ്യമല്ലെന്നും ഫണ്ടിനുവേണ്ടി ജില്ലാപഞ്ചായത്തിനെ സമീപിച്ചിരിക്കുകയാണെന്നും വിശദീകരണത്തിൽ പറയുന്നു. പരാതിക്കാർ യാത്ര ചെയ്യുന്നത് വരമ്പിലൂടെയാണെന്നും യാത്രാ ദുരിതം നിറഞ്ഞതാണെന്നും പരാതിയിൽ പറയുന്നു.

# റവന്യൂടവർ സർക്കാരിന് നാണക്കേട്

**പ**ത്തനംതിട്ട: തിരുവല്ല റവന്യൂ ടവറിലെ ലിഫ്റ്റുകൾ പ്രർത്തനക്ഷമമാണെന്നും സാങ്കേതിക തകരാർ ഉണ്ടായാൽ അടിയന്തിരമായി നന്നാക്കാൻ സംവിധാനം ഉണ്ടെന്നുമുള്ള ജില്ലാ കളക്ടറുടെ വിശദീകരണം മനുഷ്യാവകാശ കമ്മീഷനിൽ ലഭിച്ച ദിവസം ബാർകൗൺസിൽ ഹാളിൽ സിറ്റിങ്ങിനെത്തിയ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ. ബി. കോശി കണ്ടത് പ്രവർത്തിക്കുന്ന ഒരേ ഒരു ലിഫ്റ്റ്. വൈദ്യുതി വിതരണം തടസ്സപ്പെട്ടപ്പോൾ അതിന്റെ പ്രവർത്തനവും നിലച്ചു.

റവന്യൂ ടവറിന്റെ നടത്തിപ്പിനെ കുറിച്ച് കമ്മീഷൻ സർക്കാരിനെ രൂക്ഷമായി വിമർശിച്ചു.

റവന്യൂടവറിലെ ദു:സ്ഥിതി മാറാൻ ചെയ്യേണ്ട കാര്യങ്ങളും സ്വീകരിച്ച കാര്യങ്ങളെയും കുറിച്ച് വിശദമായ ഒരു റിപ്പോർട്ട് പത്തനംതിട്ട ജില്ലാകളക്ടറും റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയും ഹാജരാക്കണമെന്ന് കമ്മീഷൻ ഉത്തരവിട്ടു. ചീഫ് സെക്രട്ടറിയും റിപ്പോർട്ട് ഫയൽ ചെയ്യണം.

മുന്നൂറോളം സർക്കാർ ജീവനക്കാരും മുപ്പതോളം സർക്കാർ ഓഫീസുകളും പ്രവർത്തിക്കുന്ന റവന്യൂടവറിന്റെ സ്ഥിതി ദയനീയമാണെന്ന് ഉത്തരവിൽ പറയുന്നു. നിരവധി സ്വകാര്യ കച്ചവട സ്ഥാപനങ്ങളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ദിവസേന ആയിരത്തോളം പേർ വിവിധ ആവശ്യങ്ങൾക്കായി ഇവിടെ എത്തുന്നുണ്ട്. പേരിന് 3 ലിഫ്റ്റുണ്ടെങ്കിലും ഒരെണ്ണം മാത്രം വല്ലപ്പോഴും പ്രവർത്തിക്കും. ജനറേറ്റർ ഉണ്ടെങ്കിലും പ്രവർത്തിപ്പിക്കാറില്ല. ലിഫ്റ്റ് പ്രവർത്തിക്കാത്തതിനാൽ ശാരീരിക വൈകല്യമുള്ളവരെ എടുത്തുകൊണ്ട് പോകണം.

ഇത്തരത്തിൽ ഒരു സർക്കാർ സ്ഥാപനം പ്രവർത്തിക്കുന്നത് സർക്കാരിനു തന്നെ നാണക്കേടാണെന്ന് ഉത്തരവിൽ പറയുന്നു. സേവനം നൽകുന്നതിന് കാലാവധി നിർണയിക്കുന്നതോടൊപ്പം ജീവനക്കാർക്ക് ജോലിചെയ്യാനുള്ള അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കണമെന്നും ഉത്തരവിൽ പറയുന്നു.

വലിയ കെട്ടിടങ്ങൾ പണിതതുകൊണ്ട് മാത്രം കാര്യമായില്ലെന്നും അത് എല്ലാവർക്കും ഉപയോഗപ്രദമാക്കണമെന്നും ഉത്തരവിലുണ്ട്. ടവറിൽ വെള്ളം കിട്ടാത്തതുകാരണം പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാൻ പോലും സാധിക്കുന്നില്ലെന്നും പരാതിയുണ്ട്.

വാടക കൃത്യമായി കിട്ടിയാൽ മാത്രമേ റവന്യൂ ടവറിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ കഴിയുകയുള്ളൂവെന്ന് ഭവന നിർമ്മാണ വകുപ്പ് കമ്മീഷനെ അറിയിച്ചു. സർക്കാർ കെട്ടിടങ്ങൾ വാടകക്ക് എടുത്തിട്ട് വാടക കൊടുക്കാതിരിക്കുന്നവരെ ഒഴിപ്പിക്കണമെന്നും ഉത്തരവിലുണ്ട്. പരാതിക്കാർ വാടക കുടിശ്ശിക വരുത്തിയവരാണെന്ന് സർക്കാർ കമ്മീഷനെ അറിയിച്ചു. വാടക നൽകാത്തവർ അസൗകര്യത്തെ കുറിച്ച് പറയാൻ യോഗ്യരല്ലെന്നും ജസ്റ്റിസ് ജെ.ബി. കോശി നിരീക്ഷിച്ചു.

# കമ്മീഷൻ ഇടപെട്ടു: അംഗപരിമിതന് സ്ഥിരനിയമനം

**കൊ**ച്ചി: എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 2002-ൽ 179 ദിവസം കൊച്ചി കോർപ്പറേഷനിൽ താല്ക്കാലികാടിസ്ഥാനത്തിൽ ജോലിചെയ്ത അംഗപരിമിതന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ. ബി. കോശിയുടെ ഇടപെടലിനെ തുടർന്ന് കൊച്ചി കോർപ്പറേഷനിൽ ക്ലാർക്കായി സ്ഥിരം നിയമനം ലഭിച്ചു.

1999 മുതൽ 2003 വരെ സർക്കാർ സ്ഥാപനങ്ങളിൽ താല്ക്കാലികാടിസ്ഥാനത്തിൽ ജോലിചെയ്ത അംഗപരിമിതർക്ക് സ്ഥിരനിയമനം നൽകിയെങ്കിലും തന്നെ പരിഗണിച്ചില്ലെന്ന് ആരോപിച്ച് കുമ്പളങ്ങി കോച്ചേരി വീട്ടിൽ കെ.എ. ആന്റണി സമർപ്പിച്ച പരാതിയിലാണ് നടപടി.

എറണാകുളം സാമൂഹ്യനീതി ജില്ലാ ഓഫീസറുടെ ശുപാർശ ഉണ്ടായിട്ടും സാമൂഹ്യനീതി ഡയറക്ടറേറ്റിൽ താൻ തഴയപ്പെട്ടെന്ന് പരാതിയിൽ പറയുന്നു.

മനുഷ്യാവകാശ കമ്മീഷൻ സാമൂഹ്യനീതി ഡയറക്ടറിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടപ്പോൾ കെ.എ. ആന്റണിക്ക് കൊച്ചി കോർപ്പറേഷനിൽ നിയമനം നൽകുകയായിരുന്നുവെന്ന് കമ്മീഷൻ വാർത്താക്കുറിപ്പിൽ അറിയിച്ചു.

# കമ്മീഷൻ ഇടപെടൽ; സാഫല്യം കോംപ്ലക്സിലെ ലിഫ്റ്റുകൾ ഉടൻ നന്നാക്കും

**തി**രുവനന്തപുരം : കേന്ദ്രപൊതു മേഖലാ സ്ഥാപനമായ ഹഡ്കോയും ജനസേവനകേന്ദ്രവും പ്രവർത്തിക്കുന്ന പാളയം സാഫല്യം കോംപ്ലക്സിലെ ലിഫ്റ്റുകൾ ഉടൻ പ്രവർത്തനക്ഷമമാക്കുമെന്ന് തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ) സംസ്ഥാന മനുഷ്യാവകാശ കമ്മീഷന് ഉറപ്പു നൽകി.

ഹഡ്കോ ഡപ്യൂട്ടി ജനറൽ മാനേജർ കോശി വർഗീസ് സമർപ്പിച്ച പരാതിയിൽ അടിയന്തിര നടപടികൾ സ്വീകരിക്കാൻ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി ട്രിഡക്ക് നിർദ്ദേശം നൽകിയിരുന്നു.

ജനസേവന കേന്ദ്രത്തിലെത്തുന്ന പൊതുജനങ്ങൾ ഉൾപ്പെടെയുള്ളവർ ലിഫ്റ്റ് പ്രവർത്തനക്ഷമമല്ലാത്തതു കാരണം ധാരാളം ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരുന്നുണ്ടെന്ന് പരാതിയിൽ പറയുന്നു. 15 മാസത്തോളമായി ലിഫ്റ്റ് പ്രവർത്തിക്കുന്നില്ല. നൂറുകണക്കിന് ആളുകളാണ് ഓരോ ദിവസവും സാഫല്യം കോംപ്ലക്സിലെത്തുന്നത്. അംഗപരിമിതർക്കുപോലും പടിക്കെട്ടുകൾ കയറേണ്ടിവരുന്നതായി പരാതിയിൽ പറയുന്നു.

99 വർഷത്തേക്ക് കെട്ടിടം പാട്ടത്തിനെടുത്ത ഹഡ്കോ മാസം 15,000 വാടക നൽകുന്നുണ്ടെന്നും പരാതിയിലുണ്ട്. ഇതിൽ ലിഫ്റ്റിന്റെ സർവീസ് ചാർജ്ജും ഉൾപ്പെടും.

മൂന്നു ലിഫ്റ്റുകളും 2000 ത്തിൽ സ്ഥാപിച്ചതാണെന്ന് ട്രിഡ മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചു. ഇതിൽ ഒരെണ്ണം 2012-ൽ നവീകരിച്ചതിനാൽ പ്രവർത്തിക്കുന്നുണ്ട്. മറ്റ് രണ്ട് ലിഫ്റ്റുകൾ നവീകരിക്കാൻ ടെണ്ടർ വിളിച്ചിട്ടുണ്ട്. ഓരോ ലിഫ്റ്റും നവീകരിക്കാൻ 5 ലക്ഷം രൂപ ചിലവു വരുമെന്നും ട്രിഡ അറിയിച്ചു.

ലിഫ്റ്റുകൾ അടിയന്തിരമായി പ്രവർത്തനക്ഷമമാക്കണമെന്ന് ജസ്റ്റിസ് ജെ.ബി. കോശി നിർദ്ദേശിച്ചു.

# ആറ്റുകാൽ കുത്തിയോട്ടം തുടരണമോയെന്ന് സർക്കാർ തീരുമാനിക്കണം

**തി**രുവനന്തപുരം: ആറ്റുകാൽ ദേവീക്ഷേത്രത്തിൽ പൊങ്കാല മഹോത്സവത്തോട് അനുബന്ധിച്ച് നടക്കുന്ന കുത്തിയോട്ടം കുട്ടികൾക്ക് പീഡനമാകുന്നുണ്ടെങ്കിൽ അത് തുടരുന്നതു സംബന്ധിച്ച് എല്ലാ വശങ്ങളും പരിശോധിച്ച് സർക്കാർ നടപടിയെടുക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിട്ടു.

കുത്തിയോട്ടം കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തെയും വിദ്യാഭ്യാസത്തെയും ബാധിക്കുന്നുണ്ടോയെന്ന് സർക്കാർ പരിശോധിക്കണം. ഇതിൽ മനുഷ്യാവകാശ-ബാലാവകാശ ലംഘനങ്ങൾ നടക്കുന്നുണ്ടോ എന്നും പരിശോധിക്കണമെന്ന് ഉത്തരവിൽ പറയുന്നു.

സാമൂഹ്യപ്രവർത്തകനും ഡോക്ടറുമായ പി. മുരളീധരൻ നൽകിയ പരാതിയിലാണ് നടപടി. കുത്തിയോട്ടത്തിൽ പങ്കെടുക്കുന്നത് 12 വയസ്സിനു താഴെയുള്ള കുട്ടികളാണെന്നും അവരുടെ ശരീരത്തിൽ കോർക്കുന്ന ലോഹകമ്പി 24 മണിക്കൂർ കഴിഞ്ഞാണ് മാറ്റുന്നതെന്നും പരാതിയിൽ പറയുന്നു.

കുത്തിയോട്ടം കഴിഞ്ഞ് നിരവധി കുട്ടികൾ തന്റെ ക്ലിനിക്കിൽ ചികിത്സക്കെത്തുന്നുണ്ട്. കുട്ടികളുടെ മാനസികാരോഗ്യത്തിനും ശാരീരികാരോഗ്യത്തിനും എതിരായതിനാൽ കുത്തിയോട്ടം മനുഷ്യാവകാശ ലംഘനമാണെന്ന് പരാതിയിൽ പറയുന്നു. കുട്ടികൾക്ക് നൽകിയ ചികിത്സയുടെ മെഡിക്കൽ സർട്ടിഫിക്കറ്റുകളും പരാതിക്കൊപ്പം സമർപ്പിച്ചിരുന്നു.

കമ്മീഷൻ ജില്ലാകളക്ടറോടും ആറ്റുകാൽ ക്ഷേത്ര ട്രസ്റ്റിനോടും വിശദീകരണം ആവശ്യപ്പെട്ടിരുന്നു. പബ്ലിക് സർവന്റ് അല്ലാത്തതിനാൽ മനുഷ്യാവകാശ കമ്മീഷന് ആറ്റുകാൽ ക്ഷേത്ര ട്രസ്റ്റിനെതിരെ നടപടിയെടുക്കാനാവില്ലെന്ന് ട്രസ്റ്റ് വാദിച്ചു.

എന്നാൽ റാംദേവു ചൗഹാനും ബനികന്ത്ദാസും തമ്മിലുള്ള കേസിൽ (A-I-R 2011 S-C 614) സുപ്രീംകോടതി മനുഷ്യാവകാശ കമ്മീഷന്റെ അധികാരം നിർവചിച്ചിട്ടുണ്ടെന്നും മനുഷ്യാവകാശ ലംഘനം ഉണ്ടായാൽ സ്വകാര്യവ്യക്തിക്കും സ്ഥാപനങ്ങൾക്കുമെതിരെ നടപടിയെടുക്കാമെന്നും കമ്മീഷൻ നിരീക്ഷിച്ചു. കുത്തിയോട്ടം സംബന്ധിച്ച പരാതി സർക്കാരിനെതിരെയാണെന്നും പീഡനം തടയേണ്ടത് സർക്കാർ ഉദ്യോഗസ്ഥരാണെന്നും ഉത്തരവിൽ പറയുന്നു.

വർഷങ്ങളായി തുടരുന്ന ആചാരമായതു കാരണം നിർത്താൻ പാടില്ലെന്ന് പറയുന്നതിൽ കഴമ്പില്ലെന്ന് ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറയുന്നു. വർഷങ്ങളായി തുടർന്ന സതിസമ്പ്രദായം നിയമം വഴി നിർത്തലാക്കി.

ദേവദാസി സമ്പ്രദായവും നിർത്തലാക്കി. മുസ്ലീം സമുദായത്തിൽ വാക്കാൽ നടന്നിരുന്ന തലാക്ക് നിയമം വഴി നിരോധിച്ചു. പുതുപ്പള്ളിപോലുള്ള പള്ളികളിൽ ഗീർവർഗ്ഗീസ് സഹദായുടെ പെരുനാളിനോട് അനുബന്ധിച്ച് നടന്ന കോഴിവെട്ട് നിരോധിച്ചു. കാളപോര് സുപ്രീംകോടതി നിരോധിച്ചു.

എത്ര പഴയ ആചാരമാണെങ്കിലും അത് കുട്ടികൾക്ക് പീഡനമായി മാറിയാൽ നിർത്തലാക്കേണ്ടത് സർക്കാരിന്റെ കടമയാണ്. സർക്കാരാണ് ഇക്കാര്യം പരിഗണിക്കേണ്ടതെന്നും ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു.

# കൊച്ചീടെ ജെട്ടി സുനാമി പാലത്തിലെ വൈദ്യുത തകരാർ പരിഹരിക്കണം

**ആ**ലപ്പുഴ: കൊച്ചീടെ ജെട്ടി സുനാമി പാലത്തിലുള്ള തെരുവ് വിളക്കുകൾ കത്തിക്കുന്നതിന് പാലത്തിലെ വൈദ്യുതിലൈനിന്റെ അറ്റകുറ്റപണികൾ തീർക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ ഉത്തരവിട്ടു.

ഹരിപ്പാട് കെ.എസ്.ഇ.ബി. ഇലക്ട്രിക് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്കും കാർത്തികപ്പള്ളി അസിസ്റ്റന്റ് എഞ്ചിനീയർക്കുമാണ് കമ്മീഷൻ നിർദ്ദേശം നൽകിയിരുക്കുന്നത്.

ഇതിന് ചെലവാകുന്ന തുക ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ നിന്നും വൈദ്യുതി ബോർഡിന് ഈടാക്കാവുന്നതാണെന്നും ഉത്തരവിൽ പറയുന്നു. തുക പഞ്ചായത്ത് നൽകണം.

അറ്റകുറ്റപണികൾ തീരുന്ന മുറയ്ക്ക് തെരുവുവിളക്കുകൾ കത്തിക്കുന്നതിനു ആവശ്യമായ ക്രമീകരണങ്ങൾ ആറാട്ടുപുഴ പഞ്ചായത്ത് പൂർത്തിയാക്കണമെന്നും ഉത്തരവിൽ പറയുന്നു.

സ്വീകരിച്ച നടപടികൾ എതിർകക്ഷികൾ കമ്മീഷനെ ഒരു മാസത്തിനകം അറിയിക്കണമെന്നും ആർ. നടരാജൻ ഉത്തരവിൽ പറയുന്നു.

പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി. ആറാട്ടുപുഴ പഞ്ചായത്ത് സമർപ്പിച്ച വിശദീകരണത്തിൽ തെരുവ് വിളക്കുകളുടെ കേബിൾതകരാറ് പരിഹരിക്കേണ്ട ചുമതല കെ.എസ്.ഇ.ബിക്കാണെന്നും എന്നാൽ അവർ നടപടി സ്വീകരിച്ചില്ലെന്നും പറയുന്നു.

തുടർന്ന് കായംകുളം എൻ.റ്റി.പി.സിയെ സമീപിച്ചിട്ടും നടപടി സ്വീകരിച്ചില്ല. എന്നാൽ വൈദ്യുതചാർജ്ജ് അടയ്ക്കണമെന്നാണ് നിബന്ധന.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് തെരുവുവിളക്കുകളുടെ മെയിന്റനൻസ് ചുമതലയെന്ന് കെ.എസ്.ഇ.ബി വാദിച്ചു.

വിളക്കുകൾക്ക് എനർജിമീറ്റർ സ്ഥാപിക്കാത്തതു കാരണമാണ് കറന്റ് ചാർജ് അടക്കേണ്ടിവരുന്നതെന്നും വിശദീകരിച്ചു.

അതേസമയം കെ.എസ്.ഇ.ബിയുടെ വിതരണ ശൃംഖലയിൽ ഉൾപ്പെടുന്ന മീറ്ററുകളുടെയും ഇലക്ട്രിക് ഉപകരണങ്ങളുടെയും പരിപാലനം ബോർഡിന് തന്നെയാണെന്ന് കമ്മീഷൻ നിരീക്ഷിച്ചു.

വെളിച്ചമില്ലാത്തതിനാൽ പാലത്തിലൂടെയുള്ള യാത്ര അപകടകരമാണെന്നും പാലത്തിൽ നിന്ന് കായലിലേക്ക് മാലിന്യം തള്ളാൻ ഇടയാക്കുന്നുവെന്നും ആർ. നടരാജൻ ഉത്തരവിൽ നിരീക്ഷിച്ചതായി കമ്മീഷൻ വാർത്താക്കുറുപ്പിൽ അറിയിച്ചു.

# കെ.എസ്.ആർ.ടി.സിയിലെ ജീവനക്കാർ മൃഗങ്ങളല്ല

**തി**രുവനന്തപുരം: കെ.എസ്.ആർ.ടി.സിയിലെ ജീവനക്കാർ മൃഗങ്ങളല്ലെന്നും അവർക്ക് വിശ്രമിക്കാൻ കാലിത്തൊഴുത്തല്ല അനുവദിക്കേണ്ടതെന്നും സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ്. ജെ.ബി. കോശി.

കെ.എസ്.ആർ.ടി.സി ആസ്ഥാനത്തുള്ള ക്വാർട്ടേഴ്സിലെ ചോർന്നൊലിക്കുന്ന റസ്റ്റ് റൂമിൽ അന്തിയുറങ്ങുന്ന 280 ഓളം ഡ്രൈവർമാരുടെ ദയനീയാവസ്ഥയെ കുറിച്ച് മാധ്യമ പ്രവർത്തകനായ ശ്യാം ദേവരാജ് സമർപ്പിച്ച ഹർജിയിലാണ് നടപടി. ഏഴു ഹാളുകളിലായി അന്തിയുറങ്ങുന്ന ദീർഘദൂരബസ്സുകളിലെ ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും അലക്കിത്തേച്ച യൂണിഫോം മഴ പെയ്താൽ പിഴിഞ്ഞെടുക്കേണ്ടി വരുമെന്നും പരാതിയിൽ പറയുന്നു. ഉറക്കമില്ലാതെ കഴിയുന്ന ഇവർ തൊട്ടടുത്ത പകലിൽ ബസോടിച്ച് അപകടം ക്ഷണിച്ചു വരുത്തുകയാണെന്നും പരാതിയിലുണ്ട്.

റസ്റ്റ് റൂം ഹെറിറ്റേജ് സോൺ ആയതിനാൽ കെട്ടിടം നന്നാക്കുന്നതിന് പുരാവസ്തു വകുപ്പിന്റെ അനുവാദം വേണമെന്നാണ് സർക്കാർ കമ്മീഷനെ അറിയിച്ചത്.

പുരാവസ്തു വകുപ്പിന് കത്തെഴുതി ഒന്നരകൊല്ലം കഴിഞ്ഞിട്ടും നടപടിയുണ്ടായില്ല. കെട്ടിടം വാസയോഗ്യമല്ലെന്ന് പൊതുമരാമത്ത് വകുപ്പ് കമ്മീഷനെ അറിയിച്ചു.

ഹെറിറ്റേജ് സോണിൽ കൊതുകുവല കെട്ടാനും പരിസരം വൃത്തിയാക്കാനും പുരാവസ്തുവകുപ്പിന്റെ അനുവാദം ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. പൊട്ടിയ ഓടുകൾ മാറ്റാനും വകുപ്പിന്റെ അനുവാദം വേണ്ട. പുരാവസ്തു വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് കെട്ടിടം നന്നാക്കാൻ കഴിഞ്ഞില്ലെങ്കിൽ ഫണ്ട് സർക്കാർ അനുവദിക്കണമെന്ന് ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിട്ടു. ഹെറിറ്റേജ് നിയമങ്ങൾക്ക് അനുസൃതമായി പൊതുമരാമത്ത് വകുപ്പിനെ കൊണ്ട് ആറുമാസത്തിനകം കെട്ടിടം നന്നാക്കണമെന്നും ഉത്തരവിൽ പറയുന്നു.

വാസയോഗ്യമല്ലാത്ത സ്ഥലത്ത് തൊഴിലാളികളെ താമസിപ്പിക്കുന്നത് കുറ്റകരവും തൊഴിൽ നിയമങ്ങൾക്ക് എതിരുമായതിനാൽ തൊഴിൽ വകുപ്പും നടപടിയെടുക്കണമെന്ന് ജസ്റ്റിസ് ജെ.ബി. കോശി നിർദ്ദേശിച്ചു. ഗതാഗതം, തൊഴിൽ, ധനം, പുരാവസ്തു വകുപ്പുകൾ തമ്മിൽ ഏകോപനം വേണ്ടതിനാൽ ചീഫ് സെക്രട്ടറി അടിയന്തിര നടപടി സ്വീകരിക്കണമെന്നും ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറയുന്നു.

# സംസാരശേഷിയും കേൾവിശക്തിയുമില്ലാത്തവർക്ക് തൊഴിലവസരങ്ങൾ നിഷേധിക്കരുത്

**പാ**ലക്കാട്: സംസാരശേഷിയും കേൾവിശക്തിയുമില്ലാത്തവർക്ക് തൊഴിലവസരങ്ങൾ നിഷേധിക്കരുതെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി. അവർക്ക് അർഹതപ്പെട്ട തൊഴിലവസരങ്ങൾ അവർക്ക് തന്നെ നൽകാൻ നിർദ്ദേശം നൽകണമെന്നും ഉത്തരവിൽ പറയുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നൽകുന്ന ലിസ്റ്റ് അട്ടിമറിക്കാൻ ഉദ്യോഗസ്ഥരെ അനുവദിക്കരുതെന്നും ഉത്തരവിൽ പറയുന്നു.

ആന്റി കറപ്ഷൻ മൂവ്മെന്റ് ഓഫ് കേരള ജനറൽ സെക്രട്ടറി വി.എസ്. ഷാനവാസ് നൽകിയ ഹർജിയിലാണ് നടപടി. കേൾവി ശക്തിയില്ലാത്ത പാലക്കാട് സ്വദേശി മുരളീദാസിനെ നിരവധി തവണ മുഖാമുഖത്തിന് വിളിച്ചെങ്കിലും ജോലി നൽകിയില്ലെന്ന പരാതിയിലാണ് നടപടി.

കമ്മീഷൻ പാലക്കാട് എംപ്ലോയ്മെന്റ് ഓഫീസറിൽ നിന്നും വിശദീകരണം തേടിയിരുന്നു. മുരളീദാസിന് 100 ശതമാനം സംസാരശേഷിയില്ലെന്നും 1993 ലാണ് ഇദ്ദേഹം എംപ്ലോയ്മെന്റിൽ രജിസ്റ്റർ ചെയ്തതെന്നും വിശദീകരണത്തിൽ പറയുന്നു. വിവിധ തസ്തികകളിലേക്ക് മുരളീദാസിന്റെ പേര് തങ്ങൾ നിർദ്ദേശിച്ചെങ്കിലും സ്ഥാപനങ്ങൾ തങ്ങളുടെ വിവേചനാധികാരം ഉപയോഗിച്ച് അദ്ദേഹത്തെ ഒഴിവാക്കിയെന്നും പരാതിയിൽ പറയുന്നു.

തങ്ങൾ നൽകുന്ന ലിസ്റ്റിൽ നിന്നും യോഗ്യരായ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കാൻ ഉദ്യോഗദായകന് അധികാരമുണ്ടെന്നും വിശദീകരണത്തിൽ പറയുന്നു.

പരാതിയിലെ ആരോപണങ്ങൾ ഗൗരവമേറിയതാണെന്ന് കമ്മീഷൻ അംഗം ആർ. നടരാജൻ നിരീക്ഷിച്ചു. എംപ്ലോയ്മെന്റ് ഓഫീസിൽ തയ്യാറാക്കുന്ന ലിസ്റ്റ് പല മാനദണ്ഡങ്ങളും പാലിച്ചാണ്. ഇതിൽ സംസാരശേഷിയോ കേൾവിശക്തിയോ ഇല്ലാത്തവർക്കായി നീക്കിവയ്ക്കുന്ന തസ്തികകൾ അവർക്ക് തന്നെ നൽകണമെന്നും ഉത്തരവിൽ പറയുന്നതായി കമ്മീഷൻ വാർത്താക്കുറിപ്പിൽ അറിയിച്ചു.

# കമ്മീഷൻ ഇടപെട്ടു; പെൻഷൻ വിഹിതം ലഭിച്ചു

**തി**രുവനന്തപുരം: സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ്. ജെ.ബി. കോശിയുടെ ഇടപെടലിന്റെ ഫലമായി നാഷണൽ അസോസിയേഷൻ ഫോർ ദ ബ്ലൈന്റിന്റെ ഓഫീസിൽ ജോലിചെയ്തിരുന്ന വനിതക്ക് സ്റ്റാഫ് വെൽഫയർ ഫണ്ടിൽ നിക്ഷേപിച്ചിരുന്ന തുക ലഭിച്ചു. നെല്ലിക്കുഴി സ്വദേശി ഷൈലജ സമർപ്പിച്ച പരാതിയിലാണ് നടപടി.

ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള ഒരു വിഹിതവും സ്ഥാപനത്തിന്റെ വിഹിതവും ചേർത്ത് ഇൻഡ്യൻ ഓവർസിസ് ബാങ്കിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. ജീവനക്കാരൻ പിരിഞ്ഞുപോകുമ്പോൾ തുക നൽകുകയായിരുന്നു പതിവ്. 25 വർഷത്തെ സേവനത്തിനുശേഷം നട്ടെല്ലിന് രോഗം ബാധിച്ച പരാതിക്കാരി സർവീസിൽ നിന്നും സ്വയം പിരിഞ്ഞെങ്കിലും രണ്ടുമാസത്തെ ശമ്പളവും വെൽഫയർ ഫണ്ട് ആനുകൂല്യങ്ങളും നൽകിയില്ല. സാമ്പത്തിക പ്രതിസന്ധി കാരണം തുക നൽകാനാവില്ലെന്ന നിലപാടാണ് സ്ഥാപനം സ്വീകരിച്ചത്. തുടർന്ന് മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ്. ജെ. ബി. കോശിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഷൈലജക്ക് നൽകാനുണ്ടായിരുന്ന 23100 രൂപ നൽകിയതായി സ്ഥാപനം കമ്മീഷനെ രേഖാമൂലം അറിയിച്ചു.

# കുത്തിവയ്പ്പിനെ തുടർന്ന് വിരൽ കരിഞ്ഞ സംഭവത്തിൽ 4 ലക്ഷം നഷ്ടപരിഹാരം നൽകണം

**കൊ**ല്ലം: തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നട്ടെല്ല് സംബന്ധമായ ചികിത്സയിലിരുന്ന രോഗിക്ക് കുത്തിവയ്പിനെ തുടർന്ന് ഇടതുകൈയിലെ അഞ്ച് വിരലുകൾ കരിഞ്ഞു പോയ സംഭവത്തിൽ സർക്കാർ നാലു ലക്ഷം രൂപ നഷ്ടപരിഹാരം നൽകണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ ഉത്തരവിട്ടു. കുത്തിവയ്പ് എടുത്ത നേഴ്സാണ് സംഭവത്തിന് ഉത്തരവാദിയെന്ന അധികൃതരുടെ വിശദീകരണം കമ്മീഷൻ സ്വീകരിച്ചു.

പുനലൂർ തുളസീഭവനിൽ തുളസീധരന്റെ (51) കൈവിരലാണ് കുത്തിവയ്പ്പിനെ തുടർന്ന് കരിഞ്ഞു പോയത്. മരപ്പണിക്കാരനാണ് തുളസീധരൻ.

ഡ്യൂട്ടി നഴ്സിന്റെ നടപടിക്കെതിരെ പരാതി നൽകാനെത്തിയ തുളസീധരന്റെ മകൾ അനൂപയോട് മെഡിക്കൽ കോളേജ് സൂപ്രണ്ട് മോശമായി പെരുമാറിയെന്ന ആരോപണത്തെ കുറിച്ച് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കണമെന്നും ഉത്തരവിൽ പറയുന്നു.

സൂപ്രണ്ട് കമ്മീഷനിൽ സമർപ്പിച്ച വിശദീകരണത്തിൽ ഡ്യൂട്ടി നേഴ്സിന്റെ ഭാഗത്ത് നിന്നും അനാസ്ഥയുണ്ടായതായി പറയുന്നുണ്ടെങ്കിലും നേഴ്സിന്റെ പേര് സൂപ്രണ്ട് വെളിപ്പെടുത്താത്തത് അത്ഭുതാവഹമാണെന്നും കമ്മീഷൻ നിരീക്ഷിച്ചു.

നേഴ്സിനെതിരെ സൂപ്രണ്ട് നടപടിയെടുത്തിട്ടുമില്ല. സംഭവത്തിന് ഉത്തരവാദിയായ ഡ്യൂട്ടിനേഴ്സിന്റെ പേരിൽ സൂപ്രണ്ട് നടപടിയെടുക്കണം. കരിഞ്ഞുപോയ വിരലുകൾ മുറിച്ച് മാറ്റേണ്ട അവസ്ഥയിലാണ്.

# കൃഷി നശിപ്പിക്കുന്ന മൃഗങ്ങളെ കൊല്ലാൻ കർഷകരെ അനുവദിക്കണം

**തി**രുവനന്തപുരം : കൃഷി സ്ഥല ങ്ങളിൽ കയറി കൃഷിനാശം ഉൾപ്പെടെ യുള്ള ആക്രമണങ്ങളുണ്ടാക്കുന്ന മൃഗ ങ്ങളെ കൊല്ലാൻ കർഷകർക്ക് അനുമ തി നൽകണമെന്ന് സംസ്ഥാന മനു ഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജ സ്റ്റിസ് ജെ.ബി. കോശി.

മൃഗങ്ങളെ കൊന്ന ശേഷം 12 മണി ക്കൂറിനുള്ളിൽ വനം വകുപ്പുദ്യോഗ സ്ഥർക്ക് കൃഷി ഭൂമിയിലെത്തി തെളി വെടുക്കാമെന്നും കൃഷി നാശം നേരിട്ട് ബോധ്യമാക്കാമെന്നും കമ്മീഷൻ ഉത്ത രവിൽ പറയുന്നു. മുൻകൂർ അനുമതി യോടെ കൊല്ലുന്ന കാട്ടുപന്നികളെ ഭ ക്ഷിക്കാൻ അനുവദിക്കണമെന്നും ഉത്ത രവിൽ പറയുന്നു.

വനംവകുപ്പുദ്യോഗസ്ഥരുടെ മുൻ കൂർ അനുമതിയോടുകൂടി കൃഷിനാശ മുണ്ടാക്കുന്ന കാട്ടുപന്നികളെ വെടിവ ച്ച് കൊല്ലാമെന്ന സർക്കാർ ഉത്തരവ് പു ന:പരിശോധിക്കണമെന്നും ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറയുന്നു. വനേതര പ്രദേശങ്ങളിൽ കടന്നുകയറി മനുഷ്യർക്ക് ഉപദ്രവമുണ്ടാക്കുന്ന കാ ട്ടുപന്നികളെ ഉപദ്രവമുണ്ടായ ശേഷം നിർദ്ദിഷ്ട ഉദ്യോഗസ്ഥനെ കണ്ട് അനു മതി വാങ്ങി കൊല്ലാമെന്ന സർക്കാർ ഉ ത്തരവ് പ്രായോഗികമല്ല. രാത്രി കാല ങ്ങളിൽ പന്നിയിറങ്ങുമ്പോൾ വെടിവയ് ക്കാനുള്ള അനുമതി തേടി ഉദ്യോഗസ്ഥ രെ സമീപിക്കാൻ കർഷകർക്ക് കഴിയി ല്ല. മനുഷ്യജീവനും കൃഷിക്കും പ്രാ ധാന്യം നൽകി കാട്ടുപന്നികളെ സംബ ന്ധിച്ച് പ്രായോഗിക ഉത്തരവ് ഉണ്ടാവ ണമെന്നും കമ്മീഷൻ ചൂണ്ടി കാണി ച്ചു.

വംശനാശം വരുന്ന മൃഗങ്ങളെ പോ ലെ കാട്ടുപന്നികളെ കണക്കാക്കരുത്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിഭിന്ന മായി നിയമപ്രകാരം അനുമതി വാങ്ങി കൊല്ലുന്ന മൃഗത്തിന്റെ മാംസം ഭക്ഷി ക്കരുതെന്ന് പറയുന്നത് അന്യായമാണ്. എന്നാൽ വനത്തിൽ കയറി മൃഗങ്ങളെ കൊല്ലുന്നത് നിരോധിക്കണം.

കാട്ടുപന്നികളുടെ ആക്രമണം മൂല മുണ്ടായ കൃഷി നാശത്തിന് ജില്ലാത ലത്തിൽ കർഷകർക്ക് നൽകിയ നഷ് ടപരിഹാരത്തിന്റെ കണക്ക് ഹാജരാക്ക ണമെന്നും ഉത്തരവിൽ പറയുന്നു. 2012 -13, 13-14 വർഷങ്ങളിൽ എത്രപേർ മുൻ കൂർ അനുമതി വാങ്ങി പന്നികളെ കൊ ന്നു എന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഹാജരാക്കണമെന്നും കമ്മീ ഷൻ നിർദ്ദേശിച്ചു.

പരിസ്ഥിതി സംരക്ഷണം മനുഷ്യർ ക്ക് വേണ്ടിയാണെന്നും പന്നികളുടെ ജീ വനും മനുഷ്യരുടെ ജീവനും സർക്കാർ ഒരേ വില കൽപ്പിക്കരുതെന്നും ഉത്ത രവിൽ പറയുന്നു. എൻ ദേവരാജൻ സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്.

# ചികിത്സാ നിഷേധം: സർക്കാർ 5 ലക്ഷം നഷ്ടപരിഹാരം നൽകണം

**പാ**ലക്കാട്: നെന്മാറ സർക്കാർ ആശുപത്രിയിൽ നെഞ്ചുവേദനയുമാ യെത്തിയ രോഗിക്ക് ചികിത്സ നിഷേ ധിച്ച സംഭവത്തിൽ രോഗിയുടെ കു ടുംബത്തിന് അഞ്ച് ലക്ഷം രൂപ ന ഷ്ടപരിഹാരം നൽകാൻ സംസ്ഥാ ന മനുഷ്യാവകാശ കമ്മീഷൻ അം ഗം ആർ. നടരാജൻ ആരോഗ്യവകു പ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

2013 ജൂലൈ 20 ന് നെന്മാറ സ്വ ദേശി കൃഷ്ണൻകുട്ടിയെ നെഞ്ചുവേ ദനയെ തുടർന്ന് നെന്മാറ സർക്കാർ ആശുപത്രിയിലെത്തിച്ചെങ്കിലും ഡോ ക്ടർമാർ ചികിത്സ നൽകാത്തതിനെ തുടർന്ന് മരിച്ചു. കൃഷ്ണൻകുട്ടിയു ടെ ഭാര്യ ഉഷാദേവിയാണ് കമ്മീഷ നിൽ പരാതി നൽകിയത്. കൃഷ്ണൻ കുട്ടി മരിക്കുമ്പോൾ ആശുപത്രിയി ലെ ഡോക്ടറായ മഹി വിശ്രമമുറി യിൽ ഉറങ്ങുകയായിരുന്നുവെന്ന് പരാ തിയിൽ പറയുന്നു. സ്വകാര്യ ബസിൽ കണ്ടക്ടറായിരുന്നു മരിച്ച കൃഷ്ണൻ കുട്ടി. നെന്മാറ ആശുപത്രിയിൽ അ ത്യാഹിത വിഭാഗം പ്രവർത്തിക്കുന്നി ല്ലെന്നും പരാതിയിൽ പറയുന്നു.

ഡോ. മഹിയുടെ നടപടി ധിക്കാര പരവും നിയമവിരുദ്ധവുമാണെന്ന് ഉത്ത രവിൽ പറയുന്നു. ഇതിന് ഉത്തരവാദി കളായവരെ ശിക്ഷിക്കണം. ആശുപ ത്രിയിൽ അത്യാഹിതവിഭാഗം പ്രവർ ത്തിക്കേണ്ടതില്ലെന്ന ഡോ. മഹിയുടെ തീരുമാനം ഗുരുതരമായ മനുഷ്യാവകാ ശ ലംഘനമാണെന്നും ഉത്തരവിൽ പ റയുന്നു.

സംഭവത്തിൽ കമ്മീഷൻ കുറ്റക്കാ രെന്ന് കണ്ടെത്തിയ ഡോ. മഹി, നഴ് സ് ദിവ്യശ്രീ, നഴ്സിംഗ് അസിസ്റ്റന്റ് അ റുമുഖൻ, സ്റ്റാഫ് നഴ്സ് യശോദ എ ന്നിവരെ നെന്മാറ ആശുപത്രിയിൽ നിന്നും മാറ്റി പകരം ഉദ്യോഗസ്ഥരെ നിയമിക്കണമെന്നും ഉത്തരവിൽ പ റയുന്നു.

ഡോ. മഹി ഉൾപ്പെടെയുള്ള ജീ വനക്കാർക്കെതിരെ നടപടി വേണ മെന്ന ആരോഗ്യവകുപ്പ് അഡീഷ ണൽ ഡയറക്ടറുടെ (വിജിലൻസ്) ശുപാർശ ആരോഗ്യ ഡയറക്ടർ ന ടപ്പിലാക്കിയശേഷം കമ്മീഷനെ അ റിയിക്കണം. നെന്മാറ ആശുപത്രി യിൽ ജില്ലാമെഡിക്കൽ ഓഫീസർ മിന്നൽ പരിശോധന നടത്തണമെ ന്നും ഉത്തരവിൽ പറയുന്നു. രോ ഗികൾക്ക് ഡോക്ടറുടെ സേവനം ലഭ്യമാക്കിയതിനു ശേഷം മാത്രം ഡോക്ടർമാർക്ക് അവധി നൽകണ മെന്നും കമ്മീഷൻ ആരോഗ്യഡയ റക്ടർക്കും നിർദ്ദേശം നൽകി.

# പിൻസീറ്റിൽ ബെൽറ്റില്ലെങ്കിൽ ഫൈനടിക്കുന്നവർ സ്വകാര്യബസുകളിൽ വാതിലില്ലാത്തതിനെതിരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കണം

**തി**രുവനന്തപുരം: പിൻസീറ്റിലിരുന്ന് യാത്രചെയ്യുന്നവർ സീറ്റ് ബൽറ്റിടണമെന്ന പ്രസ്താവന പത്രത്തിൽ വന്നതിന്റെ പിറ്റേന്ന് ഫൈനടിച്ച പോലീസ് സ്വകാര്യബസുകളിൽ വാതിലുകൾ ഇല്ലാത്തതു കാരണമുണ്ടാകുന്ന അപകടങ്ങൾക്കെതിരെ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി. സ്വകാര്യബസുകളുടെ ഗേറ്റുകളിൽ വാതിൽപാളികൾ ഇല്ലാത്തതിനാൽ ഉണ്ടാകുന്ന അപകടങ്ങളുടെ പശ്ചാത്തലത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് ഉത്തരവ്. സ്വകാര്യവാഹനങ്ങളിൽ വാതിലുകൾ ഇല്ലാത്തതു കാരണം എറണാകുളം ജില്ലയിൽ തുടർച്ചയായി രണ്ട് മരണങ്ങളുണ്ടായ പശ്ചാത്തലത്തിലാണ് നടപടി.

ഗതാഗതവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും സംസ്ഥാന ട്രാൻസ്പോർട്ട് കമ്മീഷണറും സംസ്ഥാന പോലീസ് മേധാവിയും ഒരു മാസത്തിനകം വിശദീകരണം സമർപ്പിക്കണം.

സ്വകാര്യബസുകളിൽ വാതിൽ ഇല്ലാത്തതുകൊണ്ടോ ഉണ്ടായിട്ടും തുറന്ന് കെട്ടിവയ്ക്കുന്നതു കൊണ്ടോ വാതിലുകളുള്ള ബസ് സ്റ്റോപ്പിൽ നിർത്തുന്നതിന് മുമ്പ് തുറക്കുന്നതു കൊണ്ടോ അപകടങ്ങൾ ഉണ്ടാകുന്നുണ്ട്. ഇതു തടയുന്നതിന് എന്തു ചെയ്യാൻ കഴിയുമെന്ന് വിശദീകരണത്തിൽ വ്യക്തമാക്കണമെന്ന് ജസ്റ്റിസ് ജെ.ബി.കോശി നോട്ടീസിൽ ആവശ്യപ്പെട്ടു.

# മനുഷ്യാവകാശ സംഘടനകൾക്ക് അംഗീകാരമില്ലെന്ന് മനുഷ്യാവകാശ കമ്മീഷൻ; തെറ്റിദ്ധരിപ്പിച്ചാൽ പോലീസിനെ സമീപിക്കാം

**തി**രുവനന്തപുരം: സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മനുഷ്യാവകാശ സംഘടനകൾക്കൊന്നും കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ അംഗീകാരമില്ലെന്ന് കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ്. ജെ.ബി. കോശി. മനുഷ്യാവകാശ കമ്മീഷന്റെ അംഗീകാരമുണ്ടെന്നും കമ്മീഷനുള്ള നിയമ സംരക്ഷണം ഉണ്ടെന്നും ഒരു സംഘടനയും അവകാശപ്പെടാൻ പാടില്ലെന്നും ഉത്തരവിൽ പറയുന്നു.

കമ്മീഷന്റെ അംഗീകാരമുണ്ടെന്ന പേരിൽ ആരെങ്കിലും പണം പിരിക്കുകയും ആളുകളെ തെറ്റിദ്ധരിപ്പിച്ച് ചതിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ പരാതിക്കാർക്ക് പോലീസിൽ പരാതിപ്പെടാമെന്നും ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു. പരാതി കിട്ടിയാൽ പോലീസ് നിയമാനുസരണം അന്വേഷണം നടത്തണമെന്നും ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു.

മനുഷ്യാവകാശ സംരക്ഷണ നിയമപ്രകാരം കമ്മീഷൻ അതിന്റെ അന്വേഷണവിഭാഗത്തേയോ ഗസറ്റഡ് ഓഫീസറുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെയോ ഉപയോഗിച്ചാണ് അന്വേഷണം നടത്തുന്നത്.

കമ്മീഷൻ അന്വേഷണത്തിനായി ഒരു സംഘടനയെയും ചുമതലപ്പെടുത്താറില്ലെന്നും ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറയുന്നു.

സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ അംഗീകാരമുണ്ടെന്ന വ്യാജേന പ്രവർത്തിക്കുന്ന കേരള സംസ്ഥാന മനുഷ്യാവകാശ സംരക്ഷണ സമിതി എന്ന സംഘടനക്കും അതിന്റെ സെക്രട്ടറി കടയ്ക്കാവൂർ വിക്രമനുമെതിരെ അഡ്വ. കെ.എസ്. സുധീരൻ, സുധീന്ദ്രൻ, നൗഷാദ് കെ. തെക്കഴികത്ത് എന്നിവർ സമർപ്പിച്ച പരാതികൾ തീർപ്പാക്കികൊണ്ടാണ് ഉത്തരവ്.

കേരള സർക്കാരിന്റേതെന്ന് തെറ്റിദ്ധരിപ്പിക്കുന്ന തരത്തിൽ മനുഷ്യാവകാശ സംഘടനകൾ വാഹനങ്ങൾ ഉപയോഗിക്കാനോ ബോർഡുകൾ വയ്ക്കാനോ ലെറ്റർഹെഡുകൾ അച്ചടിക്കാനോ പാടില്ല. ചില സംഘടനകൾ തങ്ങളുടെ സംഘടനയുടെ പേര് സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ പേരുമായി സാമ്യമുണ്ടാകുന്ന തരത്തിൽ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇത് നിയമവിരുദ്ധമാണ്. സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഭാഗം എന്ന നിലയിൽ ഒരു സംഘടനയും പ്രവർത്തിക്കാൻ പാടില്ല. മണിചെയിൻ മോഡലിൽ മനുഷ്യാവകാശ സംഘടനകൾ അംഗത്വം കൊടുക്കുന്നത് തെറ്റാണ്.

കമ്മീഷന്റെ അംഗീകാരമുണ്ടെന്ന പേരിൽ സംഘടനകൾ പണംപിരിക്കുകയും പോലീസിനെ ഭീഷണിപ്പെടുത്തുകയും ചെയ്യുന്നുണ്ട്. മനുഷ്യാവകാശ സംഘടനകൾക്ക് അംഗത്വം നൽകാൻ മനുഷ്യാവകാശ നിയമത്തിൽ വ്യവസ്ഥയില്ല. ഇത്തരം സംഘടനകൾക്ക് ലോകായുക്തയുടെ അംഗീകാരമില്ലെന്ന് ലോകായുക്ത കമ്മീഷനെ അറിയിച്ചിട്ടുണ്ട്. ചീഫ് ജസ്റ്റിസിന്റെ അധികാരം ഉണ്ടെന്നുവരെ ഇത്തരം സംഘടനകൾ അവകാശപ്പെടുന്നുണ്ട്. . ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു.

# അമ്മക്കും കുഞ്ഞിനും ബസുകളിൽ സീറ്റ് റിസർവ് ചെയ്യണം

**തി**രുവനന്തപുരം: പിഞ്ചു കുഞ്ഞുങ്ങളുമായി ബസിൽ കയറുന്ന അമ്മമാർക്ക് ട്രാൻസ്പോർട്ട് ബസിൽ സീറ്റ് റിസർവ് ചെയ്യണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ. ബി. കോശി ഉത്തരവിട്ടു.

ഫാദർ ജേക്കബ് കല്ലിച്ചേത്ത് സമർപ്പിച്ച പരാതിയിലാണ് നടപടി. ഉത്തരവ് ഗതാഗത സെക്രട്ടറിക്കും കമ്മീഷണർക്കും കൈമാറി.

പത്തനംതിട്ടയിൽ നിന്നും തിരുവനന്തപുരത്തേക്ക് കെ.എസ്.ആർ.ടി.സി ബസിൽ യാത്ര ചെയ്യുമ്പോൾ കുഞ്ഞുമായി കയറിയ അമ്മക്ക് സ്ത്രീകൾ ഉൾപ്പെടെയുള്ള യാത്രക്കാർ സീറ്റ് ഒഴിഞ്ഞു കൊടുക്കാൻ വൈമനസ്യം കാണിച്ചതിനെതിരെയാണ് പരാതി. തുടർന്ന് ഫാദർ ജേക്കബ് കല്ലിച്ചേത്ത് സീറ്റൊഴിഞ്ഞു കൊടുത്തു.

കെ.എസ്.ആർ.ടി.സി, സ്വകാര്യ ബസുകളിൽ ഒന്നോ രണ്ടോ സീറ്റ് അമ്മക്കും കുഞ്ഞിനുമായി റിസർവ് ചെയ്യണമെന്നാണ് ആവശ്യം. അമ്മയും കുഞ്ഞുമില്ലെങ്കിൽ സീറ്റ് മറ്റാർക്കെങ്കിലും ഉപയോഗിക്കാം എന്ന വ്യവസ്ഥയിൽ റിസർവ് ചെയ്യാവുന്നതാണെന്നും പരാതിയിൽ പറയുന്നു.

പിഞ്ചു കുഞ്ഞുങ്ങളുമായി അമ്മമാർ ബസിൽ യാത്ര ചെയ്യുമ്പോൾ അവരുടെ വിഷമത ഓർത്ത് ആരോഗ്യമുള്ളവർ സീറ്റ് മാറികൊടുക്കേണ്ടത് മര്യാദയും സംസ്ക്കാരത്തിന്റെ ഭാഗവുമാണെന്ന് ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു.

# ലോക്കപ്പിൽ വസ്ത്രം ധരിക്കാൻ അനുവദിക്കണമെന്ന നിയമം കർശനമായി പാലിക്കണം

**തി**രുവനന്തപുരം: ഒരാളെ അറസ്റ്റ് ചെയ്ത് ലോക്കപ്പിലിടുമ്പോൾ അയാൾ സാധാരണ ധരിക്കാറുള്ള വസ്ത്രം ധരിക്കാൻ അനുവദിക്കണമെന്ന കേരള പോലീസ് ആക്റ്റിലെ വ്യവസ്ഥ കർശനമായി പാലിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി.

കേരള പോലീസ് ആക്റ്റ് 46-ം വകുപ്പിലുള്ള മൂന്നാം ഉപവകുപ്പു പ്രകാരമുള്ള വ്യവസ്ഥ സർക്കാർ കർശനമായി പാലിക്കണമെന്നും കമ്മീഷൻ ഉത്തരവിട്ടു.

പോലീസ് സ്റ്റേഷനിലെ ലോക്കപ്പിൽ നഗ്നരായോ, അടിവസ്ത്രം മാത്രം ധരിപ്പിച്ചോ ആളുകളെ നിർത്തിയാൽ ഉത്തരവാദികളായ പോലീസുകാരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കണമെന്നും കമ്മീഷൻ നിർദ്ദേശം നൽകി. ഇതു സംബന്ധിച്ച് കമ്മീഷൻ നേരത്തെ സർക്കാരിന് നൽകിയ ഉത്തരവ് പുനഃപരിശോധിക്കേണ്ടതില്ലെന്നും ജസ്റ്റിസ് ജെ. ബി. കോശി തീരുമാനിച്ചു.

ഗുരുതരമായ കുറ്റം ചെയ്ത് ലോക്കപ്പിലെത്തുന്നവർ ആത്മഹത്യചെയ്യാൻ സാധ്യതയുണ്ടെന്നും ലോക്കപ്പിൽ വസ്ത്രം നൽകണമെന്ന കമ്മീഷൻ ഉത്തരവ് പിൻവലിക്കണമെന്നും ആവശ്യപ്പെട്ട് കോട്ടയം സ്വദേശി പി. രാജൻ നൽകിയ ഹർജി കമ്മീഷൻ തള്ളി.

ലോക്കപ്പിൽ കിടക്കുന്നവരെല്ലാം കുറ്റക്കാരാവണമെന്നില്ലെന്ന് ഉത്തരവിൽ പറയുന്നു. പലരും കുറ്റാരോപിതർ മാത്രമാണ്. സംശയത്തിന്റെ പേരിൽ അറസ്റ്റു ചെയ്യപ്പെടുന്നവരിൽ പലരും പിന്നീട് കുറ്റത്തിൽ നിന്നും ഒഴിവാക്കപ്പെടാറുണ്ട്. കുറ്റക്കാരാണെന്ന് പോലീസ് കണ്ടെത്തുന്നവരെ കോടതി വിട്ടയക്കാറുമുണ്ട്. അറസ്റ്റു ചെയ്താൽ 24 മണിക്കൂറിനകം കോടതിയിൽ ഹാജരാക്കണമെന്ന് ഉത്തരവുണ്ടെങ്കിലും അങ്ങനെ സംഭവിക്കാറില്ലെന്നും ജസ്റ്റിസ്. ജെ. ബി. കോശി ഉത്തരവിൽ പറഞ്ഞു. സംശയത്തിന്റെ പേരിൽ മാത്രം ഗുരുതരമായ കുറ്റം ആരോപിക്കപ്പെട്ട് അറസ്റ്റ് ചെയ്യപ്പെടുന്നതും ആള് മാറി അറസ്റ്റ് ചെയ്യുന്നത് സാധാരണയാണെന്നും ജസ്റ്റിസ്. ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു.

# കമ്മീഷൻ ഇടപെട്ടു; ഇ.പി.എഫ് പെൻഷൻ അനുവദിച്ചു

**തി**രുവനന്തപുരം: സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി.കോശിയുടെ ഇടപെടലിന്റെ ഫലമായി കേരള ലൈവ് സ്റ്റോക്ക് ഡവലപ്പമെന്റ് ബോർഡിന്റെ കീഴിലുള്ള പന്നിവളർത്തൽ കേന്ദ്രത്തിൽ അറ്റന്ററായി ജോലി ചെയ്തിരുന്ന റ്റി.കെ. സുബ്രഹ്മണ്യന് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് അധികൃതർ പെൻഷൻ അനുവദിച്ചു.

1996 മുതൽ 99 വരെ കാഷ്വൽ തൊഴിലാളിയായും തുടർന്ന് 2012 വരെയും ജോലിചെയ്ത സുബ്രഹ്മണ്യന് ഇ.പി.എഫ് പെൻഷൻ അനുവദിക്കുന്നില്ലെന്ന് ആരോപിച്ച് തേമ്പാമൂട് സഹദേവൻ ഫയൽ ചെയ്ത ഹർജിയിൽ പെൻഷൻ അനുവദിക്കാൻ ജസ്റ്റിസ്. ജെ. ബി. കോശി ഉത്തരവിട്ടിരുന്നു.

പത്തു വർഷത്തെ മിനിമം സർവീസില്ലെന്ന് പറഞ്ഞാണ് ഇ.പി.എഫ് പെൻഷൻ അനുവദിക്കാൻ അധികൃതർ തയ്യാറാകാതിരുന്നത്.

എന്നാൽ സുബ്രഹ്മണ്യന് 13 വർഷവും 7 മാസവും സർവീസുണ്ടെന്ന് ലൈവ് സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡ് കമ്മീഷനെ അറിയിച്ചു. തുടർന്ന് കമ്മീഷൻ ഇ.പി.എഫ് മേധാവി നേരിട്ട് ഹാജരാകാൻ നിർദ്ദേശം നൽകി.

ഇതിനിടെ സുബ്രഹ്മണ്യന്റെ ഇ.പി.എഫ് വിഹിതം രണ്ട് അക്കൗണ്ടുകളിലായാണ് ഈടാക്കിയതെന്ന് ഇ.പി.എഫ് അധികൃതർ കമ്മീഷനെ അറിയിച്ചു.

സ്ഥാപനം അടയ്ക്കാനുണ്ടായിരുന്ന കുടിശ്ശിക അടച്ചതായും മാസം 1259 രൂപ പെൻഷൻ അനുവദിച്ചതായും ഇ.പി.എഫ് അധികൃതർ കമ്മീഷനെ അറിയിച്ചു.

# കമ്മീഷൻ ഇടപെട്ടു; ഡാർലിക്ക് വീടായി

**തി**രുവനന്തപുരം: സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ്. ജെ.ബി. കോശിയുടെ ഇടപെടലിനെ തുടർന്ന് നെയ്യാറ്റിൻകരയിലെ ഡാർലിക്ക് സർക്കാർ മൂന്നു സെന്റ് സ്ഥലവും വീടും അനുവദിച്ചു.

നെയ്യാറിലെ മണലൂറ്റുകാർ മണലെടുത്താണ് ഡാർലിയുടെ ഏഴ് സെന്റ് സ്ഥലവും വീടും നശിപ്പിച്ചത്. ഏതാനും മാസങ്ങൾക്കുമുമ്പ് നെയ്യാറിൽ വെള്ളം പൊങ്ങിയപ്പോൾ പോലീസുകാർ ഡാർലിയെ ബോട്ടിൽ കയറ്റി മറുകരയിലെത്തിച്ചു. തുടർന്ന് തിരുവനന്തപുരത്തെ വൃദ്ധസദനത്തിലേക്ക് മാറ്റി. ഡാർലിയുടെ വീടിരിക്കുന്ന സ്ഥലം ഇടിച്ച് മണൽമാഫിയ മണ്ണെടുത്തതായും പരാതി ഉയർന്നിരുന്നു.

കമ്മീഷൻ ജില്ലാകളക്ടറിൽ നിന്നും വിശദീകരണം തേടിയിരുന്നു. മണലെടുപ്പുകാരാണ് ഡാർലിയുടെ വീടും സ്ഥലവും നശിപ്പിച്ചതെന്ന് കളക്ടറും ജിയോളജിസ്റ്റും കമ്മീഷൻ മുമ്പാകെ രേഖാമൂലം സമ്മതിച്ചു. ഡാർലിക്ക് സർക്കാർ, സ്ഥലം വിലക്കുവാങ്ങി നൽകണമെന്ന് ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിട്ടിരുന്നു. തുടർന്ന് ഡാർലിയുടെ വിഷയം പ്രത്യേകമായി പരിഗണിച്ച് 3 സെന്റ് സ്ഥലവും വീടും നൽകാൻ തീരുമാനിച്ചതായി റവന്യൂസെക്രട്ടറി കമ്മീഷനെ അറിയിച്ചു. ഇതിനായി റവന്യൂ (യു) വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും റവന്യൂ സെക്രട്ടറി കമ്മീഷനെ അറിയിച്ചു.

# ഹോംഗാർഡുകളുടെ ശമ്പള വർദ്ധന ധനവകുപ്പുമായി ആലോചിച്ച് ഉടൻ നടപ്പിലാക്കണം

**തി**രുവനന്തപുരം: ഹോംഗാർഡുകളുടെ ദിവസവേതനം വർദ്ധിപ്പിക്കുന്ന കാര്യം ധനസെക്രട്ടറിയുമായി ചർച്ചചെയ്ത് അടിയന്തിരമായി നടപ്പിലാക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ്. ജെ.ബി. കോശി. അടിയന്തിര തീരുമാനമെടുത്തശേഷം ആഭ്യന്തര സെക്രട്ടറി നടപടി റിപ്പോർട്ട് ഫയൽ ചെയ്യണമെന്നും ഉത്തരവിൽ പറയുന്നു.

വി.സി. അഭിലാഷ് ഫയൽ ചെയ്ത ഹർജിയിലാണ് നടപടി. കമ്മീഷൻ ആഭ്യന്തര പ്രിൻസിപ്പൽ സെക്രട്ടറിയോടും ഫയർഫോഴ്സ് കമാന്ററിനോടും വിശദീകരണം ആവശ്യപ്പെട്ടിരുന്നു.

ഒരു ഹോംഗാർഡിനെയും നിർബന്ധിച്ച് ജോലിയെടുപ്പിക്കുന്നില്ലെന്നും താല്പര്യമില്ലാത്തവർക്ക് എപ്പോൾ വേണമെങ്കിലും പിരിഞ്ഞുപോകാമെന്നും ഫയർ ഫോഴ്സ് കമാന്റന്റ് ജനറൽ കമ്മീഷനെ അറിയിച്ചു. പെൻഷൻ പറ്റിയ ധാരാളം പേർ ജോലിക്കായി അപേക്ഷ നൽകി കാത്തിരിക്കുകയാണെന്നും വിശദീകരണത്തിൽ പറയുന്നു. വിശദീകരണം കമ്മീഷൻ തള്ളി.

ശമ്പള വർധന ആവശ്യപ്പെടുമ്പോൾ ഇഷ്ടമുണ്ടെങ്കിൽ ജോലി ചെയ്താൽ മതിയെന്ന് പറയുന്നത് ശരിയല്ലെന്ന് കമ്മീഷൻ നിരീക്ഷിച്ചു. അതേസമയം ശമ്പള വർധന വിലുള്ള ഫയൽ ധനവകുപ്പിന്റെ പരിഗണനയിലാണെന്ന് ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കമ്മീഷനെ അറിയിച്ചു. ഇതിൽ തീരുമാനമെടുക്കാൻ ജസ്റ്റിസ് ജെ.ബി. കോശി ആവശ്യപ്പെട്ടു. ഹോംഗാർഡുകാരുടെ ഇപ്പോഴത്തെ ദിവസവേതനം 350 രൂപയാണ്. 3000 രൂപ ഒറ്റതവണ യൂണിഫോം അലവൻസും നൽകുന്നുണ്ട്.



# റയോൺസ് വളപ്പിലെ അപകടാവസ്ഥയിലായ മരങ്ങൾ മുറിക്കണം

**കൊ**ച്ചി : പൂട്ടിക്കിടക്കുന്ന പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് വളപ്പിൽ അപകടകരമായ വിധത്തിൽ വളർന്നു നിൽക്കുന്ന മരങ്ങളും ശിഖരങ്ങളും വെട്ടിമാറ്റാൻ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി കിൻഫ്രക്ക് നിർദ്ദേശം നൽകി. പൊളിഞ്ഞ മതിൽ ഉടൻ പുനർ നിർമ്മിക്കണം. ഇതിനാവശ്യമായ തുക സർക്കാർ അനുവദിക്കണമെന്നും ഉത്തരവിൽ പറയുന്നു. കമ്പനി കിൻഫ്ര ഏറ്റെടുത്തിരുന്നു.

ഭീതി കൂടാതെ ജീവിക്കാനുള്ള ജനങ്ങളുടെ അവകാശം സംരക്ഷിക്കേണ്ടത് സർക്കാരിന്റെ കടമയാണ്. കമ്പനിയുടെ ഒഫിഷ്യൽ ലിക്വിഡേറ്റർ ഇക്കാര്യങ്ങൾ കോടതിയെ അറിയിക്കണം. നഗരസഭക്കും പൊതുമരാമത്ത് വകുപ്പിനും മരങ്ങൾ മുറിച്ചു മാറ്റാമായിരുന്നു.

അതിന് കോടതിയുടെ അനുവാദം ആവശ്യമില്ലെന്ന് ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു.

ഉത്തരവ് ചീഫ് സെക്രട്ടറിക്കും കിൻഫ്ര എം.ഡി ക്കും എറണാകുളം ജില്ലാ കളക്ടർക്കും പെരുമ്പാവൂർ നഗരസഭാ സെക്രട്ടറിക്കും കൈമാറി.

സാമൂഹ്യപ്രവർത്തകനായ എം.ബി. ഹംസ സമർപ്പിച്ച പരാതിയിലാണ് നടപടി. റയോൺസ് വളപ്പിൽ വളർന്നു നിൽക്കുന്ന വൻമരങ്ങൾ സമീപവാസികളുടെ ഉറക്കം കെടുത്തുന്നതായാണ് പരാതി. കമ്പനി വളപ്പിലെ മതിൽ ഇടിഞ്ഞതിനാൽ ഇഴജന്തുക്കൾ സമീപത്തെ വീടുകളിലെത്തുന്നു. കമ്പനി 14 വർഷമായി പൂട്ടി കിടക്കുകയാണ്. 70 ഏക്കർ സ്ഥലമാണ് കമ്പനിക്കുള്ളത്.

കമ്മീഷൻ മൂവാറ്റുപുഴ ആർ.ഡി.ഒ യോട് വിശദീകരണം ആവശ്യപ്പെട്ടിരുന്നു. വൃക്ഷങ്ങൾ വെട്ടിമാറ്റാൻ കമ്പനി എം.ഡി ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നായിരുന്നു വിശദീകരണം. ക്രിമിനൽ നടപടി നിയമപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും വിശദീകരണത്തിൽ പറയുന്നു. എന്നാൽ കമ്പനിക്ക് സാമ്പത്തിക സ്ഥിതിയില്ലെന്നു പറഞ്ഞ് അധികൃതർ ഒഴിഞ്ഞുമാറിയെന്നും ആർ.ഡി.ഒ വിശദീകരിച്ചു.

# മണിമലയാർ മലിനമായാൽ പഞ്ചായത്ത് ഉത്തരവാദി

**പ**ത്തനംതിട്ട: മല്ലപ്പള്ളി ചന്തയിൽ നിന്നുള്ള മാലിന്യങ്ങൾ ഒഴുകിയിറങ്ങി മണിമലയാർ മലിനമായാൽ മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കുമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ്. ജെ.ബി. കോശി.

മല്ലപ്പള്ളി ചന്തയിലെ മലിനീകരണ പ്രശ്നം പരിഹരിക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ മല്ലപ്പള്ളി പഞ്ചായത്ത് സെക്രട്ടറി ഹാജരാക്കണമെന്നും ഉത്തരവിൽ പറയുന്നു. മലിനീകരണ നിയന്ത്രണബോർഡ് തുടർ നടപടികളെ കുറിച്ച് വിശദീകരണം സമർപ്പിക്കണം. നിലവിലെ സ്ഥിതി തുടർന്നാൽ ചന്ത അടച്ചുപൂട്ടാൻ കമ്മീഷന് നിർദ്ദേശം നൽകേണ്ടിവരുമെന്നും ഉത്തരവിൽ പറയുന്നു.

ചന്തയിലെ മാലിന്യം മണിമലയാറിൽ ഒഴുകിയിറങ്ങുകവഴി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ടെന്ന് മലിനീകരണ നിയന്ത്രണബോർഡ് കമ്മീഷനെ അറിയിച്ചു. മാലിന്യ നിർമ്മാർജ്ജനത്തിനു വേണ്ടി ഒരു പദ്ധതിയും പഞ്ചായത്ത് ബോർഡിന് സമർപ്പിച്ചിട്ടില്ലെന്നും ബോർഡ് കമ്മീഷനെ അറിയിച്ചു.

മാർക്കറ്റിലുണ്ടായിരുന്ന ഇൻസിനറേറ്റർ തുരുമ്പു പിടിച്ച് നശിക്കുകയാണെന്നും മൽസ്യമാംസാദികളുടെ അവശിഷ്ടങ്ങൾ ഇൻസിനറേറ്ററിന് മുകളിൽ നിക്ഷേപിക്കുകയാണെന്നും ജില്ലാ മെഡിക്കൽ ഓഫീസർ കമ്മീഷനെ അറിയിച്ചു. മത്സ്യം വിൽക്കുന്ന സ്റ്റാൾ വ്യത്തിഹീനവും നായ്ക്കളുടെ വിഹാരകേന്ദ്രവുമാണെന്നും ഡി.എം.ഒ അറിയിച്ചു. തുറസായ സ്ഥലത്ത് പ്ലാസ്റ്റിക് കത്തിക്കുന്നതു കാരണം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നു. പ്ലാസ്റ്റിക് സാധനങ്ങൾ തരം തിരിച്ച് മാറ്റുക, കച്ചവടം കഴിഞ്ഞാലുടൻ മത്സ്യമാർക്കറ്റ് കഴുകി വൃത്തിയാക്കി അണുനാശിനി തളിക്കുക, ആൾതാമസമില്ലാത്തതും ജലമലിനീകരണം ഉണ്ടാകാത്തതുമായ പ്രദേശത്തേക്ക് ഇൻസിനറേറ്റർ മാറ്റി സ്ഥാപിക്കുക, പൊതുജല സ്രോതസ് മലിനമാക്കാതിരിക്കുക തുടങ്ങിയ നിർദ്ദേശങ്ങളാണ് ഡി.എം.ഒ. കമ്മീഷൻ മുമ്പാകെ സമർപ്പിച്ചത്.

മാലിന്യ നിർമാർജന പ്രശ്നത്തിന് പരിഹാരം കാണാൻ 2014-15 വർഷത്തെ പദ്ധതിയിൽ 35 ലക്ഷം രൂപ വകയിരുത്തി ഒരു ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് കമ്മീഷനെ അറിയിച്ചു. ബയോഗ്യാസ് പദ്ധതിയുടെ രൂപരേഖ മലിനീകരണ നിയന്ത്രണ ബോർഡിന് സമർപ്പിച്ച് അത് അനുയോജ്യമാണോ എന്ന് പരിശോധിക്കണമെന്ന് ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു. പ്ലാന്റ് സ്ഥാപിക്കുമ്പോൾ ജില്ലാ മെഡിക്കൽ ഓഫീസർ സമർപ്പിച്ച നിർദ്ദേശങ്ങളും പരിഗണിക്കണം. ഒരു കാരണവശാലും ആളുകൾ കുടിക്കാനും കുളിക്കാനും ഉപയോഗിക്കുന്ന ജലസ്രോതസ് മലിനമാക്കരുതെന്ന് ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു.

നെടുങ്ങാടപ്പള്ളി സ്വദേശി സി.സി. മത്തായിയും മല്ലപ്പള്ളി സ്വദേശി പി.എം. തോമസും സമർപ്പിച്ച പരാതികളിലാണ് നടപടി.

# മകനെ കിട്ടിയില്ല; അച്ഛനെ പിടിച്ചു; എക്സൈസ് ഇൻസ്പെക്ടർക്കെതിരെ വകുപ്പുതല നടപടി വേണം

ആലപ്പുഴ: അബ്കാരി കേസിൽ പ്രതിയായ മകനെ അന്വേഷിച്ച് വീട്ടിലെത്തിയ എക്സൈസ് സംഘം അച്ഛനെ പിടിച്ചുകൊണ്ടുപോയി ഉപദ്രവിച്ച സംഭവത്തിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകി.

ചെങ്ങന്നൂർ റേഞ്ച് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ രാജുവിനെതിരെ നടപടി സ്വീകരിക്കാനാണ് ഉത്തരവ്. ആലപ്പുഴ ഇരവിവേരൂർ നെടുമ്പ്രത്ത് ചെറുശേരി വീട്ടിൽ സുമതി സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിലാണ് നടപടി.

കഴിഞ്ഞവർഷം ആഗസ്റ്റ് 10 ന് രാത്രിയാണ് സംഭവം. രാജുവും മറ്റ് നാലു ഗാർഡുകളും വീട് ചവിട്ടിത്തുറന്ന് മകൻ സുമേഷിനെ അന്വേഷിച്ചതായും മകനില്ലെന്ന് പറഞ്ഞപ്പോൾ ഭർത്താവിനെ കൊണ്ടുപോയെന്നുമാണ് പരാതി. സ്റ്റേഷനിൽ നിന്നും ക്രൂരമർദ്ദനമേറ്റ ഭർത്താവിനെ പിറ്റേന്ന് ആശുപത്രിയിൽ പ്രവേശിച്ചു. ആഗസ്റ്റ് 15 ന് എക്സൈസ് സംഘം വീണ്ടും വീട്ടിലെത്തി മകനെ അന്വേഷിച്ചു.

കമ്മീഷൻ എക്സൈസ് കമ്മീഷണർ എതിർകക്ഷി രാജു, തിരുവല്ല സബ് ഇൻസ്പെക്ടർ എന്നിവരിൽ നിന്നും വിശദീകരണം തേടി. എക്സൈസ് സി.ഐ.രാജു പരാതിക്കാരിയുടെ വീട്ടിലെത്തി മകനെ അന്വേഷിച്ച കാര്യം എക്സൈസ് കമ്മീഷണർ സമ്മതിച്ചു. പരാതിക്കാരിയുടെ മകനെന്ന് തെറ്റിദ്ധരിച്ചാണ് അച്ഛനെ പിടിച്ചതെന്നും വിശദീകരണത്തിൽ പറയുന്നു. പരാതിക്കാരിയുടെ ഭർത്താവ് തിരുവല്ല താലൂക്ക് ആശുപത്രിയിൽ ചികിത്സയിലായിരുന്നെന്നും വിശദീകരണത്തിൽ സമ്മതിച്ചിട്ടുണ്ട്. തിരുവല്ല സബ്ഇൻസ്പെക്ടറും സമാനമായ വിശദീകരണമാണ് നൽകിയത്. എന്നാൽ എതിർകക്ഷി ആരോപണങ്ങൾ നിഷേധിച്ചു.

എക്സൈസ് ഉദ്യോഗസ്ഥർ അബ്കാരികേസിലെ പ്രതിയായ മകനെ അന്വേഷിച്ച് പരാതിക്കാരിയുടെ വീട്ടിൽ ചെന്നതിന് ന്യായീകരണമുണ്ടെങ്കിലും പരാതിക്കാരിയുടെ ഭർത്താവിനെ പിടിച്ചുകൊണ്ടുപോയതിൽ ഒരു ന്യായീകരണവുമില്ലെന്ന് കമ്മീഷൻ അംഗം ആർ. നടരാജൻ ഉത്തരവിൽ പറഞ്ഞു. ഇത് ക്രൂരവും മനുഷ്യാവകാശ ലംഘനവുമാണെന്നും ഉത്തരവിൽ പറയുന്നതായി കമ്മീഷൻ വാർത്താകുറുപ്പിൽ അറിയിച്ചു.

# ഡെപ്യൂട്ടി കളക്ടർക്കെതിരെ നടപടിയെടുക്കാൻ കമ്മീഷൻ ഉത്തരവ്

തൃശ്ശൂർ: ദേശീയ പാതാ വികസന പദ്ധതി ഡെപ്യൂട്ടി കളക്ടർ കെ.വി. മുരളീധരന്റെ പേരിൽ അന്വേഷണം നടത്തി വകുപ്പുതല നടപടി സ്വീകരിക്കാൻ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ റവന്യൂ സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

മാനലശ്ശേരി കോംമ്പാറയിൽ മെറീനാ ഡേവിസ് സമർപ്പിച്ച പരാതിയിലാണ് നടപടി.

പരാതിക്കാരിയുടെ ഭർത്താവും സ്പെഷ്യൽ തഹസീൽദാറുമായ കെ.എസ്. ഡേവിസ് ചില ഫയലുകൾ അനധികൃതമായി വീട്ടിലേക്ക് കൊണ്ടുവന്നുവെന്ന് ആരോപിച്ച് വാറന്റോ കോടതി ഉത്തരവോ ഇല്ലാതെ പോലീസുകാർക്കൊപ്പം വന്ന് ഡെപ്യൂട്ടി കളക്ടർ തങ്ങളുടെ വീട് സെർച്ച് ചെയ്തെന്നാണ് പരാതി. 2008 ജൂൺ 27 നാണ് സംഭവം.

കമ്മീഷൻ ജില്ലാകളക്ടറിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിരുന്നു. മുകുന്ദപുരം പോൾസൺ ഡിസ്റ്റലറിയുടെ ഏറ്റെടുക്കലുമായി ബന്ധപ്പെട്ട ഫയലുകൾക്ക് വേണ്ടിയാണ് സ്പെഷ്യൽ തഹസിൽദാറുടെ വീട്ടിൽ സെർച്ച് നടത്തിയതെന്ന് കളക്ടർ അറിയിച്ചു.

ഡെപ്യൂട്ടി കളക്ടർ കെ.വി മുരളീധരന്റെ പരാതിയുടെ അടിസ്ഥാനത്തിൽ മുരളീധരന്റെ സാന്നിദ്ധ്യത്തിലാണ് ഇരിങ്ങാലക്കുട എസ്.ഐ യും സംഘവും ഡേവിസിന്റെ വീട്ടിൽ തിരച്ചിൽ നടത്തിയതെന്ന് വിശദീകരണത്തിൽ പറയുന്നു.

എന്നാൽ ഡേവിസിന്റെ വീട്ടിൽ നിന്നും ഫയലുകൾ കണ്ടെത്താനായില്ല. ഇരിങ്ങാലക്കുട ഡി.വൈ.എസ്.പി യുടെ നിർദ്ദേശാനുസരണമാണ് എസ്.ഐ യും സംഘവും സ്പെഷ്യൽ തഹസിൽദാരുടെ വീട്ടിലെത്തിയത്. അതിനാൽ മേലുദ്യോഗസ്ഥന്റെ നിർദ്ദേശ പ്രകാരം പ്രവർത്തിച്ച പോലീസുകാർ കുറ്റക്കാരല്ലെന്ന് കമ്മീഷൻ വിധിച്ചു.

സ്പെഷ്യൽ തഹസിൽദാരും ഡെപ്യൂട്ടി കളക്ടറും തമ്മിൽ അസ്വാരസ്യമുണ്ടെന്നും കമ്മീഷൻ കണ്ടെത്തി. ഇരുവരും പരസ്പരം അഴിമതി ആരോപണം ഉന്നയിച്ചിരുന്നു.

സ്പെഷ്യൽ തഹസിൽദാർ എന്ന നിലയിൽ ഡേവിസിന് ഫയലുകൾ വീട്ടിൽ കൊണ്ടുപോകാൻ നിയമതടസമില്ലെന്നും കമ്മീഷൻ അംഗം ആർ. നടരാജൻ നിരീക്ഷിച്ചു.

മാത്രവുമല്ല കോടതി ഉത്തരവോ വാറന്റോ ഇല്ലാതെ സ്പെഷ്യൽ തഹസിൽദാരുടെ വീട് സെർച്ച് ചെയ്ത ഡപ്യൂട്ടി കളക്ടറുടെ നടപടിക്ക് യാതൊരു ന്യായീകരണവുമില്ലെന്നും കമ്മീഷൻ കണ്ടെത്തി. ഇത് സ്പെഷ്യൽ തഹസിൽദാരെയും കുടുംബത്തെയും അപമാനിക്കാൻ വേണ്ടിയായിരുന്നുവെന്ന് ഉത്തരവിൽ പറയുന്നതായി കമ്മീഷൻ വാർത്താകുറുപ്പിൽ അറിയിച്ചു.

# റുക്സാനക്കും ബിന്ദ്യക്കും കസ്റ്റഡി പീഡനം; എസ്.പി. അന്വേഷിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ

**തി**രുവനന്തപുരം : കൊച്ചി ബ്ലാക്ക്മെയിലിംഗ് കേസിൽ പിടിയിലായ ബിന്ദ്യതോമസിനെയും റുക്സാനെയും പോലീസ് കസ്റ്റഡിയിൽ പീഡിപ്പിച്ചതിനെ കുറിച്ച് എറണാകുളം റേഞ്ചിൽപ്പെടാത്ത എസ്.പി. റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ അന്വേഷിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി സർക്കാരിന് നിർദ്ദേശം നൽകി.

കൊച്ചി ഡി.സി.പി. നിശാന്തിനി, സി.ഐ. സന്തോഷ് കുമാർ, എസ്.ഐ. അനന്തലാൽ എന്നിവർ ആക്ഷേപം സമർപ്പിക്കണമെന്നും ഉത്തരവിൽ പറയുന്നു.

പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ തങ്ങളെ മൃഗീയമായി പീഡിപ്പിച്ചെന്ന് ആരോപിച്ച് ബിന്ദ്യതോമസും റുക്സാനും സമർപ്പിച്ച ഹർജിയിലാണ് നടപടി.

പോലീസ് അന്വേഷണത്തിൽ കമ്മീഷൻ ഇടപെടുകയില്ലെന്ന് ഉത്തരവിൽ പറയുന്നു.

അന്വേഷണം പോലീസിന് ശാസ്ത്രീയമായി നടത്താം. എഫ്..ഐ. ആറിൽ പറയുന്ന കാര്യങ്ങൾ ഗുരുതര സ്വഭാവമുള്ളതായതിനാൽ വിശദവും ശാസ്ത്രീയവുമായ അന്വേഷണം ആവശ്യമാണ്.

അതേസമയം കുറ്റം എത്ര ക്രൂരമായാലും കോടതിയിൽ അക്കാര്യം തെളിയുന്നതുവരെ പീഡിപ്പിക്കാൻ പാടില്ലെന്ന് സുപ്രീംകോടതി പലതവണ പറഞ്ഞിട്ടുള്ളതായി ജസ്റ്റിസ്. ജെ. ബി. കോശി ഉത്തരവിൽ പറഞ്ഞു. കസ്റ്റഡി പീഡനം ഗുരുതരമായ തെറ്റാണെന്നും ഉത്തരവിൽ പറയുന്നു.

ജൂലൈ 9 ന് റുക്സാനയെ കൊച്ചി ഒബ്റോൺ മാളിൽ വിളിച്ചുവരുത്തി പോലീസിനെ കൊണ്ട് അറസ്റ്റ് ചെയ്യിക്കുകയായിരുന്നുവെന്ന് പരാതിയിൽ പറയുന്നു. തുടർന്ന് ജനങ്ങൾ നോക്കിനിൽക്കെ മർദ്ദിച്ചു. ജൂലൈ 10 നാണ് അറസ്റ്റ് ഖേപ്പെടുത്തിയത്. പ്രതിശ്രുതവരനുമായി വരുമ്പോഴാണ് ബിന്ദ്യതോമസിനെ അറസ്റ്റ് ചെയ്തതെന്നും പരാതിയിലുണ്ട്.

ഡി.സി.പി. നിശാന്തിനിയുടെ നേതൃത്വത്തിൽ പാലാരിവട്ടം സ്റ്റേഷനിൽ തങ്ങളെ ക്രൂരമായി മർദ്ദിച്ചതായി പരാതിയിൽ പറയുന്നു. അവശനിലയിലായ ബിന്ദ്യയെ ആശുപത്രിയിലെത്തിച്ചില്ല. പരാതിക്കാരനെ കൊണ്ട് സർക്കിൾ ഇൻസ്പെക്ടർ മർദ്ദിച്ചു.

പരാതിക്കാരനായ സജികുമാർ പോലീസിനു 30 ലക്ഷം കൈക്കൂലി നൽകിയതായും പരാതിയിലുണ്ട്. രാഷ്ട്രീയക്കാരുടെയും മന്ത്രിമാരുടെയും ഫോട്ടോ കാണിച്ച് തങ്ങളുമായി ബന്ധമുണ്ടെന്ന് കുറ്റസമ്മതം എഴുതാൻ നിർബന്ധിച്ചതായും പരാതിയിലുണ്ട്. ഇതിന് വിസമ്മതിച്ചപ്പോഴായിരുന്നു പീഡനം.

കോടതിയിൽ ഹാജരാക്കിയപ്പോൾ മജിസ്ട്രേറ്റിനോട് വിവരങ്ങൾ പറഞ്ഞിട്ടുണ്ടെന്നും പരാതിയിൽ പറയുന്നു.

സി.ഐ. സന്തോഷ്കുമാറിനും എസ്. ഐ. അനന്തലാലിനും കൊച്ചി ജില്ലാ പോലീസ് മേധാവി മുഖാന്തിരം കമ്മീഷൻ നോട്ടീസയച്ചു. നിശാന്തിനിക്കും നോട്ടീസയച്ചിട്ടുണ്ട്.

# വായ്പക്ക് ഈട് നൽകിയ പ്രമാണം ഉടൻ നൽകണം

**ആ**ലപ്പുഴ: ഏഴ് വർഷം മുമ്പ് ഭവനനിർമ്മാണ വായ്പ അടച്ചുതീർത്തയാളിന് ഈടുനൽകിയ പ്രമാണം അടിയന്തിരമായി മടക്കിനൽകണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ സഹകരണ സംഘം ഡപ്യൂട്ടി രജിസ്ട്രാർക്ക് നിർദ്ദേശം നൽകി. ചെങ്ങന്നൂർ പാണ്ടനാട് മുതവഴി എൻ.കെ. അജയകുമാർ സമർപ്പിച്ച പരാതിയിലാണ് നടപടി.

പരാതിക്കാരൻ 1996-ൽ ചെങ്ങന്നൂർ താലൂക്ക് ഹൗസിംഗ് സഹകരണസംഘത്തിൽ നിന്നും 1,75,000 രൂപ ഭവനവായ്പ എടുത്തു. 2007-ൽ അടച്ചു തീർത്തു. എന്നാൽ ആധാരം മടക്കിനൽകിയില്ല. കമ്മീഷൻ സഹകരണ ജോയിന്റ് രജിസ്ട്രാറിൽ നിന്നും വിശദീകരണം തേടി.

സംസ്ഥാന ഹൗസിംഗ് ഫെഡറേഷനാണ് ചെങ്ങന്നൂർ താലൂക്ക് സംഘത്തിന് വായ്പ അനുവദിക്കാനുള്ള പണം നൽകിയതെന്ന് സഹകരണവകുപ്പ് കമ്മീഷനെ അറിയിച്ചു. ചെങ്ങന്നൂർ താലൂക്ക് ഹൗസിംഗ് സഹകരണസംഘം പരാതിക്കാരൻ തിരിച്ചടച്ച വായ്പാതുക ഹൗസിംഗ് ഫെഡറേഷനിൽ അടയ്ക്കാതെ തിരിമറി നടത്തിയെന്നും അതുകൊണ്ടാണ് പ്രമാണം മടക്കിനൽകാത്തതെന്നും വിശദീകരണത്തിൽ പറയുന്നു. 3,52,241 രൂപയാണ് ഇത്തരത്തിൽ ചെങ്ങന്നൂർ സംഘം ഫെഡറേഷന് അടയ്ക്കാനുള്ളത്. 17 പേർ തിരിച്ചടച്ച വായ്പകളിൽ സംഘം തിരിമറി കാണിച്ചു. ഇപ്പോൾ ചെങ്ങന്നൂർ സംഘം അഡ്മിനിസ്ട്രേറ്റർ ഭരണത്തിലാണ് - വിശദീകരണത്തിൽ പറയുന്നു.

വായ്പ തിരിച്ചടക്കാതെ സംഘം നടത്തിയ തിരിമറിയിൽ പരാതിക്കാരൻ പ്രതിയല്ലെന്ന് കമ്മീഷൻ ഉത്തരവിൽ ചൂണ്ടികാണിച്ചു. നിർദ്ദനനായ പരാതിക്കാരന് പ്രമാണം ഉടൻ മടക്കി നൽകണമെന്നും കമ്മീഷൻ അംഗം ആർ. നടരാജൻ ഉത്തരവിൽ നിർദ്ദേശം നൽകി. സഹകരണവകുപ്പ് അസിസ്റ്റന്റ് രജിസ്ട്രാർക്കും സംഘം അഡ്മിനിസ്ട്രേറ്റർക്കും ഉത്തരവിന്റെ പകർപ്പ് അയച്ചു.

# കസ്റ്റഡിയിലെടുത്ത് ദിവസങ്ങൾക്കുശേഷം അറസ്റ്റ് രേഖപ്പെടുത്തുന്നത് നിർത്തണം

**തി**രുവനന്തപുരം: ഒരാളെ കസ്റ്റഡിയിലെടുത്ത ശേഷം ദിവസങ്ങൾ കഴിഞ്ഞ് അറസ്റ്റ് രേഖപ്പെടുത്തുന്നത് അവസാനിപ്പിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി ആഭ്യന്തര വകുപ്പിനും പോലീസ് മേധാവിക്കും നിർദ്ദേശം നൽകി. അറസ്റ്റ് ചെയ്ത് 24 മണിക്കൂറിനകം കോടതിയിൽ ഹാജരാക്കണമെന്നും പിടികൂടിയയാളെ കസ്റ്റഡിയിൽ വേണമെങ്കിൽ നിയമാനുസരണം മജിസ്ട്രേറ്റിന് അപേക്ഷ നൽകണമെന്നും ഉത്തരവിൽ പറയുന്നു.

നിയമപാലകർ നടത്തുന്ന മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെ സമർപ്പിക്കപ്പെട്ട ഹർജി തീർപ്പാക്കി കൊണ്ടാണ് ഉത്തരവ്.

സംസ്ഥാന പോലീസ് മേധാവിയുടെ അനുവാദമില്ലാതെ പോലീസ് ഉദ്യോഗസ്ഥർ വാർത്താസമ്മേളനം നടത്തരുതെന്ന കേരള പോലീസ് ആക്റ്റിലെ 31-ാം വകുപ്പ് ഉദ്യോഗസ്ഥർ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് സംസ്ഥാന പോലീസ് മേധാവി ഉറപ്പുവരുത്തണം. കേരളത്തിൽ പോലീസുകാർ വാർത്താസമ്മേളനങ്ങൾ നടത്തുന്നത് കാണാറുണ്ട്. പോലീസിന്റെ വാർത്താസമ്മേളനം വഴി പ്രതികൾക്ക് മാനഹാനിയുണ്ടായ ശേഷം, കോടതിയോ അന്വേഷണമോ അവരെ കുറ്റക്കാരല്ലെന്ന് കണ്ടെത്തുകയാണെങ്കിൽ അവർക്കുണ്ടാവുന്ന മാനനഷ്ടം എങ്ങനെ പരിഹരിക്കാമെന്ന് സർക്കാർ ചിന്തിക്കണം.

പോലീസുകാരണം ബുദ്ധിമുട്ടുണ്ടാകുന്നവർക്ക് അങ്ങനെ സംഭവിക്കാനുള്ള കാരണം അന്വേഷിക്കാൻ അവകാശമുണ്ട്. അങ്ങനെ അന്വേഷിക്കുന്നവരെ പോലീസുകാർ ക്രൂരമായി നേരിടുന്നതായി പരാതിയുണ്ട്. മര്യാദ പോലീസിന്റെ മുഖമുദ്രയാവണമെന്നും ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറയുന്നു.

കസ്റ്റഡിയിലുള്ളവർക്ക് സാധാരണ തൊഴിലാളിക്ക് (അൺസ്കിൽഡ് ലേബർ) കിട്ടുന്ന മിനിമം വേതനത്തിന് തുല്യമായ തുക ഉപയോഗിച്ചുള്ള ഭക്ഷണവും വെള്ളവും നൽകണമെന്നും ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു. അവർക്ക് പ്രാഥമികാവശ്യങ്ങൾ നടത്താൻ സൗകര്യം നൽകണം. ലോക്കപ്പില്ലാത്ത സ്റ്റേഷനുകളിൽ ലോക്കപ്പ് നിർമ്മിച്ച് നൽകാൻ സർക്കാർ നടപടിയെടുക്കണം. ലോക്കപ്പില്ലെങ്കിൽ പ്രതികളെ തൂണുകളിലും മറ്റും കെട്ടിയിടാൻ പാടില്ല.

കസ്റ്റഡിയിലുള്ളവരെ പോലീസോ മറ്റുള്ളവരോ ഉപദ്രവിക്കരുത്. കസ്റ്റഡിയിൽ എടുക്കപ്പെട്ട ആൾ രാജ്യത്തിന്റെ തന്നെ സൂക്ഷിപ്പിലുള്ളവരാണ്. അവർക്ക് എന്തുസംഭവിച്ചാലും പോലീസിന് ഉത്തവാദിത്വമുണ്ട്. ആത്മഹത്യ ചെയ്താലും പോലീസിന് തന്നെയാണ് ഉത്തരവാദിത്വം. പ്രതികളെ ശിക്ഷിക്കേണ്ടത് കോടതിയാണ്. പോലീസല്ല.

കരുതൽ തടങ്കൽ നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ സൂക്ഷിച്ചുമാത്രം സ്വീകരിക്കണം. സ്ത്രീകളെ സൂര്യൻ അസ്തമിച്ച് ഉദിക്കുന്നതുവരെ അറസ്റ്റ് ചെയ്യരുത്. അഥവാ അങ്ങനെ വേണമെങ്കിൽ മജിസ്ട്രേറ്റിന്റെ ഉത്തരവ് വാങ്ങണം. അറസ്റ്റിന്റെ ആവശ്യം കഴിഞ്ഞാൽ വിടുതൽ ചെയ്യണം. വാറണ്ടില്ലാതെ അറസ്റ്റ് ചെയ്യുമ്പോൾ അറസ്റ്റ് ചെയ്യുന്നത് എന്തിനാണെന്ന് പറയണം.

2014-ലെ ബീഹാർ സംസ്ഥാനവും അമേഷ്കുമാറും തമ്മിലുള്ള കേസിൽ അറസ്റ്റിനെ കുറിച്ച് സുപ്രീം കോടതി വിശദമായ ഉത്തരവ് പാസാക്കിയിട്ടുണ്ട്. ഏഴു വർഷമോ അതിൽ താഴെയോ ഉള്ള കുറ്റകൃത്യങ്ങൾക്ക് പ്രഥമ വിവരം കിട്ടി എഫ്.ഐ.ആർ രജിസ്റ്റർ ചെയ്താലുടനെ പ്രതികളെ അറസ്റ്റ് ചെയ്യരുതെന്ന് പറയുന്നുണ്ട്. ക്രിമിനൽ നടപടിക്രമം വകുപ്പ് 41 ൽ പ്രതിപാദിക്കുന്ന ഏതെങ്കിലും ഉണ്ടെങ്കിലേ അറസ്റ്റ് ചെയ്യാവൂ. കുറ്റാരോപിതർക്കെതിരെ നടപടിയെടുക്കുമ്പോൾ ക്രിമിനൽ നടപടി ക്രമത്തിലെയും പോലീസ് ആക്റ്റിലെയും വകുപ്പുകളും സുപ്രീംകോടതി വിധികളും പോലീസ് അനുസരിക്കണമെന്നും ഉത്തരവിൽ പറയുന്നു. ഇക്കാര്യം സർക്കാരും സംസ്ഥാന പോലീസ് മേധാവിയും ഉറപ്പുവരുത്തണമെന്നും ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു. ഉത്തരവ് ആഭ്യന്തരവകുപ്പ് സെക്രട്ടറിക്കും സംസ്ഥാന പോലീസ് മേധാവിക്കും നൽകി.

## പുതിയ ഫ്ളാറ്റുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ നിർബന്ധമാക്കണം

**തി**രുവനന്തപുരം: ഫ്ളാറ്റുകൾ നിർമ്മിക്കാൻ പെർമിറ്റ് നൽകുമ്പോൾ ബയോഗ്യാസ് പ്ലാന്റ് ഉണ്ടായിരിക്കാൻ ബിൽഡിംഗ് പ്ലാനിൽ വ്യവസ്ഥ ചെയ്യണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി. ബയോ ഗ്യാസ് പ്ലാന്റ് നിർമ്മിക്കാത്ത ഫ്ളാറ്റുകൾക്ക് പെർമിറ്റ് നൽകരുതെന്നും ഉത്തരവിൽ പറയുന്നു. പഴയ ഫ്ളാറ്റുകളിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കാൻ നഗരസഭകൾ നിർദ്ദേശം നൽകണം. മാലിന്യ സംസ്കരണ പദ്ധതികൾ ഇല്ലാത്ത ഫ്ളാറ്റുകളെ കുറിച്ച് പരാതിയുണ്ടെങ്കിൽ അവരെ കക്ഷിചേർത്ത് പുതിയ പരാതി നൽകാവുന്നതാണെന്നും ഉത്തരവിൽ പറയുന്നു. ഫ്ളാറ്റുകളിലെ മാലിന്യനിർമ്മാർജ്ജനത്തിന് സ്ഥിരം സംവിധാനം വേണമെന്ന് ആവശ്യപ്പെട്ട് റവ. ഡോ. ജേക്കബ് മണ്ണാറപ്രായിൽ കോർ എപ്പിസ്കോപ്പ സമർപ്പിച്ച പരാതിയിലാണ് നടപടി. ഫ്ളാറ്റുകളിലെ മാലിന്യം പ്ലാസ്റ്റിക് കവറുകളിലാക്കി പൊതു സ്ഥലത്ത് വലിച്ചെറിയുന്നതായി പരാതിയിൽ പറയുന്നു.

പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ശേഖരിച്ച് നഗരസഭകൾ സംസ്കരണത്തിന് അയക്കണം. നഗരസഭകൾക്ക് അവരുടെ ഉത്തരവാദിത്വങ്ങളിൽ നിന്നും ഒഴിഞ്ഞുമാറാനാവില്ലെന്നും ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറയുന്നു.

# 26 വർഷം മുമ്പ് നടന്ന മോഷണക്കേസിലെ പ്രതി ഇപ്പോഴും കേഡിലിസ്റ്റിൽ; ഒഴിവാക്കി ജീവിക്കാൻ അനുവദിക്കണമെന്ന് കമ്മീഷൻ

**തൃ**ശ്ശൂർ: ഇരുപത്തിയാറു വർഷം മുമ്പ് മോഷണക്കേസിൽ പ്രതിയായ ചേലക്കര സ്വദേശിയെ പോലീസിന്റെ കേഡി ലിസ്റ്റിൽ നിന്നും ഒഴിവാക്കി ജീവിക്കാൻ അവസരം നൽകണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ ഉത്തരവിട്ടു. ചേലക്കര സ്വദേശി സേതുമാധവന്റെ പരാതിയുടെ അടിസ്ഥാനത്തിലാണ് നടപടി.

ഇരുപത്തിയാറുവർഷം മുമ്പ് 1988-ൽ മോഷണ കേസിൽ പ്രതിയായ തന്നെ ചേലക്കര പോലീസ് ഇപ്പോഴും കേഡിലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുകയാണെന്ന് സേതുമാധവൻ പരാതിയിൽ പറഞ്ഞു. അന്ന് 27 മാസം ജയിൽ ശിക്ഷ അനുവദിച്ചു. 1991-ൽ ജയിൽമോചിതനായി. അതിനുശേഷം ഒരു കേസിലും ഉൾപ്പെടാതെ നല്ലവനായി ജിവിക്കുകയാണ്. എന്നിട്ടും രാത്രിയിലും പകലും പോലീസ് തന്റെ വീട്ടിലേക്ക് വരുന്നു. വെള്ളിയാഴ്ചകളിൽ സ്റ്റേഷനിൽ ഹാജരാകണമെന്ന് നിർദ്ദേശമുണ്ട്. നിരന്തരം പോലീസ് വീട്ടിൽ വരുന്നതുകാരണം മകളുടെ ഭർത്താവ് പിണങ്ങിപോയെന്നും മകന്റെ വിവാഹാലോചനകൾ മുടങ്ങിയെന്നും പരാതിയിൽ പറയുന്നു.

കമ്മീഷൻ ജില്ലാപോലീസ് മേധാവിയിൽ നിന്നും വിശദീകരണം തേടിയിരുന്നു. തൃശ്ശൂർ റൂറൽ ഡപ്യൂട്ടി സൂപ്രണ്ടിന്റെ അന്വേഷണ റിപ്പോർട്ടിൽ സേതുമാധവൻ വർഷങ്ങളായി കൂലിപണിയെടുത്ത് ജീവിക്കുകയാണെന്നും രണ്ട് മാസം മുമ്പ് കുരുമുളക് മരത്തിൽ നിന്നും വീണ് ഗുരുതരമായി പരിക്കേറ്റന്നും പറയുന്നു. പരാതിക്കാരനെ കേഡിലിസ്റ്റിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും റിപ്പോർട്ടിൽ പറയുന്നു.

ഒരിക്കൽ ഒരു കുറ്റകൃത്യത്തിൽ ഉൾപ്പെട്ട കാരണത്താൽ ജിവിതം മുഴുവൻ ഹോമിക്കാൻ പാടില്ലെന്ന് ആർ. നടരാജൻ ഉത്തരവിൽ പറഞ്ഞു. ഒരു കുറ്റകൃത്യത്തിലും ഉൾപ്പെടാതെ മാന്യമായി ജീവിക്കുന്ന പരാതിക്കാരനെ കേഡി ലിസ്റ്റിൽ നിന്നും ഒഴിവാക്കണമെന്ന് കമ്മീഷൻ ചേലക്കര പോലീസ് ഇൻസ്പെക്ടറിന് നിർദ്ദേശം നൽകി.



*പത്തനാപുരം ഗാന്ധി ഭവനുമായി ചേർന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നടത്തിയ സെമിനാറിൽ നിന്ന്.*

# മുൻ വൈരാഗ്യത്തിന്റെ പേരിൽ കള്ളക്കേസ്; കുണ്ടറ സ്റ്റേഷനിലെ പോലീസുകാർക്കെതിരെ നടപടി

**കൊ**ല്ലം: മുൻവൈരാഗ്യത്തിന്റെ പേരിൽ കള്ളകേസിൽ കുടുക്കി കെ. എസ്.ആർ.ടി.സി ഉദ്യോഗസ്ഥനെയും അമ്മയെയും മർദ്ദിച്ച സംഭവത്തിൽ കുണ്ടറ പോലീസ് സ്റ്റേഷനിലെ എ.എസ്.ഐ ക്കും രണ്ടു പോലീസുകാർക്കുമെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കാൻ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ ആഭ്യന്തര വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി. വെള്ളിമൺ പ്രതാപമന്ദിരത്തിൽ പ്രേമചന്ദ്രകുമാറും അമ്മ ചന്ദ്രമതിയമ്മയും സമർപ്പിച്ച പരാതിയിലാണ് നടപടി. കുണ്ടറ സ്റ്റേഷനിലെ എ.എസ്.ഐ. രാജു ഇടിക്കുള, സിവിൽ പോലീസ് ഓഫീസർമാരായ രാജൻ, സുധീന്ദ്രബാബു എന്നിവർക്കെതിരെയാണ് നടപടിക്ക് നിർദ്ദേശം.

അയൽവാസിയായ കൊല്ലം സ്പെഷ്യൽ ബ്രാഞ്ചിലെ എ.എസ്.ഐയുടെ കള്ളപരാതിയുടെ അടിസ്ഥാനത്തിലാണ് തന്നെയും അമ്മയെയും കേസിൽ കുരുക്കി മർദ്ദിച്ചതെന്ന് പരാതിയിൽ പറയുന്നു. പരാതിയെ തുടർന്ന് മനുഷ്യാവകാശ കമ്മീഷൻ അന്വേഷണ വിഭാഗത്തിലെ പോലീസ് സൂപ്രണ്ട് അന്വേഷണം നടത്തിയിരുന്നു. പരാതിക്ക് ആസ്പദമായ സംഭവം യഥാർത്ഥമാണെന്നും കുറ്റക്കാർക്കെതിരെ നടപടിയെടുക്കണമെന്നും അന്വേഷണവിഭാഗം ശുപാർശ ചെയ്തു.

പരാതിക്കാരൻ പോലീസുകാരെ ഉപദ്രവിച്ചതിനെ തുടർന്നാണ് കേസെടുത്തതെന്ന് എതിർക്ഷികൾ തെളിവെടുപ്പിൽ വാദിച്ചു. 2012 ഡിസംബർ 18 നായിരുന്നു സംഭവം. സ്റ്റേഷനിൽ നിന്നും മർദ്ദനമേറ്റ പരാതിക്കാരനെ ചികിത്സക്കയച്ചത് ജയിലിൽ നിന്നുമാണെന്ന് കമ്മീഷൻ കണ്ടെത്തി. പരാതിക്കാരന് മർദ്ദനമേറ്റതായി ഡോക്ടറും മൊഴി നൽകി. കസ്റ്റഡി ഉപദ്രവത്തിന് പോലീസിന് അധികാരമില്ലെന്ന് കമ്മീഷൻ അംഗം ആർ. നടരാജൻ ഉത്തരവിൽ വ്യക്തമാക്കി. പരാതിക്കാരൻ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിക്ക് നൽകിയ പരാതി അവർ തള്ളിയെന്ന എതിർകക്ഷിയുടെ വാദം കളവാണെന്നും കമ്മീഷൻ കണ്ടെത്തി. അതോറിറ്റി തള്ളിയത് മറ്റൊരു പരാതിയാണ്.

ആഭ്യന്തര സെക്രട്ടറി നടപടി സ്വീകരിച്ച ശേഷം ഒരു മാസത്തിനകം കമ്മീഷനെ അറിയിക്കണമെന്നും ഉത്തരവിൽ പറയുന്നതായി കമ്മീഷൻ വാർത്താക്കുറിപ്പിൽ അറിയിച്ചു.

# മുനിസിപാലിറ്റികൾക്ക് നൽകാനുള്ള പണം ഉടൻ നൽകണമെന്ന് സർക്കാരിനോട് മനുഷ്യാവകാശ കമ്മീഷൻ

**തി**രുവനന്തപുരം: മുനിസിപാലിറ്റികളെ കടക്കെണിയിൽ നിന്നും രക്ഷിക്കാൻ അവർക്ക് സർക്കാർ നൽകാനുള്ള പണം എത്രയും വേഗം നൽകണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ്. ജെ.ബി. കോശി ഉത്തരവിട്ടു.

ഏഴുവർഷങ്ങൾക്കു മുമ്പ് ചങ്ങനാശ്ശേരി നഗരസഭയിൽ കരാർ പണി ചെയ്തതിന് കിട്ടാനുള്ള 2,35,000 രൂപ തൃക്കൊടിത്താനം സ്വദേശി ഗ്രെജോ ജോസഫിന് കിട്ടിയില്ലെന്ന് ആരോപിച്ച് വി.ജെ. ചാക്കോ ഫയൽ ചെയ്ത ഹർജിയിലാണ് നടപടി.

കരാറുകാരന് പണം കൊടുക്കാനുണ്ടെങ്കിലും പണമില്ലെന്നാണ് മുനിസിപ്പാലിറ്റി കമ്മീഷനെ അറിയിച്ചത്. കെട്ടിടനികുതി പുനർനിർണയിക്കുന്നതിൽ സ്റ്റേ നിലനിൽക്കുന്ന തിനാൽ വരുമാനം കുറയുന്നു.

2004, 2009 വർഷങ്ങളിലെ ജീവനക്കാരുടെ ശമ്പള കുടിശ്ശിക നൽകാനാവുന്നില്ല. 2004 മുതലുള്ള ക്ഷാമബത്ത കുടിശ്ശിക പി.എഫിൽ ലയിപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്നും വിശദീകരണത്തിൽ പറയുന്നു. പെൻഷൻകാർക്ക് 2 കോടി രൂപ നഗരസഭയിൽ നിന്നും ചിലവഴിച്ചു. 2010 നുശേഷം വിരമിച്ച ജീവനക്കാർക്ക് 75% ആനുകൂല്യങ്ങൾ നൽകാനുണ്ട്.

സർക്കാരിൽ നിന്നും നഗരസഭക്ക് കിട്ടാനുള്ള 1.2 കോടി കിട്ടിയില്ലെങ്കിൽ നഗരസഭയുടെ പ്രവർത്തനം അവതാളത്തിലാകുമെന്നും വിശദീകരണത്തിൽ പറയുന്നു. കരാറുകാർക്ക് 54 ലക്ഷം നൽകാനുണ്ടത്രേ.

കണ്ണൂർ, പാലാ നഗരസഭകൾക്ക് തിരിച്ചുകൊടുക്കാനുള്ള പണത്തിൽ ഒരു ചെറിയ ശതമാനം സർക്കാർ കൊടുത്തിട്ടുണ്ടെന്നും വിശദീകരണത്തിൽ പറയുന്നു.

രണ്ട് നഗരസഭകൾക്ക് മാത്രം പണംനൽകി വിവേചനം കാണിക്കരുതെന്ന് ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു. കണ്ണൂർ, പാലാ നഗരസഭകൾക്ക് നൽകിയതുപോലെ ആനുപാതിക തുക ചങ്ങനാശ്ശേരിക്കും നൽകണമെന്ന് ഉത്തരവിൽ പറയുന്നു.

പരാതിയിൽ പറയുന്ന കരാറുകാരന് മുൻഗണനാ ക്രമത്തിൽ തുക നൽകണമെന്നും ഉത്തരവിൽ പറയുന്നു. ഉത്തരവ് ചീഫ് സെക്രട്ടറിക്കും നഗരകാര്യഡയറക്ടർക്കും കൈമാറി.

# നാഷണൽ ഹൈവേക്കാരുടെ പിടിവാശി സ്വീകാര്യമല്ല; പാലിയേക്കര ടോൾ പ്ലാസയിൽ ഫ്രീട്രാക്ക് അനുവദിക്കണം

തൃശ്ശൂർ: തൃശൂർ പാലിയേക്കര ടോൾപ്ലാസയിൽ ഗതാഗതകുരുക്ക് ഒഴിവാക്കാൻ മുമ്പുണ്ടായിരുന്ന ഫ്രീ ട്രാക്ക് സംവിധാനം പുന:സ്ഥാപിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ ജില്ലാളക്ടർക്കും നാഷണൽ ഹൈവേ പ്രോജക്റ്റ് ഡയറക്ടർക്കും നിർദ്ദേശം നൽകി. തൃശ്ശൂർ ജില്ലാ മോട്ടോർ എഞ്ചിനീയറിംഗ് മസ്ദൂർ സംഘത്തിനു വേണ്ടി എം.കെ. ഉണ്ണികൃഷ്ണൻ സമർപ്പിച്ച പരാതിയിലാണ് നടപടി.

പാലിയേക്കര ടോൾ പ്ലാസയിൽ ബസുകൾക്ക് അനുവദിച്ചിരുന്ന ഫ്രീ ട്രാക്ക് ലഭ്യമല്ലാത്തതുകാരണം ടോൾ പ്ലാസയിലെ ഗതാഗതകുരുക്ക് രൂക്ഷമാണെന്ന് പരാതിയിൽ പറയുന്നു. ബസുകൾക്ക് ഏറെനേരം കാത്തു കിടക്കേണ്ടിവരുന്നതായും ഇത് മത്സരഓട്ടത്തിന് കാരണമാകുന്നതായും പരാതിയിൽ പറയുന്നു. കമ്മീഷൻ തൃശൂർ ജില്ലാകളക്ടറിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിരുന്നു.

പാലിയേക്കര ടോൾ പ്ലാസയിൽ 12 ട്രാക്കുകളുണ്ടെന്ന് വിശദീകരണത്തിൽ പറയുന്നു. ടോൾ ബാധകമല്ലാത്ത ഇരുചക്ര-മുച്ചക്ര വാഹനങ്ങൾക്കായി ഒരു ചെറിയ ട്രാക്ക് നിലവിലുണ്ട്. സർക്കാർ വാഹനങ്ങൾക്കും സ്വകാര്യ ബസുകൾക്കും കെ.എസ്.ആർ.ടിസിക്കും വേണ്ടി ഇരുഭാഗത്തും ഒരു ട്രാക്ക് ഒഴിച്ചിട്ടിരുന്നെങ്കിലും അത് ഇപ്പോൾ നിലവിലില്ലെന്നും വിശദീകരണത്തിൽ പറയുന്നു.

ഇതുകാരണം എല്ലാ വാഹനങ്ങളും ട്രാക്കുകളിലെ ടോൾ ബൂത്തുകൾക്കു മുമ്പിൽ ഊഴം കാത്തുകിടക്കേണ്ട അവസ്ഥയാണെന്നും വിശദീകരണത്തിൽ പറയുന്നു. ഫ്രീട്രാക്ക് പുന:സ്ഥാപിക്കേണ്ടത് അത്യാവശ്യമാണെന്നും കളക്ടർ വിശദീകരണത്തിൽ പറഞ്ഞു.

ഫ്രീട്രാക്ക് അനുവദിക്കുകയാണെങ്കിൽ ഗതാഗതം നിയന്ത്രിക്കാനാവില്ലെന്ന് നാഷണൽ ഹൈവേ അതോറിറ്റി പ്രോജക്ട് ഡയറക്ടർ, ജില്ലാകളക്ടറെ അറിയിച്ച വിവരം കളക്ടർ കമ്മീഷന് കൈമാറി.

നാഷണൽ ഹൈവേ പോജക്റ്റ് ഡയറക്ടർ വസ്തുതകൾ മനസിലാക്കാതെയാണ് ജില്ലാകളക്ടർക്ക് വിശദീകരണം നൽകിയതെന്നും കമ്മീഷൻ നിരിക്ഷിച്ചു.

# ബീവറേജസ് കോർപ്പറേഷനിലെ ശുചീകരണ തൊഴിലാളികൾക്ക് മിനിമം വേതനം നൽകണം

തിരുവനന്തപുരം: ബീവറേജസ് കോർപ്പറേഷന്റെ 338 വിദേശമദ്യ ചില്ലറ വിൽപ്പനശാലകളിലെ ശുചീകരണ തൊഴിലാളികൾക്ക് മിനിമം വേതനം നൽകണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി.

ഇപ്പോൾ 20 രൂപയാണ് ശുചീകരണ തൊഴിലാളികൾക്ക് നൽകി വരുദിവസവേതനം. മിനിമം വേതനം നൽകിയില്ലെങ്കിൽ ബീവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറെ പ്രോസിക്യൂട്ട് ചെയ്യാൻ മിനിമം വേജസ് അതോറിറ്റിക്ക് അധികാരമുണ്ടെും ഉത്തരവിൽ പറയുന്നു.

സംസ്ഥാനത്ത് കോർപ്പറേഷന് കീഴിൽ പ്രവർത്തിക്കുന്ന 22 വെയർ ഹൗസുകളിലും 338 വിദേശ മദ്യ ചില്ലറ വിൽപന ശാലകളിലും 6 റീജിയണൽ ഓഫീസുകളിലുമായി 15 സ്വീപ്പർ തസ്തിക മാത്രമാണ് നിലവിലുള്ളത് ബീവറേജസ് കോർപ്പറേഷൻ കമ്മീഷനെ അറിയിച്ചു. ദിവസം ഒരു മണിക്കുറിലധികം ജോലിയുടെ ആവശ്യമില്ലെന്നും ശുചീകരണ തൊഴിലാളികൾക്ക് സ്ഥിരം നിയമനം നൽകാൻ കഴിയില്ലെന്നും കോർപ്പറേഷൻ അറിയിച്ചു.

13 വർഷംവരെ സേവന ദൈർഘ്യമുള്ള തൂപ്പുജോലിക്കാർ കോർപ്പറേഷനിൽ പ്രവർത്തിക്കുന്നുണ്ടെന്ന് തൊഴിൽവകുപ്പ് കമ്മീഷനെ അറിയിച്ചു. തൂപ്പുജോലി ചെയ്യുവർക്ക് പ്രതിമാസം 3727 രൂപ അടിസ്ഥാനശമ്പളവും ക്ഷാമബത്തയും നൽകേണ്ടതുണ്ട്. നിലവിൽ അവർക്ക് ലഭിക്കേണ്ടത് മാസം 7089 രൂപയാണ്.

ശുചീകരണ തൊഴിലാളികൾക്ക് നഗരസഭയിൽ മണിക്കൂറിന് 40 രൂപയും പഞ്ചായത്തിൽ 36 രൂപയും മിനിമം വേതനം നൽകണമെന്നും തൊഴിൽ വകുപ്പ് കമ്മീഷനെ അറിയിച്ചു.

ബീവറേജസ് കോർപ്പറേഷന്റെ ഔട്ട്ലറ്റുകൾ ഷോപ്പ് ആക്റ്റിന്റെ പരിധിയിൽ വരുതാണെന്ന് കമ്മീഷൻ ഉത്തരവിൽ ചൂണ്ടികാണിച്ചു.

തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ കമ്മീഷൻ ആവശ്യപ്പെടുന്നില്ലെങ്കിലും ജോലി ചെയ്യുവർക്ക് മിനിമം തുകയെങ്കിലും നൽകണമെന്ന് ജസ്റ്റിസ് ജെ.ബി. കോശി അഭിപ്രായപ്പെട്ടു.

ഇപ്പോൾ നടക്കുന്നത് മനുഷ്യാവകാശ ലംഘനവും അടിമപണിക്ക് തുല്യമായ പ്രവൃത്തിയുമാണെന്ന് കമ്മീഷൻ നിരീക്ഷിച്ചു.

എക്സൈസ് കമ്മീഷണറും ബീവറേജസ് കോർപ്പറേഷൻ സെക്രട്ടറിയും വിശദീകരണം സമർപ്പിക്കണം. പി.എ. അനീഷ് സമർപ്പിച്ച പരാതിയിലാണ് നടപടി.

# കമ്മീഷൻ ഇടപെടൽ; അനാഥനായ 83 കാരനെ ഗാന്ധിഭവൻ സംരക്ഷിക്കും

പത്തനംതിട്ട : സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശിയുടെ ഇടപെടലിനെ തുടർന്ന് അനാഥനായ 83 കാരനെ ഏറ്റെടുക്കാൻ പത്തനാപുരം ഗാന്ധിഭവൻ തയ്യാറായി. പരാതിക്കാരന്റെ സംരക്ഷണചുമതല പത്തനാപുരത്തെ ഗാന്ധിഭവനെ ഏൽപ്പിക്കുന്ന നടപടികളുമായി ജില്ലാ ഭരണകൂടം സഹകരിക്കണമെന്ന് ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു. അടിയന്തിര നടപടികൾ സ്വീകരിക്കാൻ ഉത്തരവിന്റെ പകർപ്പ് അടൂർ ജനറൽ ആശുപത്രി സൂപ്രണ്ടിന് കൈമാറി. ഉത്തരവിന്റെ പകർപ്പ് ജില്ലാകളക്ടർക്കും സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിക്കും അയച്ചു.

അടൂർ ജനറൽ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന 83 കാരന്റെ സംരക്ഷണം സർക്കാർ ഏറ്റെടുക്കാൻ ജസ്റ്റിസ് ജെ.ബി. കോശി സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു. സംരക്ഷണം ഏറ്റെടുക്കാൻ തയ്യാറുള്ള സന്നദ്ധസംഘടനകളുടെ സഹായവും കമ്മീഷൻ അഭ്യർത്ഥിക്കുന്നു.

അടൂർ കരുവാറ്റ കനാൽ പുറംപോക്കിൽ താമസിച്ചിരുന്ന രാമചന്ദ്രകുറുപ്പിന്റെ അപേക്ഷയിലാണ് ജസ്റ്റിസ് ജെ.ബി. കോശി സർക്കാരിന്റെ അടിയന്തിര ശ്രദ്ധ ആവശ്യപ്പെട്ടിരുന്നത്.

കുറുപ്പിന്റെ ഭാര്യ അടുത്തകാലത്ത് അടൂർ ജനറൽ ആശുപത്രിയിൽ മരിച്ചിരുന്നു. ഇവർക്ക് സ്വന്തമായി സ്ഥലമില്ല. മക്കളോ ബന്ധുക്കളോ ഇല്ല. ഭാര്യ മരിച്ചതോടെ രാമചന്ദ്രകുറുപ്പ് തീർത്തും അനാഥനായി. കരുവാറ്റ കനാൽ പുറംപോക്കിൽ നിന്നും തന്നെ റവന്യൂ അധികൃതർ ഇറക്കിവിട്ടതായും പരാതിയിൽ പറയുന്നു. ഒരിഞ്ചു ഭൂമിക്കുവേണ്ടി പെരിങ്ങനാട് വില്ലേജ് ഓഫീസിൽ കയറിയിറങ്ങിയിട്ടും ഫലമുണ്ടായില്ല. ആശുപത്രിയിൽ നിന്നും വിടുതൽ ചെയ്യുമ്പോൾ എങ്ങോട്ട് പോകണമെന്നറിയാത്ത സാഹചര്യത്തിലാണ് കുറുപ്പ് മനുഷ്യാവകാശ കമ്മീഷനെ സമീപിച്ചത്. പൊതുജനങ്ങളുടെ കാരുണ്യം കൊണ്ട് കിട്ടുന്ന ഭക്ഷണം കൊണ്ടാണ് അദ്ദേഹം ജീവിക്കുന്നത്.

# കാഴ്ചയില്ലാത്ത അധ്യാപികക്കും ഭർത്താവിനും പീഡനം; കമ്മീഷൻ നടപടിക്ക്

പത്തനംതിട്ട : അന്യജില്ലയിലേക്ക് സ്ഥലംമാറ്റിയ നടപടിക്കെതിരെ അപേക്ഷ നൽകാനെത്തിയ കാഴ്ചയില്ലാത്ത അധ്യാപികയെയും കാഴ്ചയില്ലാത്ത ഭർത്താവിനെയും തിരുവല്ല വദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ ഓഫീസിൽ മണിക്കൂറുകളോളം ഇരുത്തി പീഡിപ്പിച്ച സംഭവത്തിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു.

കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശിയുടേതാണ് നടപടി. പൊതുവിദ്യാഭ്യാസ ഡയറക്ടർ സംഭവത്തെ കുറിച്ച് അന്വേഷണം നടത്തി വിശദീകരണം സമർപ്പിക്കാൻ കമ്മീഷൻ നോട്ടീസിൽ നിർദ്ദേശിച്ചു. പത്തനംതിട്ട ആനപ്പാറയിൽ സി. റഷീദ് സമർപ്പിച്ച പരാതിയിലാണ് നടപടി.

തിരുവനന്തപുരം ഭരതന്നൂർ ജി.എച്ച്.എസ്.എസിലെ അധ്യാപികയായിരുന്ന കെ. മണിയെയും കാഴ്ചയില്ലാത്ത ഭർത്താവ് ബാബുവിനെയും അവരുടെ പത്തുമാസം പ്രായമായ കുഞ്ഞിനെയും ഇരുത്തി പീഡിപ്പിച്ചെന്നാണ് പരാതി. മണിയെ വനപ്രദേശമായ ചിറ്റാർ മൺപിലാവ് ഗവ:എൽ.പി. സ്കൂളിലേക്ക് സ്ഥലം മാറ്റിയിരുന്നു. വനപ്രദേശത്തേക്ക് ലഭിച്ച സ്ഥലംമാറ്റം റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടാണ് മണി പത്തനംതിട്ട വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടറെ കാണാനെത്തിയത്. ജൂലൈ 11 നായിരുന്നു സംഭവം. വിശന്ന് കരഞ്ഞ കുഞ്ഞിന് ഓഫീസിലെത്തിയവരാണ് പാൽ വാങ്ങി നൽകിയത്.

രാവിലെ പത്തിനെത്തിയ ദമ്പതികളിൽ നിന്നും അപേക്ഷ വാങ്ങിയത് ഉച്ചക്ക് 2 മണിക്കാണെന്നും പരാതിയിൽ പറയുന്നു.

1995 ലെ ദേശീയ വികലാംഗ നിയമം 46-ാം വകുപ്പ് പ്രകാരമുള്ള സൗകര്യങ്ങളോ സിഗ്നൽ സംവിധാനങ്ങളോ തിരുവല്ല ഡി.ഡി ഓഫീസിലില്ലെന്നും റഷീദ് പരാതിയിൽ പറയുന്നു. സംസ്ഥാനത്തെ മുഴുവൻ ഓഫീസുകളിലും വികലാംഗ നിയമപ്രകാരമുള്ള സിഗ്നൽ സംവിധാനങ്ങൾ സ്ഥാപിക്കണമെന്നും പരാതിയിൽ പറയുന്നു.

# ഡോക്ടർമാരുടെ സമരം; ഉത്തരവാദികൾക്കെതിരെ നടപടിയെടുക്കണം

തിരുവനന്തപുരം: ജൂലൈ 21 മുതൽ സംസ്ഥാനത്ത് നടന്നുവന്നിരുന്ന ഡോക്ടർമാരുടെ നിസഹകരണ സമരത്തിൽ രോഗികൾക്കെന്തെങ്കിലും ബുദ്ധിമുട്ടുണ്ടായിട്ടുണ്ടെങ്കിൽ അതിന് ഉത്തരവാദികളായവരുടെ പേരിൽ നടപടിയെടുക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ്. ജെ.ബി. കോശിയുടെ ഉത്തരവ്.

സമരം എന്തിനുവേണ്ടിയായിരുന്നെന്നും രോഗികൾക്കെന്തെങ്കിലും ബുദ്ധിമുട്ടുണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ സർക്കാരും കേരളഗവൺമെന്റ് മെഡിക്കൽ കോളേജ് ടീച്ചേഴ്സ് അസോസിയേഷനും അറിയിക്കണമെന്ന് കമ്മീഷൻ ഉത്തരവിൽ പറയുന്നു. ആഗസ്റ്റ് 18 നകം റിപ്പോർട്ട് സമർപ്പിക്കണം. കേസ് ആഗസ്റ്റ് 25 ന് കമ്മീഷൻ ആസ്ഥാനത്ത് നടക്കുന്ന സിറ്റിംഗിൽ പരിഗണിക്കും. സർക്കാർ ഡോക്ടർമാരുടെ സേവനം അവശ്യസർവീസാണ്. ജീവിക്കാനുള്ള അവകാശം ഭരണഘടന വിഭാവനം ചെയ്തിട്ടുള്ളതാണെന്നും ഉത്തരവിൽ പറയുന്നു. പൊതുജനങ്ങളിൽ നിന്നും പിരിക്കുന്ന നികുതി പണം ഉപയോഗിച്ചാണ് ഡോക്ടർമാർക്ക് ശമ്പളം നൽകുന്നത്. സർക്കാർ, നയം രൂപീകരിക്കുമ്പോൾ യൂണിയനുകളെയെല്ലാം തൃപ്തിപ്പെടുത്താൻ കഴിഞ്ഞെന്നു വരില്ല. സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടാൻ കഴിയാത്തവരാണ് സർക്കാർ ആശുപത്രികളെ അഭയം പ്രാപിക്കുന്നത്. പാവപ്പെട്ട രോഗികളുടെ ചികിത്സക്ക് ആരുതടസം നിന്നാലും അത് നിയമപരമായും ധാർമ്മികമായും തെറ്റാണെന്ന് ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു.

ആരോഗ്യനിയമ സംരക്ഷണ പ്രതികരണവേദി ചെയർമാൻ പി.കെ. രാജു സമർപ്പിച്ച കേസിലാണ് ഉത്തരവ്.

# വാടക കെട്ടിടങ്ങളിലുള്ള ഓഫീസുകൾ സ്വരാജ് ഭവനിലേക്ക് മാറിയില്ലെങ്കിൽ വാടകയുടെ ഉത്തരവാദിത്വം ഉദ്യോഗസ്ഥർക്ക്


ജസ്റ്റിസ് ജെ.ബി. കോശി

**തി**രുവനന്തപുരം: തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ആസ്ഥാനമന്ദിരമായ സ്വരാജ് ഭവനിലേക്ക്, ഇപ്പോൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ വർഷാവസാനത്തിനു മുമ്പ് മാറിയില്ലെങ്കിൽ വാടകയുടെ ഉത്തരവാദിത്വം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കായിരിക്കുമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിട്ടു.

2011 ലാണ് നന്തൻകോട് സ്വരാജ്ഭവന്റെ ഉദ്ഘാടനം നടന്നത്. ലക്ഷങ്ങൾ ചിലവിട്ട് നിർമ്മിച്ച കെട്ടിടമാണ് ഇത്. ഉത്ഘാടനം കഴിഞ്ഞ് വർഷങ്ങൾ കഴിഞ്ഞിട്ടും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പല ഓഫീസുകളും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. സ്വന്തം കെട്ടിടം ഉള്ളപ്പോൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നത് പൊതുജനങ്ങളുടെ പണം ദുർവിനിയോഗിക്കലാണെന്ന് കമ്മീഷൻ നിരീക്ഷിച്ചു. ഇത് കടുത്ത മനുഷ്യാവകാശ ലംഘനമാണ്.

വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ ആസ്ഥാന മന്ദിരത്തിലേക്ക് മാറാൻ വിമുഖത കാണിക്കുന്നതായി തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി കമ്മീഷനെ അറിയിച്ചു.

ഇവർക്കു വേണ്ടി ഓഫീസ് പുനഃക്രമീകരിച്ചിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തതയും സാങ്കേതിക തടസങ്ങളും കാരണമാണ് ഓഫീസുകൾ മാറാത്തതെന്നും തദ്ദേശ സെക്രട്ടറി കമ്മീഷനെ അറിയിച്ചു.

2011 ൽ ഉദ്ഘാടനം ചെയ്ത കെട്ടിടം നാലുകൊല്ലമായിട്ടും ഫർണിഷ് ചെയ്തിട്ടില്ലെന്ന് പറയുന്നത് ഉദ്യോഗസ്ഥരുടെ കഴിവില്ലായ്മയോ വകുപ്പിന്റെ ഉദാസീനതയോ കാരണമാകാമെന്നും ജസ്റ്റിസ് ജെ.ബി. കോശി നിരീക്ഷിച്ചു. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ അടിയന്തിരമായി സ്വന്തം കെട്ടിടത്തിലേക്ക് മാറണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു. ഉത്തരവ് തദ്ദേശ സെക്രട്ടറിക്ക് കൈമാറി. കിളിമാനൂർ അജിത്ത് സമർപ്പിച്ച പരാതിയിലാണ് നടപടി.

# സ്വകാര്യാശുപത്രിയുടെ ഇ.എസ്. ഐ. അംഗീകാരം പിൻവലിക്കണം


ആർ. നടരാജൻ

**കൊ**ല്ലം :ഇ. എസ്.ഐ അംഗീകാരമുള്ള തിരുവനന്തപുരത്തെ മെഡിട്രീന ആശുപത്രിയെ എംപാനൽഡ് പട്ടികയിൽ നിന്നും ഒഴിവാക്കാൻ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ ഇ.എസ്.ഐ കോർപ്പറേഷന് നിർദ്ദേശം നൽകി.

ഇ.എസ്.ഐ ആനുകൂല്യങ്ങൾക്ക് അർഹതയുള്ള പെട്രോൾ പമ്പ് ജീവനക്കാരനെ ഇ.എസ്.ഐ. കൺസൾട്ടന്റായ ഡോക്ടർ സ്വന്തം സ്വകാര്യാശുപത്രിയിൽ ചികിത്സിച്ചതിനാണ് ആശുപത്രിയുടെ ഇ.എസ്.ഐ. അംഗീകാരം എടുത്തുകളയാൻ കമ്മീഷൻ നിർദ്ദേശം നൽകിയത്. കൊല്ലം ചന്ദനത്തോപ്പ് അജിനിവാസിൽ അജി. എസ്.ജി സമർപ്പിച്ച പരാതിയിലാണ് നടപടി.

ഇടതുകാൽമുട്ടിനു താഴെ വേദനയുണ്ടായതിനെ തുടർന്ന് അജി കൊല്ലം ഇ.എസ്.ഐ ആശുപത്രിയിൽ ചികിത്സ തേടിയിരുന്നു. കാലിൽ ബ്ലോക്കുണ്ടെന്നും ഹൃദ്രോഗവിഭാഗത്തെ കാണിക്കണമെന്നും ആവശ്യപ്പെട്ട് ഇ.എസ്.ഐ. ആശുപത്രി അധികൃതർ അജിയെ ഇ.എസ്. ഐ. കൺസൾട്ടന്റ് കൂടിയായ തിരുവനന്തപുരം മെഡിട്രീന ആശുപത്രിയുടെ മാനേജിംഗ് ഡയറക്ടർ ഡോ. എൻ. പ്രതാപ്കുമാറിന് സമീപം അയക്കുകയായിരുന്നു.

തന്നിൽ നിന്നും അദ്ദേഹം 23,000 രൂപ ഈടാക്കിയ ശേഷം വേണ്ടത്ര ചികിത്സ നൽകാതെ മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുകയായിരുന്നുവെന്ന് അജി പരാതിയിൽ പറഞ്ഞു. ഇപ്പോൾ തന്റെ കാൽപാദത്തിന്റെ ചലനശേഷി പൂർണ്ണമായും നഷ്ടപ്പെട്ടെന്നും പരാതിയിൽ പറയുന്നു. ഇ.എസ്.ഐ ആനുകൂല്യത്തിന് അർഹരായ രോഗികളെ ഇ.എസ്.ഐ. അധികൃതർ സ്വകാര്യ ആശുപത്രിയിലേക്കയക്കുന്നത് പതിവാണെന്നും പരാതിയിൽ പറയുന്നു. എന്നാൽ എതിർകക്ഷി ഡോ. പ്രതാപ്കുമാർ ആരോപണങ്ങൾ നിഷേധിച്ചു.

പരാതിക്കാരനെ സർക്കാർ ആശുപത്രിയിലേക്ക് അയക്കുന്നതിനുപകരം സ്വകാര്യ ആശുപത്രിയിലേക്കയച്ചത് തെറ്റാണെന്ന് കമ്മീഷൻ നിരീക്ഷിച്ചു. ഇക്കാര്യം ഇ.എസ്.ഐ. അധികൃതർ കമ്മീഷൻ മുമ്പാകെ സമ്മതിച്ചു. ഭാവിയിൽ ഇത്തരം ആരോപണങ്ങൾ ഒഴിവാക്കണം.

സ്വകാര്യാശുപത്രിയിലും മെഡിക്കൽ കോളേജിലും ചിലവായ തുക അജിക്ക് മടക്കിനൽകാൻ ഇ.എസ്.ഐ കോർപ്പറേഷൻ നടപടിയെടുക്കണം.

അജികുമാറിന് ഭാവിയിലുണ്ടാകുന്ന ചികിത്സാ ചെലവുകളും കോർപ്പറേഷൻ വഹിക്കണമെന്ന് കമ്മീഷൻ അംഗം ആർ. നടരാജൻ ഉത്തരവിൽ നിർദ്ദേശിച്ചു.

# കെ.ഇ. ഗംഗാധരൻ വിരമിച്ചു

സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം കെ.ഇ. ഗംഗാധരൻ വിരമിച്ചു. 2009-ൽ തലശ്ശേരി കോടതിയിൽ അഭിഭാഷകനായിരിക്കെയാണ് അദ്ദേഹം കമ്മീഷനിൽ നോൺ ജുഡീഷ്യൽ അംഗമായത്.


കെ.ഇ. ഗംഗാധരന് ജസ്റ്റിസ് ജെ.ബി. കോശി ഉപഹാരം നൽകുന്നു. കമ്മീഷൻ അംഗം ആർ. നടരാജൻ സമീപം.

നിരവധി ശ്രദ്ധേയമായ ഉത്തരവുകൾ ഗംഗാധരന്റേതായുണ്ട്. എൻഡോസൾഫാൻ ഇരകൾക്കുള്ള നഷ്ടപരിഹാരം, കോഴിക്കോട് ഒളികൃാമറാ വിവാദം, മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ, തളിപറമ്പ് രാജരാജേശ്വര ക്ഷേത്രത്തിലെ അയിത്തം, അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ ശമ്പളപരിഷ്ക്കരണം, ആദിവാസികൾക്കിടയിലെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം, ആദിവാസി പട്ടയം, അംഗൻവാടി ജീവനക്കാരുടെ ശമ്പളം തുടങ്ങിയ വിഷയങ്ങളിൽ കെ.ഇ. ഗംഗാധരൻ പാസാക്കിയ ഉത്തരവുകൾ ശ്രദ്ധേയമാണ്. അശരണരായ ജനവിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള നിരന്തര ശ്രമങ്ങളും അദ്ദേഹത്തിന്റെ ഭാഗത്തു നിന്നുമുണ്ടായിട്ടുണ്ട്.

വയനാട്, കണ്ണൂർ, കാസറഗോഡ്, കോഴിക്കോട്, മലപ്പുറം ജില്ലകളുടെ ചുമതലയാണ് മനുഷ്യാവകാശ കമ്മീഷനിൽ കെ.ഇ. ഗംഗാധരനുണ്ടായിരുന്നത്. അടിയന്തരാവസ്ഥ കാലത്ത് അദ്ദേഹം ജയിൽശിക്ഷ അനുഭവിച്ചിരുന്നു. നേരത്തെ ജില്ലാ പബ്ളിക് പ്രോസിക്യൂട്ടറായിരുന്നു. അഴീക്കോടൻ രാഘവന്റെ മകൾ ഡോ. സുധയാണ് ഭാര്യ. തലശ്ശേരി സ്വദേശിയാണ്. കമ്മീഷനിൽ നടന്ന യാത്രയയപ്പിൽ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി ഗംഗാധരന് ഉപഹാരം നൽകി. കമ്മീഷൻ അംഗം ആർ. നടരാജൻ, സെക്രട്ടറി സി. കെ.പത്മാകരൻ എന്നിവർ പ്രസംഗിച്ചു.



**ഒരു കൗതുകക്കാഴ്ച:** തിരുവനന്തപുരത്ത് ഒരു പൊതുചടങ്ങിൽ ജസ്റ്റിസ് ജെ.ബി.കോശിയുമായി സംസാരിക്കുന്ന സുനിൽ ഗവാസ്ക്കർ